പത്രാധിപർ—എൻ. കെ. കൃഷ്ണപിള്ള

# സർവ്വീസ്

നായർ സർവ്വീസ് സൊസൈററി വകയായി

പ്രസിദ്ധംചെയ്യുന്നതു്

| പുസ്തകം 22 | ചങ്ങനാശ്ശേരി, 1122 കുംഭം | ലക്കം 9 |
|---|---|---|

സഹനാവവതു സഹനൗഭുനക്തു - സഹവീര്യം കരവാവഹൈ

തേജസ്വിനാവധീതമസ്തു-മാവിദ്വിഷാവഹൈ.

തൈത്തരീയാരണ്യകമന്ത്രം

നാമൊരുമിച്ചു രക്ഷിക്കപ്പെടട്ടെ, നാം ഒരുമിച്ചു ഭോഗങ്ങൾ അനുഭവിക്കപ്പെടട്ടെ.

നാമൊരുമിച്ചു വീരകർമ്മങ്ങൾ ചെയ്യട്ടെ, നമ്മുടെ ജ്ഞാനം പ്രകാശമാനമായിഭവിക്കട്ടെ,

നാം പരസ്പരം ദ്വേഷിക്കാതിരിക്കട്ടെ

വാർഷികവരിസംഖ്യ 5 ബ്രി. രൂ.    ഒററപ്രതി 8 ണ

# വിഷയവിവരം

പുറം


1. ശ്രീ യൂണിവേഴ്സിററിക്ലാസ് 387

2. ലോകഗതി

(a) ബ്രിട്ടൻ തീയതി നിശ്ചയിച്ചു 388

(b) വിഷമങ്ങളിനിയും തീരുന്നില്ല. 388

(c) വൈസ്രോയിമാററം 389

(d) താൽക്കാലികഗവമ്മെൻറ് 390

(e) നാട്ടുരാജ്യങ്ങൾ 390

(f) ബ്രിട്ടീഷ്നയത്തിൻെറ വൈശിഷ്ട്യം 391

(g) സാമ്പത്തികാധഃപ്പതനം 391

(h) നിയന്ത്രണം 392

(i) കത്തോലിക്കരും പ്രാഥമികവിദ്യാലയവും 392

(j) പരേതനായ ദിവാൻബഹദൂർ രാജ്യസേവാധുരന്ധര വി. എസ്സ്. സുബ്രഹ്മണ്യയ്യർ അവർകൾ 392

(k) എൻ. എസ്. എസ്. കൌൺസിൽയോഗം 393

3. എക്സിക്യൂട്ടീവിനു വകുപ്പുകളുടെമേൽ പൂർണ്ണാധികാരം 394

4. റഷ്യയുടെ മറുവശം (രാജശേഖരൻ) 395

5. അഞ്ചുതെങ്ങും തങ്കശ്ശേരിയും (എൻ. കെ) 397

6 മതവും പ്രേമവും (പദ്യം) (എം. എസ്. ചന്ദ്രശേഖരവാര്യർ) 399

7. രാമചരിതമാനസം (എൻ. എം. പി) 400

8. കവനാഞ്ജലി (ഒരു ആസ്വാദനം) (വിദ്വാൻ വട്ടോളി കൊച്ചുകൃഷ്ണൻനായർ) 402

9. ജാഗലാൽ ചൌധുരി (പി. കെ. വാസുദേവൻനായർ B. A. പെരുന്ന) 403

10. കഷ്കാംഗന (പദ്യം) (കവിയൂർ എം. ജി) 405

11. രാഗിണി-ചെറുകഥ (പെരുന്ന കെ. ആർ പണിക്കർ) 406

12. സല്ലാപം (പദ്യം) (സാഹിത്യവിശാരദൻ കെ. സി. ഗോപാലപ്പണിക്കർ) 412

13. ഭടൻെറ പുത്രൻ ചെറുകഥ (മതിൽഭാഗം ചന്ദ്രശേഖരൻനായർ) 413

14. ചെറുകഥകളും പേരുകളും (പി. രാമക്കയ്മൾ മണക്കാട്) 416

15. വാർദ്ധക്യത്തിൻെറയുവത്വം- [പദ്യം] (കവിയൂർ രാഘവക്കുറുപ്പ്) 417

16. കലാവിലാസിനി (പദ്യം) [തൃക്കൊടിത്താനം ഗോപിനാഥൻനായർ] 418

17 തിരുവിതാംകൂറിൻെറ സ്വാതന്ത്ര്യസാദ്ധ്യത (ദിവാൻജിഅവർകളുടെ പ്രഖ്യാപനം) 420

18 ഐക്യഭാരതം (പദ്യം) (മാന്നാർ മാധവൻനായർ) 425

19. ഇൻഡ്യയുടെ ഏകാന്തത. 426

20. നമ്മുടെ സ്വാതന്ത്ര്യം 427

# സർവീസ്

| പുസ്തകം 23 | ചങ്ങനാശേരി, 1122 കുംഭം | ലക്കം 10 |
|---|---|---|


## പ്രീയൂണിവേഴ്സിററിക്ലാസ്

ചങ്ങനാശേരിയിൽ അടുത്ത കാളെജ് വർഷാരംഭത്തിൽ എൻ. എസ് എസ്. ഹിന്ദുപ്രീയൂണിവേഴ്സിററി കാളേജാരംഭിക്കുവാൻ തി[illegible]താംകൂർ സർവകലാശാല അനുവദിച്ചിരിക്കുന്നു. അതനുസരിച്ചു കാളേജ് [illegible]ടങ്ങുവാൻ എൻ എസ്. എസ് കൗൺസിൽ തീരുമാനിക്കുകയും അ[illegible] [illegible] സജ്ജീകരണങ്ങൾക്ക് ഏപ്പാടുചെയ്യുകയും ചെയ്തിരിക്കുന്നു

# ലോകഗതി

## ബ്രിട്ടൻ തീയതി നിശ്ചയിച്ചു

1948 ജൂണിനുമുമ്പ്, അതായത്തു അടുത്തകൊല്ലം മിഥുനമാസത്തിനുമുമ്പ്, ഉത്തരവാദിത്വമുള്ള ഭാരതീയ ഹസ്തങ്ങളിലേക്ക ഭരണാധികാരം പരിപൂർണ്ണം വിട്ടുകൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു എന്നു ബ്രിട്ടീഷ്പ്രധാനമന്ത്രി മി. ആറ്റ്ലി അസന്നിഗ്ദ്ധഭാഷയിൽ ഈ മാസം എട്ടാംതീയതി പാർലമെൻറിൽ പ്രഖ്യാപനം ചെയ്തിരിക്കുന്നു. ഇതുനാളും ബ്രിട്ടൻെറ ഉദ്ദേശശുദ്ധിയെ ആശങ്കയോടെ വീക്ഷിക്കയും വിമർശിക്കയും ചെയ്തിരുന്നപല സംഘടനകളും വ്യക്തികളുമുണ്ടായിരുന്നു. ഭാരതസ്വാതന്ത്ര്യസമരം ജീവിതവ്രതമായി സ്വീകരിച്ചു മഹാക്ലേശങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന മഹാത്മജിയെപ്പോലുള്ള മഹാത്യാഗികളുടെ ഉറപ്പിനെപ്പോലും അവിശ്വസിച്ച് ആ കൂട്ടർ ആശങ്കകൾ പ്രകടിപ്പിച്ചുകൊണ്ടിരുന്നു. അതിൻെറ മാറെറാലികൾ ഇൻഡ്യയിൽ മാത്രമല്ല പല വിദേശമണ്ഡലങ്ങളിലും പല അപശബ്ദങ്ങളുണ്ടാക്കിയിട്ടുണ്ടു്. ഈ പ്രഖ്യാപനം മൂലം അതെല്ലാം അസ്തമിച്ചിരിക്കുന്നു.

എന്നല്ല ഈ പ്രഖ്യാപനത്തെ തുടർന്നു പാർലമെൻറിൽ രണ്ടു സഭയിലുമുണ്ടായ ചർച്ചകൾ ലേബർ ഗവർമ്മെൻറിൻെറ ഉദ്ദേശത്തിൻെറ ശുദ്ധിയും ശക്തിയും സുവ്യക്തമാക്കുന്നുണ്ടു്. മി. ചർച്ചിലും കൂട്ടരും ഗവർമ്മെൻറിനെ അവതാളത്തിലും ആക്ഷേപത്തിലുമാക്കുന്നതിനു വളരെ പണിപ്പെട്ടു് അവർതന്നെ അധിക്ഷേപ്യരാവുകയാണുണ്ടായതു്.

## വിഷമം ഇനിയും തീർന്നില്ല

ഇൻഡ്യ വിടുവാൻ ബ്രിട്ടീഷ്ഗവമ്മെൻറു തീയതി നിശ്ചയിച്ചതുകൊണ്ടു് ഇൻഡ്യയുടെ വിഷമം തീർന്നിട്ടില്ല. ബ്രിട്ടൻ ഇൻഡ്യവിട്ടാലും ഇൻഡ്യയുടെ സ്വാതന്ത്ര്യമൊ സ്വൈരതയൊ സുരക്ഷിതമെന്നുള്ള നിലയാകുന്നുമില്ല. തലസ്ഥാന സാമീപ്യവും അതിർത്തിസാമീപ്യവും കൊണ്ടു് കൂടുതൽരാഷ്ട്രീയപ്രാധാന്യമുള്ളതായി പരിണമിച്ചിട്ടുള്ള ഉത്തരേന്ത്യാ കഴിഞ്ഞ ഏഴുമാസമായി നടത്തിക്കൊണ്ടിരിക്കുന്ന വർഗ്ഗീയ ലഹള കൊള്ള, കൊല, സ്ത്രീകളുടെ മാനഭംഗം, നിർബന്ധിച്ചുള്ള മതംമാററം, സകലതും തീവച്ചു നശിപ്പിക്കുക തുടങ്ങിയ ഭയങ്കരതകളോടുകൂടി ഇന്നും തുടർന്നുകൊണ്ടിരിക്കുന്നതെയൊള്ളു. പാകിസ്ഥാനവശ്യം സാദ്ധ്യതകളുമുണ്ടായിരുന്നെങ്കിൽ, അതെല്ലാംമുസ്ലീം ലീഗിൻെറ ന്യൂനപക്ഷവർഗ്ഗത്തോടുകൂടിയ ആക്രമപ്രവർത്തനങ്ങൾകൊണ്ടു പരിപൂർണ്ണം തകർന്നു കഴിഞ്ഞിരിക്കുന്നു. എങ്കിലും പാകിസ്ഥാൻ ശബ്ദം ഉരുക്കഴിച്ചുകൊണ്ടു ലിഗ് പരിസരവിസ്മൃതിയിൽ കഴിയുകയാണു്. മുസ്ലിങ്ങളുൾപ്പെടെയുള്ള എല്ലാ ന്യൂനപക്ഷങ്ങളും കാൺഗ്രസ്സിലുണ്ടെങ്കിലും, മുസ്ലിംഭൂരിപക്ഷ പ്രവിശ്യകൾപോലും കാൺഗ്രസ് ഭരണത്തിലുണ്ടെങ്കിലും, കാൺഗ്രസ്സിനെ വെറും ഹിന്ദുസംഘടനയായി നിർദ്ദേശിക്കുന്നതിൽ വാശിപിടിക്കുന്ന ലീഗു് കാൺഗ്രസുമായി എല്ലാത്തിലും നിസ്സഹകരിക്കുന്നനയംഇപ്പോഴും മുറുകെപ്പിടിച്ചുകൊണ്ടാണിരിക്കുന്നതു്. കാബിനററിലും കാനേസംബ്ളിയിലുംനിസ്സഹകരിച്ചു നിൽക്കുന്ന ലീഗു് ഇപ്പോൾ വെറും സംസ്കാരപരമായ സമസ്തേന്ത്യാസമ്മേളനത്തിലും നിസ്സഹകരിക്കാൻ നിശ്ചയിച്ചിരിക്കുന്നു.

ഇത്തരം ലീഗിനെ അസാദ്ധ്യമായ പാകിസ്ഥാൻ കൊടുത്തു പ്രീണിപ്പിച്ചു യോജിപ്പിക്കുവാൻ ആർക്കും സാദ്ധ്യമല്ല. ലീഗിനെ വിഗണിക്കാവുന്നതുമല്ല. എന്തെന്നാൽ ഇൻഡ്യയിലെ അതിപ്രധാന ന്യൂനപക്ഷമായ മുസ്ലിങ്ങളെ ഏറവും കൂടുതൽ പ്രതിനിധീകരിക്കുന്ന പ്രധാന സംഘടനയാണതു്. ഇതുനാളും ബംഗാളിലും സിൻഡിലും മാത്രം ഭരണകക്ഷിയായിരുന്ന ലീഗ് ഇപ്പോഴത്തെ വർഗ്ഗീയലഹളയുടെ ഫലമായി പഞ്ചാബിലും ഭരണാധികാരം കരസ്ഥ

മാക്കിയിരിക്കുന്നു. അതിനുവേണ്ടി തന്നെയാണ് അതിർത്തിപ്രാവിൻസുകളിലും അവർ ഭീകരപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ വർഗ്ഗീയ ലഹളയിൽ ലീഗിനു വിജയം വർദ്ധിക്കുന്തോറും അതിന്റെ സ്വാധീനമണ്ഡലങ്ങളും പാകിസ്ഥാനും സിക്കിസ്ഥാനും ഹിന്ദുസ്ഥാനുമായി വിഭജിക്കണമെന്നുള്ള വാദത്തിനു ന്യായവും ശക്തിയും കൂടിക്കൂടി വരുന്നതേയുള്ളു.

വർഗ്ഗീയരക്ഷയ്ക്കുവേണ്ടി ഇൻഡ്യ വിഭജിക്കണമെന്നവാദമുന്നതിനെ ഇതുവരെ എതിർത്തിട്ടുള്ള കാൺഗ്രസ്സ് ഇപ്പോൾ പഞ്ചാബിനെ പാകിസ്ഥാനും സിക്കിസ്ഥാനുമായി വിഭജിക്കുവാൻ അനുകൂലിച്ചിട്ടുണ്ട്. എന്നാൽ പഞ്ചാബിനെ സമാധാനരക്ഷണത്തിനുവേണ്ടി മൂന്നായിതിരിക്കുവാൻ പണ്ഡിത് നെഹ്രു ഉപദേശിച്ചിരിക്കുന്നു. ബംഗാളും പാകിസ്ഥാനും ഹിന്ദുസ്ഥാനുമായി വിഭജിക്കുവാൻ ബലമായ വാദം നടക്കുന്നുണ്ട്. വിഭജനം വർഗ്ഗീയ വഴക്കിനു പരിഹാരമാകയില്ലെന്നാണു മഹാത്മജിയുടെ അഭിപ്രായം. എന്നാൽ മുസ്ലിം പ്രാവിൻസുകളിൽ പാകിസ്ഥാൻ ഏതെങ്കിലും രൂപത്തിൽ അനുവദനീയമെങ്കിൽ അവിടെ സിക്കിസ്ഥാനും ഹിന്ദുസ്ഥാനും അനുവദിക്കാതിരിക്കാൻ നിവൃത്തിയില്ല. അപ്പോൾ താരതമ്യേന നിർധനവും അപരിഷ്കൃതവും ആയി അവിടവിടെ ചില പ്രദേശങ്ങളായിരിക്കും പാകിസ്ഥാനായി പരിണമിക്കുന്നത്. എന്തെന്നാൽ ബംഗാളിന്റെ ഒരു വിഭാഗം, പഞ്ചാബിന്റെ ഒരു പകുതി, സിൻഡ്, ഇത്രയും ഭാഗങ്ങൾ മാത്രമേ ഇപ്പോൾ ലീഗിന്റെ സ്വാധീനത്തിലുള്ളു. ഇങ്ങനെ വിഷമതകൾ വർദ്ധിച്ചും ശക്തികുറഞ്ഞും വരുന്നതാണെങ്കിലും പാകിസ്ഥാൻ വാദത്തിനു ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ പ്രഖ്യാപനം പ്രോത്സാഹനം കൊടുത്തിട്ടുണ്ട്.

എല്ലാ കക്ഷികളും ചേർന്നുള്ള കാൺസംബ്ളി മുഖാന്തരം സുസമ്മതമായ ഒരു ഭരണഘടനയുണ്ടാക്കുവാൻ 1948 ജൂണിനു മുമ്പ് ഇൻഡ്യാക്കാർക്കു സാധിക്കുന്നില്ലെങ്കിൽ, കേന്ദ്രഭരണം, ഏതെങ്കിലും രൂപത്തിൽ ഒന്നായിട്ട് ഒരു സംഘത്തിനോ, ചില സ്ഥലങ്ങളിൽനിലവിലിരിക്കുന്ന പ്രവിശ്യാഗവൺമെന്റുകൾക്കോ, അല്ലെങ്കിൽ മറ്റേതെങ്കിലും ഗുണകരമായ രൂപത്തിലോ എങ്ങനെയാണ് ഏൽപ്പിക്കേണ്ടതെന്നുള്ളത് അപ്പോൾ തീരുമാനിക്കുന്നതാണെന്നാണ് പ്രധാനമന്ത്രി പറഞ്ഞിരിക്കുന്നത്. അതുകൊണ്ടു മുസ്ലിംലീഗ് കാൺസംബ്ളിയിൽ ചേരാതിരുന്നാൽ സുസമ്മതമായ ഭരണഘടന ഉണ്ടാവുകയില്ലെന്നു പ്രത്യക്ഷമാണ്. അപ്പോൾ കേന്ദ്രഭരണം ഒരുമിച്ചൊരു സംഘത്തിനു കൊടുക്കയില്ലെന്നും പാകിസ്ഥാൻ പ്രാവിൻസുകൾക്കു സ്വതന്ത്രമായ പരമാധികാരം കിട്ടുവാനിടയുണ്ടെന്നും അനുമാനിക്കുവാൻ ഈ പ്രസ്താവന ഇടകൊടുക്കുന്നുണ്ട്.

## വൈസ്രായിമാററം

വൈസ്രായിവേവൽപ്രഭു മാറുന്നു. മൗണ്ട്ബാറ്റൻപ്രഭു പകരം വരുന്നു. 1948 ജൂണിനു ഇനി 14 മാസമേയുള്ളു. ഈ ചുരുങ്ങിയ കാലത്തിനിടയ്ക്ക് പഴകിയ ഒരു വൈസ്രായിയെമാറ്റി പുതിയ ഒരാളെ നിയമിക്കേണ്ടതായിവന്നതു് ലേബർ ഗവൺമെന്റിന്റെ നയം ഈ അതിപ്രധാനഘട്ടത്തിൽ അനുസരിക്കുന്നതിനു വേവൽപ്രഭു മതിയാകാഞ്ഞിട്ടാണെന്നു പ്രത്യക്ഷമാകുന്നു. വേവൽപ്രഭു യാഥാസ്ഥിതിക ഗവർമ്മെന്റിന്റെ ആളാണ്. ഒരു യാഥാസ്ഥിതികന്റെ അത്യുദാരമായ അനുഭാവം ഇൻഡ്യാഭരണത്തിൽ വേവൽപ്രഭു പ്രകടിപ്പിച്ചിട്ടുണ്ടെങ്കിലും മുസ്ലിംലീഗിനു അത്രയും വളം കൊടുത്തതും ഇന്നത്തെ വർഗ്ഗീയലഹളകൾക്കെല്ലാം പ്രത്യക്ഷകാരണക്കാരായ ലീഗ്കക്ഷിയെ അക്ഷോഭ്യനായി തലോടിക്കൊണ്ടിരുന്നതും അദ്ദേഹമാണ്. കാൺസംബ്ളിയിൽ സഹകരിക്കും എന്ന വ്യവസ്ഥയിലാണു ലീഗിനു് ഇടക്കാലഗവൺമെന്റിൽ സ്ഥാനം കൊടുക്കുന്നതെന്നു വേവൽപ്രഭു രേഖാമൂലം കാൺഗ്രസിനു് ഉറപ്പുകൊടുത്തിട്ടുണ്ട്. എന്നാൽ കാൺസംബ്ളിയെ ധിക്കരിച്ചുകൊണ്ടിരിക്കുന്ന ലീഗിനെ ഇടക്കാലഗവൺമെന്റിൽ കാൺഗ്രസുമായി നിസ്സഹകരിച്ചുകൊണ്ടു തുടരുവാനാണു് അദ്ദേഹം അനുവദിച്ചിരി

ക്കുന്നതു്. അതിനപ്പുറത്തിനു യാതൊരു സമാധാനവുമില്ല. ആരംഭംമുതൽ ഏറെക്കുറെ ലീഗ് പക്ഷപാതിയായിട്ടാണു് അദ്ദേഹം പെരുമാറിയിട്ടുള്ളതു്.

എന്നാൽ മൗണ്ട്ബാററൻ പ്രഭുവിന്റെ നിയമനത്തോടെ യാഥാസ്ഥിതിക കക്ഷിയുമായി ഇടഞ്ഞുകൊണ്ടാകുന്നു. ഇതുവരെ യാഥാസ്ഥിതിക കക്ഷിയെക്കൂടി സമ്മതം കൊള്ളിക്കുന്ന ഒരു നയമാണു ലേബർകക്ഷി അനുവർത്തിച്ചിരുന്നതു്. ഇന്ത്യാനയത്തിൽ മാത്രമല്ല തൊഴിലാളിഗവർമ്മെന്റിന്റെ മൗലികാദർശങ്ങളിലൊന്നിലും അതു സാദ്ധ്യമല്ലെന്നു് ഇപ്പോൾ പ്രത്യക്ഷമായിക്കഴിഞ്ഞു. അതിനാൽ പല മാററങ്ങൾ ഇൻഡ്യയിലും അടുത്തുതന്നെ വരുവാനിടയുണ്ടു്. മുസ്ലിംലീഗിനോടുള്ള ദാക്ഷിണ്യനയം ഇനിയാരും തുടരുവാനുണ്ടാകയില്ല. ഏതുരൂപത്തിലെങ്കിലും ശരിപ്രാതിനിധ്യമുള്ള ഒരു സെൻട്രൽ ഗവണ്മെന്റുണ്ടാക്കി ആ ഗവണ്മെന്റിനെ ഭരണമേല്പിക്കുവാൻ പുതിയ വൈസ്രായി പരിശ്രമിക്കുന്നതാണു്.

## താൽക്കാലിക ഗവണ്മെന്റ്

വരുന്ന പതിനാലുമാസത്തിനകം എല്ലാകക്ഷികളും യോജിച്ചു സമ്മതമായ ഒരു ഭരണഘടന പൂർത്തിയാക്കുവാൻ സാധിക്കുന്നില്ലെങ്കിൽ 1948 ജൂണിൽ ഇന്നത്തെപ്പോലെ ഒരു താൽക്കാലിക ഗവണ്മെന്റിനെ ഭരണമേൾപ്പിച്ചു, ബാക്കിയുള്ളതു പൂർത്തിയാക്കാൻ അവരെ ഏർപ്പെടുത്തി ബ്രിട്ടൻ ഇൻഡ്യവിടുമെന്നാണു ഇൻഡ്യാസിക്രട്ടറി പെത്തിക്ലാറൻസ് പ്രഭു സഭയിൽ പ്രസ്താവിച്ചിരിക്കുന്നതു്. അധികാരക്കൈമാററം ഒരുദിവസംകൊണ്ടോ മാസംകൊണ്ടോ നടത്താവുന്ന ഒരു നിസ്സാരകാര്യമല്ല. അതുകൊണ്ടു് ഇന്നത്തെ ഇടക്കാലഗവർമ്മെന്റിനെ കൂട്ടുത്തരവാദിത്വമുള്ള ഒരു മന്ത്രിസഭയാക്കുവാനും ആ മന്ത്രിസഭയെ തൽക്കാലഗവൺമെന്റായി ഗണിച്ചു് അധികാരക്കൈമാററത്തിനുള്ള നടപടികൾ നേരത്തെ ഇടങ്ങുവാനും പുതിയ വൈസ്രായി നിർബന്ധിതനാണു്. ലീഗ് മെമ്പറന്മാരും കാൺഗ്രസ് മെമ്പറന്മാരും സംയുക്തച്ചുമതലയില്ലാതെ ഭിന്നിച്ചുനില്ക്കുന്ന ഒരു ഇടക്കാല ഗവൺമെന്റാണു വേവൽ പ്രഭുവിന്റെ നേട്ടം. ആ ഗവർമ്മെന്റിന്റെ മന്ത്രിസഭയെ കൂട്ടുത്തരവാദിത്വമുള്ളതാക്കുക എന്നുവച്ചാൽ മുസ്ലിം ലീഗ് നെഹ്റുമന്ത്രിസഭ എന്ന പേരിനോടുപോലും അവജ്ഞയും, മറെറല്ലാവരോടും നിസ്സഹകരണവും, വൈസ്രായിയോടുമാത്രം ഭക്തിയും അനുവർത്തിക്കുന്ന നയം ഉപേക്ഷിക്കുകയോ ഇടക്കാലഗവൺമെന്റിൽനിന്നു പിരിയുകയോ ആയിരിക്കും ഫലം. അധികാരമേറെറടുക്കുവാനുള്ള ഇടക്കാലഗവൺമെന്റിൽനിന്നു പിരിഞ്ഞുപോകത്തക്ക മൗഢ്യം മുസ്ലിംലീഗിനൊരിക്കലും ഉണ്ടാകയില്ല. അതിനാൽ താമസിയാതെ ഇടക്കാലഗവർമ്മെന്റിൽ ഒരു സംയുക്തമന്ത്രിസഭയെ കാണുവാൻ സാധിക്കുമെന്നാണു പ്രതീക്ഷിക്കേണ്ടതു്.

## നാട്ടുരാജ്യങ്ങൾ

ബ്രിട്ടൻ ഇൻഡ്യവിട്ടാൽ നാട്ടുരാജ്യങ്ങളെല്ലാം സ്വതന്ത്ര സംസ്ഥാനങ്ങളാകുന്നതാണു്. ഭാവിയിലെ ഇൻഡ്യാ യൂണിയനു ബ്രിട്ടീഷ് ഗവർമ്മെന്റിനു വഹിക്കുന്ന അധീശാധികാരം ഉണ്ടായിരിക്കണമെന്നുള്ള ചിലരുടെ വാദങ്ങളെയെല്ലാം പണ്ഡിത് നെഹ്റു ഉപേക്ഷിച്ചു നാട്ടുരാജ്യങ്ങളുമായി പരിപൂർണ്ണം യോജിപ്പിലെത്തിച്ചേർന്നിരിക്കുന്നു. നാട്ടുരാജ്യങ്ങൾ സ്വയമായി ദത്തം ചെയ്യുന്ന അവകാശങ്ങൾമാത്രമേ നാട്ടുരാജ്യങ്ങളെസംബന്ധിച്ചു് ഇന്ത്യായൂണിയനു മേലാൽ ഉണ്ടായിരിക്കയുള്ളൂ.

എന്നാൽ അധീശാധികാരത്തിൽ നിന്നു സ്വതന്ത്രമായി എന്ന അവസ്ഥകൊണ്ടു് ഒരു നാട്ടുരാജ്യത്തിനും വിശേഷാൽ ഒരു ആശ്വാസവും കിട്ടുന്നതല്ല. അധീശാധികാരം പല നാട്ടുരാജ്യങ്ങളിലെയും ജനങ്ങൾക്കു രാജാക്കന്മാരുടെ സ്വേച്ഛാധികാരത്തിന്റെ ദുഷ്പടികളിൽ നിന്നു രക്ഷനേടുന്നതിനുള്ള ഒരു അപ്പീൽ സ്ഥാനമായി ഉപയോഗപ്പെട്ടിട്ടുണ്ടു്. ആ ഭരണസ്ഥാനങ്ങൾ അനിയന്ത്രിതമാകുന്നതുകൊണ്ടു് അതൊക്കെ രക്ഷയാണുള്ളതു്.

ബ്രിട്ടീഷിന്ത്യ സ്വാതന്ത്ര്യമാവുകഎന്നുവച്ചാൽ ജനാധിപത്യഭരണംസ്ഥാപിക്കുക എന്നതാണ്. എന്നാൽ നാട്ടുരാജ്യങ്ങൾ സ്വതന്ത്രമാകുന്നതുകൊണ്ടു രാജാധികാരം നിരങ്കുശമാവുന്നതേയുള്ളു. ഉത്തരവാദഭരണപ്രശ്നമേ അവിടെ ഉദിക്കുന്നില്ല. അപൂർവ്വം ചിലനാട്ടുരാജ്യങ്ങൾ ഉത്തരവാദഭരണത്തിനുള്ള ആലോചനകളിൽ പ്രവേശിച്ചിട്ടുണ്ടെങ്കിലും ബഹുഭൂരിപക്ഷവുംമൌനംഭജിക്കുന്നതേയുള്ളു. ജനങ്ങളെക്ഷുബ്ധരും രാജശത്രുക്കളും ആക്കാതെ അവരെ സമാധാനപ്പെടുത്തുന്നതിനുള്ള ശ്രമം മിക്കവരും ചെയ്യുന്നില്ല. ബ്രിട്ടീഷ് ഗവൺമെൻറിൻെറ മേൽക്കോയ്മ ഇല്ലാതാകുന്നതോടുകൂടി ബ്രിട്ടീഷ് സൈന്യത്തിൻെറ രക്ഷയും നഷ്ടപ്പെടുന്നതാണെന്നും പിന്നെ യഥാർത്ഥ മേൽക്കോയ്മ ജനങ്ങളിലേക്കാണു പകരുന്നതെന്നും ആലോചനപോലും മിക്കവർക്കും കാണുന്നില്ല. എങ്കിലും പൊതു ജനാഭിപ്രായത്തിൻെറ ശക്തിയും ഭാരതനേതാക്കന്മാരുടെ പ്രേരണയും നാട്ടുരാജ്യങ്ങളെ നേർവഴിക്കുനയിക്കും എന്നാശിക്കാം.

## ബ്രിട്ടീഷ് നയത്തിൻെറ വൈശിഷ്ട്യം

ഉദ്യോഗമൊഴിക്കപ്പെടുന്ന വൈസ്രോയി വേവേൽ പ്രഭു അധിക്ഷിപ്തനാക്കിപറഞ്ഞയക്കപ്പെടുകയല്ല, ഉയർന്ന പ്രഭുപദവി കൊടുത്തു കൂട്ടത്തിൽ മാനിക്കപ്പെടുകയാണു ചെയ്തിരിക്കുന്നത്. ഇതാണു ബ്രിട്ടീഷ്നയത്തിൻെറ വൈശിഷ്ട്യം. ഉദ്യോഗത്തിൽനിന്നുമാറേറണ്ടതായി വന്നിട്ടുള്ള പലരെയുമിപ്രകാരം പ്രഭുക്കന്മാരാക്കിയും ഉയർന്നസ്ഥാനം കൊടുത്തും ബഹുമാനിച്ചു പറഞ്ഞയച്ചിട്ടുണ്ട്. ഇന്നു പ്രഭുസഭയിലിരിക്കുന്ന പലരും ഇപ്രകാരം കയററംകൊടുക്കപ്പെട്ടിട്ടുള്ളവരാണ്. റിട്ടയർ ചെയ്യുന്നവരും ചെയ്യിക്കപ്പെടുന്നവരുമായ ഉദ്യോഗസ്ഥന്മാരെ എല്ലാം ശത്രുക്കളാക്കുന്ന ഭാരതീയ ഗവൺമെൻറുകൾ പഠിക്കേണ്ട ഒരുപാഠമാണിത്.

## മദ്രാസ് മന്ത്രിസഭ രാജിവച്ചു

മദ്രാസ് പ്രധാനമന്ത്രി മി. പ്രകാശം തൻെറ കക്ഷിയിൽ തനിക്കു ശക്തിയായ പിന്തുണയില്ലാതായതുമൂലം സ്ഥാനം രാജിവയ്ക്കാൻ നിർബന്ധിതനായിരിക്കുന്നു. കാൺഗ്രസ് ഹൈക്കമാൻഡിൻെറ ഉപദേശത്തിനും ശാസനയ്ക്കും വിപരീതമായി, മഹാത്മജിയുടെ അഭിപ്രായത്തെയും തള്ളിക്കളഞ്ഞു പ്രധാനമന്ത്രിയായ ആളാണു മി. പ്രകാശം. കാൺഗ്രസ് ശിക്ഷണം സുശക്തം സംരക്ഷിക്കേണ്ടുന്ന ഈ അതിപ്രധാനഘട്ടത്തിൽ അതിനെ അധിക്ഷിപ്തമാക്കി ഭരണഭാരം ഏറെടുത്തയാളുമാണു മി. പ്രകാശം. അദ്ദേഹം പ്രധാനമന്ത്രിയായശേഷം പുത്തനച്ചി പുരപ്പുറം തൂക്കുംമട്ടിൽ ഹൈക്കമാൻഡിൻെറ പ്രീതിസമ്പാദനത്തിനായി തൻെറ കക്ഷിയേയും മന്ത്രിസഭയേയും പൊതുജനാഭിപ്രായത്തെപ്പോലും വിഗണിച്ചുതന്നെ പല [illegible]ലേക്കും എടുത്തുചാടിയിട്ടുണ്ട്. ഫലം പൊതുജനങ്ങളുടെയും തൻെറകക്ഷിയുടെയും പിന്തുണനഷ്ടമായതു മാത്രമാണ്. അതിനുപരിഹാരം പത്രങ്ങളെയും തൻെറവിരുദ്ധകക്ഷികളെയും അധിക്ഷേപിക്കയല്ല, തൻെറ നയം മാററുകയാണെന്ന് ഇതുവരെ അദ്ദേഹം മനസ്സിലാക്കിയിട്ടില്ല. അതിനാൽ അദ്ദേഹം രാജിവയ്ക്കുവാൻ നിർബന്ധിതനായതു് അത്ഭുതമല്ല, പരിതസ്ഥിതികൾ വിസ്മരിച്ചു് ആദർശങ്ങളിലേക്ക് [illegible] പോകുന്നവർക്കെല്ലാം ഇതുപാഠമായിരിക്കേണ്ടതാണ്.

## സാമ്പത്തികാധപ്പതനം

യുദ്ധത്തിനുമുമ്പ് ആകെ ഉപയോഗത്തിലിരുന്ന കറൻസിനോട്ടുകൾ ഇൻഡ്യയിൽ 172 കോടി രൂപയ്ക്കായിരുന്നു എന്നാൽ അതു യുദ്ധാനന്തരം 1202 കോടി രൂപയായിവർദ്ധിച്ചിട്ടുണ്ട്. യുദ്ധത്തിനു മുമ്പുബാങ്കുകളിലെ നിക്ഷേപങ്ങൾ 237 കോടിയായിരുന്നതു യുദ്ധാനന്തരം 1097കോടിയായിരിക്കുന്നു. എന്നാൽ ബാങ്കുകൾക്കു പല ബിസിനസ്സിലായി നിക്ഷേപിക്കാൻ സാധിച്ചിട്ടുള്ളതു 105കോടിയിൽ നിന്നു 437 കോടിയായിട്ടേ വർദ്ധിച്ചിട്ടുള്ളു. ശരിയായ നിക്ഷേപമാർഗ്ഗമില്ലാതെ വൻതുക ബാങ്കുകൾ കെട്ടിവെച്ചു കൊണ്ടിരിക്കയാണ്. യുദ്ധാനന്തര സംവിധാന പദ്ധ

തികളെപ്പററി ഒട്ടുവളരെ ശബ്ദമുണ്ടാക്കിയ
തല്ലാതെ ഒരിടത്തും ഒന്നും ഒരു ഗവമെൻറും ആ
രംഭിച്ചിട്ടില്ല. തൊഴിൽശൂന്യത നാടാകെ ആ
ഠം വർദ്ധിച്ചുവരുന്നു. നിയന്ത്രണത്തിൻെറ നി
രോധനം മൂലം വാണിജ്യ വ്യവസായാദിക
ളിൽ പ്രവേശിക്കുന്നതിനു ആർക്കും സ്വാത
ന്ത്ര്യമില്ല. വളരെതാമസിയാതെ വിദേശിയ
സാമാനങ്ങൾ വളരെ കുറഞ്ഞവിലയ്ക്കു ധാരാ
ളം വന്നടിയുമെന്നുള്ളതു തീർച്ചയാണ്. നാട
ൻ ചരക്കുകൾക്കെല്ലാം വിലയിടിഞ്ഞുതുടങ്ങി
യിരിക്കുന്നു. ഈ പരിതസ്ഥിതികളിൽ വമ്പി
ച്ച ഒരു സാമ്പത്തികാധഃപ്പതനം അപരിഹാ
ര്യമെന്നാണു കാണുന്നതു്. സൂക്ഷിച്ചിരി
ക്കുന്ന വക്കുവളരെ ഷേപ്പുശിക്കാതെകഴിക്കാം

## നിയന്ത്രണം

സാമാനങ്ങളുടെ വിലയും വിതരണവും നി
യന്ത്രിക്കുവാൻ നിർബന്ധിതമായ ഗവമെൻ
റു കച്ചവടക്കാരുടെയും നെയ്ത്തുകാരുടെയും സം
ഖ്യ വർദ്ധിക്കാതിരിക്കുവാനും വളരെശ്രമിച്ചി
ട്ടുണ്ടു്. അതിൻെറ ഫലം ഈ വാണിജ്യവ്യവ
സായങ്ങളുടെ സ്വാഭാവികമായ വളർച്ചയെപ്പറ്റ
ലും തടയുകയായിരുന്നു. വമ്പിച്ചവാണിജ്യ
വ്യവസായ വളർച്ചയ്ക്കു സകലസൗകര്യവും
പ്രേരണയും ഉണ്ടായിരുന്ന അവസരത്തിലാ
ണു ഗവമെൻറു പുതിയ കച്ചവടക്കാരെയും
നെയ്ത്തുകാരെയും തടഞ്ഞുകൊണ്ടിരുന്നതു്. ഇ
തു രാജ്യത്തിനു പാടെ ദോഷമായി പരിണ
മിച്ചിട്ടുണ്ടു്. വാണിജ്യ വ്യവസായാദികളി
ൽ കുറേശ്ശെ പ്രവേശിച്ചുതുടങ്ങിയിട്ടുള്ള കൂട്ട
ർക്കാണ് ഇതേററവും ദോഷകരമായി തീർന്നി
ട്ടുള്ളതു്. ഈ നിയന്ത്രണം ഉടനെ എടുത്തു ക
ളയേണ്ടതാകുന്നു.

## കത്തോലിക്കരും പ്രാഥമികവിദ്യാലയവും

സ്വന്തമായി നടത്തുന്ന പ്രാഥമികവിദ്യാ
ലയങ്ങൾക്ക് അംഗീകരണവും ഗ്രാൻറും കിട്ടു
ന്നമെന്നുള്ള കത്തോലിക്കരുടെവാദം ചില
വ്യവസ്ഥകളിന്മേൽ ഗവർമെൻറ് അനുവ
ദിച്ചുകൊടുത്തു ആ വഴക്കൊതുക്കിക്കാണുന്ന
തിൽ ഞങ്ങൾ സന്തോഷിക്കുന്നു. കത്തോലി
ക്കരെ മാത്രമെ അത്തരം വിദ്യാലയങ്ങളിൽ
പ്രവേശിപ്പിക്കയൊള്ളു എന്നു നിർബന്ധമുള്ളതു
കൊണ്ടു മററാർക്കും, അതിൽ അസുഖമുണ്ടാകാ
ൻ ന്യായമില്ല. എന്നാൽ വളരെ വാശിയി
ൽ വഴക്കു പറഞ്ഞു സമ്പാദിച്ച ഈ തീരുമാ
നം കത്തോലിക്കർക്കു ഗുണകരമാണൊ എന്നു
ചോദിച്ചാൽ നിശ്ചയമായും അല്ലെന്നു പറയാ
തിരിക്കുവാൻ തരമില്ല.

ഈ വ്യവസ്ഥയനുസരിച്ചു പള്ളിവകപള്ളി
ക്കൂടമുള്ളിടത്തെല്ലാം മററു സമുദായത്തിൽ
പെട്ട കുട്ടികളുടെ ആവശ്യത്തിനായി സർക്കാ
ർ വിദ്യാലയങ്ങളും ഉണ്ടായിരിക്കുന്നതാണ്.
അവിടെ മുപ്പതു രൂപ ശമ്പളക്കാരായ അദ്ധ്യാ
പകന്മാരുടെ അദ്ധ്യാപനം നടക്കുമ്പോൾ
പള്ളിവക വിദ്യാലയങ്ങൾ മാത്രം ...
ൽപ ശമ്പളക്കാരുടെ ഉത്സാഹശൂന്യമായ വ
ഴിപാടദ്ധ്യാപനരംഗമായി ശേഷിക്കുന്നതു് ഒ
രിക്കലും അവിടെ പഠിക്കുന്ന കുട്ടികൾക്കു ശ്രേ
യസ്കരമായിരിക്കുന്നതല്ല. ആ നിർഭാഗ്യരാ
യ അദ്ധ്യാപകരുടെയും കുട്ടികളുടെയും ശാപ
ത്തിനു മാത്രമെ ആ വിദ്യാലയങ്ങൾ പാത്രമാ
കയൊള്ളു. പ്രാഥമിക വിദ്യാലയങ്ങളുടെ ഈ
പ്രത്യേകതാനയം കത്തോലിക്കരുടെ മിഡി
ൽ സ്കൂളുകളെയും ഹൈസ്കൂളുകളെയും ഒരു പ
ക്ഷെ കാളേജുകളെത്തന്നെയും എന്നും സംര
ക്ഷിക്കുന്നതിനു ലക്ഷ്യമാകുന്നതാണെങ്കിലും,
അതിനാൽ കന്യാസ്ത്രീമഠങ്ങളിലെ വിദ്യാല
യങ്ങൾ ഒഴിച്ചുള്ളതെല്ലാം ഉപേക്ഷിക്കുകയാ
യിരിക്കും അവർക്കു ക്ഷേമമായിട്ടുള്ളതു്.

പരേതനായ ദിവാൻ ബഹദൂർ രാജ്യസേ
വാധുരന്ധര,

## വി. എസ്. സുബ്രഹ്മണ്യയ്യർ അവർകൾ

ദിവാൻ ബഹദൂർ, രാജ്യസേവാധുരന്ധര,
വി. എസ്. സുബ്രഹ്മണ്യയ്യരവർകൾ വാർദ്ധ
ക്യസഹജമായ സുഖക്കേടിൽ ചരമമടഞ്ഞി
രിക്കുന്നതായറിയുന്നതിൽ ഞങ്ങൾ അത്യധി
കം വ്യസനിക്കുന്നു. ഒരു നല്ലവക്കീൽ, ലാകാ
ളേജ് പ്രൊഫസർ, ഹെഡ് സർക്കാർ വക്കീ

# N. S. S. കൌൺസിൽയോഗം

എൻ. എസ്സ്. എസ്സ്, ഹെഡ്ആഫീസിൽ വച്ചു മീനം 2-ാംനു- പ്രസിഡൻറു ശ്രീ. മന്നത്തു പത്മനാഭപിള്ള അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ കൌൺസിൽയോഗം താഴെ പറയുന്ന തീരുമാനങ്ങൾ ചെയ്തിരിക്കുന്നു.

1. സർവ്വീസ്സൊസൈററി വകയായി അടുത്ത സ്കൂൾവർഷത്തിൽ ചങ്ങനാശ്ശേരിയിൽ ഒരു പ്രീയൂണിവേഴ്സിററി കാളേജ് ആരംഭിക്കാൻ അനുവദിച്ചുകൊണ്ടു യൂണിവേഴ്സിററിയിൽനിന്നും 1947 ഫെബ്രുവരി 24-ാംനു- R. O. C. 1123646-ാം നമ്പരായി അയച്ചു ലററർ വായിച്ചു അംഗീകരിക്കയും അതനുസരിച്ചു ഈ കൊല്ലംതന്നെ പ്രീയൂണിവേഴ്സിററി കാളേജാരംഭിക്കാൻ തീരുമാനിക്കയും ചെയ്തു.

2. മേൽപറഞ്ഞ ലററരിൽവിവരിച്ചിരിക്കുന്നതുപോലെ പ്രീയൂണിവേഴ്സിററി കാളേജു നടത്തുന്നതിനു മൂന്നുകൊല്ലത്തേയ്ക്കു പെരുന്ന എൻ. എസ്സ്. എസ്സ്. ഹൈസ്കൂൾ കെട്ടിടം വിട്ടുകൊടുക്കുന്നതിനും കാളേജ് നടത്തിപ്പിനു അവശ്യമുള്ള താല്ക്കാലിക ഭേദഗതികൾ ആ കെട്ടിടത്തിൽ വരുത്തുന്നതിനും അനുവദിച്ചു. 3. പ്രീയൂണിവേഴ്സിററി കാളേജിനാവശ്യമുള്ള ബെഞ്ച്, കസേര അലമാര മുതലായ സാമാനങ്ങൾ ഉണ്ടാക്കിക്കാനും ലൈബ്രറിക്കാവശ്യമുള്ള ബുക്കുകൾ, ലാബർട്ടറിക്കുള്ള സാധനങ്ങൾ ഇവ വരുത്താനും അററകുററപ്പണി നടത്താനും താല്ക്കാലികക്കെട്ടിടങ്ങൾ ഉണ്ടാക്കാനും ഹോസ്റ്റലുകൾക്കും മററുമുള്ള കെട്ടിടങ്ങൾ വാടകയ്ക്കു വാങ്ങാനും മററാവശ്യമുള്ള എല്ലാ പ്രാരംഭകൃത്യങ്ങൾ ചെയ്യാനും അഞ്ചുപേരുൾപ്പെട്ട ഒരു കമ്മററി ഉണ്ടായിരിക്കേണ്ടതാണെന്നും തീരുമാനിച്ചു. ആ കമ്മററിയിലെ അംഗങ്ങളായി എൻ. എസ്സ്. എസ്സ്. പ്രസിഡൻറു മി. മന്നത്തു പത്മനാഭപിള്ള, കാളേജ് കമ്മററി കൺവീനർ മി. പി. ബാലകൃഷ്ണൻതമ്പി, ജനറൽ മാനേജർ, മി. കെ. പി. കൃഷ്ണമേനവൻ, പെരുന്ന ഹൈസ്കൂൾഹെഡ്മാസ്റ്റർ മി. എൻ. വാസുദേവൻപിള്ള എന്നിവരെ ഇപ്പോൾ തിരഞ്ഞെടുത്തിരിക്കുന്നു. പ്രിൻസിപ്പാളിനെ നിയമിക്കുമ്പോൾ അദ്ദേഹംകൂടി ഇതിലെ ഒരംഗമായിത്തീരുന്നതും അതുവരെ ഇപ്പോഴുള്ള നാലുപേരുൾപ്പെട്ട കമ്മിററിയ്ക്കു അവശ്യമുള്ള എല്ലാ പ്രവൎത്തനങ്ങളും ചെയ്യാൻ അധികാരമുണ്ടായിരിക്കുന്നതുമാകുന്നു. ഈ കമ്മററിയുടെ കൺവീനറായി മി. കെ. പി. കൃഷ്ണമേനോനെ നിശ്ചയിച്ചിരിക്കുന്നു 4. ഈ സ്ഥാപനം "എൻ. എസ്സ്. എസ്സ്. ഹിന്ദു പ്രീയൂണിവേഴ്സിററികാളേജ്" എന്നനാമധേയത്തിൽ നടത്തേണ്ടതാണെന്നു തീരുമാനിച്ചു. 5. പെരുന്ന എൻ. എസ്സ്. എസ്സ്. ഹൈസ്കൂളും അതിനോടു അനുബന്ധിച്ച മററു വിദ്യാലയങ്ങളും ഹെഡ്ആഫീസുകെട്ടിടത്തിലേയ്ക്കു മാററി നടത്താൻ തീരുമാനിച്ചു. ഹൈസ്കൂളിനു സ്ഥലം മതിയാകാതെ വരുമെന്നുള്ളതിനാൽ പ്രസ്സ് മാററിസ്ഥാപിച്ചിട്ടു ആ കെട്ടിടവും ഹെഡ്ആഫീസിനടു

---

ൽ, ഹൈക്കോടതിജഡ്ജി, സർവ്വാധികാരി ദിവാൻജി എന്നീനിലകളിൽ പ്രശസ്തസേവനം ചെയ്തിട്ടുള്ള ഇദ്ദേഹം പാശ്ചാത്യപര്യടനവും കഴിഞ്ഞു പ്രമുഖപൌരനായി പൊതുജനസേവനം നിസ്സ്വാൎത്ഥം നിൎവഹിച്ചുകൊണ്ടിരിക്കയായിരുന്നു. ഹിന്ദുമിഷ്യൻെറ ആരംഭകാലംമുതൽക്കുള്ള പ്രസിഡണ്ടായി അദ്ദേഹം ആ സ്ഥാപനത്തിനുണ്ടാക്കിയിട്ടുള്ള പ്രചാരവും ശക്തിയും പ്രശംസനീയമാകുന്നു. പ്രയോജനകരമായ എല്ലാ നല്ലപ്രസ്ഥാനങ്ങളിലും അന്തസ്സും കാൎയ്യക്ഷമതയുമുള്ള നേതൃത്വം പ്രദാനംചെയ്തിരുന്ന ഒരു നിസ്സ്വാൎത്ഥനായ പൌരമുഖ്യനാണു അദ്ദേഹത്തിൻെറ വിയോഗംമൂലം നമുക്കു നഷ്ടമായിരിക്കുന്നതു്. പരേതൻെറ ആത്മാവിനു് നിത്യശാന്തി പ്രാൎത്ഥിക്കുകയും സന്തപ്തകുടുംബത്തോടു് അനുശോചിക്കയും ചെയ്തുകൊള്ളുന്നു.

# എക്സിക്യൂട്ടീവിന്റെ വകുപ്പുകളുടെമേൽ പൂർണ്ണാധികാരം

## ഭരണപരിഷ്കാരപദ്ധതിയിൽ വരുത്താനിടയുള്ള വ്യതിയാനങ്ങൾ

ഭരണപരിഷ്ക്കാര നിർദ്ദേശങ്ങളെപ്പററി പൊതുജനപ്രമാണികളുമായി നടത്തിയ ചർച്ചകളുടെ ഫലമായി നിർദ്ദിഷ്ടപദ്ധതിയിൽ ചില വ്യതിയാനങ്ങൾ വരുത്താമെന്ന് ദിവാൻജി സമ്മതിച്ചിട്ടുള്ളതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടല്ലോ. വരുത്താനുദ്ദേശിക്കുന്ന വ്യതിയാനങ്ങളിൽ പ്രാധാന്യമർഹിക്കുന്നവ ഏതാണ്ട് താഴെക്കാണുന്നവയായിരിക്കുമെന്ന് അറിവായിരിക്കുന്നു.

പദ്ധതിയിൽ നിയമസമിതിയെ സംബന്ധിച്ചു പ്രതിപാദിക്കുന്നതും നേരിട്ടു സർട്ടിഫൈചെയ്ത് നിയമം പാസ്സാക്കാൻ ദിവാന് അധികാരം നൽകിക്കൊണ്ടുള്ളതുമായ 27-ാം വകുപ്പിൽ അപ്രകാരം ദിവാൻ സർട്ടിഫൈചെയ്യുന്നാകുന്ന നിയമം, ഒരുകൊല്ലത്തേക്കുമാത്രം പ്രാബല്യത്തിലിരിക്കുന്നതാണെന്നു വ്യവസ്ഥ ചെയ്യത്തക്ക ഒരു ഭേദഗതി വരുത്താവുന്നതാണെന്നും മഹാരാജാവുതിരുമനസ്സുകൊണ്ടു നേരിട്ടു നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തെപ്പററി ചർച്ചചെയ്യുവാൻ നിയമസഭയ്ക്ക് അധികാരമില്ലെന്നു 32-ാം വകുപ്പ് 4-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു് ദിവാൻ, ചീഫ്ജസ്റ്റീസ് അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി തുടങ്ങി നാലുപ്രധാന ഉദ്യോഗസ്ഥന്മാരെ മാത്രമേ ബാധിക്കയുള്ളവെന്നു് വ്യവസ്ഥചെയ്യാമെന്നും ദിവാൻജി അഭിപ്രായപ്പെട്ടിട്ടുള്ളതായി അറിയുന്നു. ഭരണപരിഷ്കാരനിയമമോ അതിനെ അടിസ്ഥാനമാക്കിയുള്ള ചട്ടങ്ങളോ ചർച്ചാവിഷയമാക്കുന്നതിനോ അ

(ശേഷം 420—ാം പേജിൽ)

---

റകിലുള്ള കെട്ടിടവുംകൂടി ഹൈസ്കൂളിനുവിട്ടുകൊടുക്കേണ്ടതാണ്. 6. പെരുന്ന കിഴക്കുംഭാഗം എൻ. എസ്സ്. എസ്സ്. കരയോഗംവക ഷഷ്ടിപൂർത്തി മന്ദിരം വാടകയ്ക്കെടുത്തു ഹെഡ്ഡാഫീസ് അങ്ങോട്ടു മാററാനും, അവിടെക്കൂടാൻ സൌകര്യപ്പെടാത്ത മററു ആഫീസുകൾ ബോർഡുസെക്രട്ടറിയുടെ അധീനതയിലുള്ള മറെറതെങ്കിലും കെട്ടിടത്തിലേയ്ക്കു മാററിയിടാനും തീരുമാനിച്ചു.

**അനുശോചനപ്രമേയം**

ഒരു സമുജ്ജ്വല അഭിഭാഷകൻ, വിദഗ്ദ്ധനായ വിദ്യാഭ്യാസപ്രവർത്തകൻ, ഒരുതികഞ്ഞ പ്രാഡ്വിവാകൻ, ശേഷിമാനായ ഒരു ഭരണകർത്താവ്, ഉയർന്നനിലയിലുള്ള ഒരുഹിന്ദുമതപണ്ഡിതൻ, ഒരുസമുന്നത സമുദായപരിഷ്കർത്താവ് എന്നിങ്ങനെയുള്ള വിവിധനിലകളിൽ തിരുവിതാംകൂറിലെ പൊതുകാര്യജീവിതത്തിൽ വളരെ പ്രശസ്തമായ സ്ഥാനം അലങ്കരിച്ചിരുന്ന റിട്ടയാർഡ് ദിവാൻ രാജ്യസേവാധുരന്ധര ദിവാൻ ബഹദൂർ വി. എസ്സ്. സുബ്രഹ്മണ്യയ്യർ അവർകളുടെ നിര്യാണംമൂലം തിരുവിതാംകൂറിനു പൊതുവേയും ഹിന്ദുസമുദായത്തിനു പ്രത്യേകിച്ചും നേരിട്ടിരിക്കുന്ന അപരിഹാര്യമായ നഷ്ടത്തിൽ എൻ. എസ്സ്. എസ്സ്. കൌൺസിൽ ദുഃഖിക്കയും പരേതന്റെ ബന്ധുമിത്രാദികളോടു അനുശോചിക്കയും അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കയും ചെയ്യുന്നു.

# റഷ്യയുടെ മറുവശം.

[രാജശേഖരൻ]

ഉച്ചനീചത്വമോ, സാധുസമ്പന്ന വ്യത്യാസമോ ഇല്ലാത്തൊരു നവീന സ്ഥിതിസമത്വം സൃഷ്ടിക്കുന്നതിനുള്ള സംരംഭമാണല്ലോ റഷ്യയിൽ നടക്കുന്നതു്. ഈ ഉൽകൃഷ്ടാദർശസംപ്രാപ്തിക്കായി രാഷ്ട്രീയവും സാമുദായികവും സാമ്പത്തികവുമായ രംഗങ്ങളിൽ വമ്പിച്ച പല മാററങ്ങൾ അവിടെ നടത്തിയിട്ടുണ്ടു്. കഴിഞ്ഞ ഇരുപത്തെട്ടു വർഷക്കാലം ആ മാററങ്ങൾക്കനുസരണമായ വ്യവസ്ഥകൾ ക്രമപ്പെടുത്തി ശീഘ്രതരമായ പുരോഗതിക്കു റഷ്യ പണിപ്പെടുകയായിരുന്നു. അതിൽ ആ രാജ്യം വളരെ വിജയിച്ചിട്ടുണ്ടു്. ഏററവും നിസ്സാരമായി പരിഷ്കൃതലോകം വിഗണിച്ചിട്ടിരുന്ന ആ രാജ്യം ഇന്നു ലോകോത്തരമഹച്ഛക്തികളിൽ ദ്വിതീയ സ്ഥാനത്തിനു് അവകാശിയെന്നു പലരും പറഞ്ഞു തുടങ്ങിയിരിക്കുന്നു.

എന്നാൽ റഷ്യ ഒരു പരിവർത്തനഘട്ടത്തിൽ നിലകൊള്ളുന്നതേയുള്ളു. യഥാർത്ഥ ജനകീയഭരണം അവിടെയില്ല. കമ്മ്യൂണിസ്റ്റ് എന്ന ഒരു കക്ഷിമാത്രമേ അധികാരത്തിലാകാവൂ എന്ന വ്യവസ്ഥയിലാണു രാജ്യം ഭരിക്കപ്പെടുന്നതു്. ഭിന്ന കക്ഷികൾക്കോ ഭിന്നാഭിപ്രായത്തിനോ അവിടെ സ്ഥാനമില്ല. എല്ലാം ഗവർമ്മെൻറു കക്ഷി. മററു കക്ഷി പാടില്ല. എതിരഭിപ്രായക്കാരെയെല്ലാം മർദ്ദിച്ചും നിഗ്രഹിച്ചും അസ്തമിപ്പിക്കയായിരുന്നു അവരുടെ ആദ്യന്തമുള്ള നയം. ഇപ്പോഴും ആ നയം മാറിയിട്ടില്ല. തൊഴിലാളികളുടെ ഗവർമ്മെൻറ് എന്ന പേരിൽ നടത്തപ്പെടുന്ന റഷ്യയിലെ സോവിയററു കാൺഗ്രസ്സിലെ 2016 അംഗങ്ങളിൽ 60 പേർ മാത്രമേ യഥാർത്ഥതൊഴിലാളിപ്രതിനിധികളായുള്ളു. സ്ഥിതിസമത്വാദർശത്തിൽ വിപ്ലവമാരംഭിച്ച റഷ്യയിൽ ഇന്നു സ്ഥിതിസമത്വമല്ല പരിവർത്തനം ചെയ്യുന്നതും.

മററുപ്രദേശങ്ങളിലെന്നപോലെ പാവപ്പെട്ടവരും പണക്കാരും ആധുനിക റഷ്യയിലും ധാരാളമുണ്ടു്; യജമാനന്മാരും ഭൃത്യന്മാരും വേണ്ടുവോളമുണ്ടു്; കൊടുംവിശപ്പടക്കുവാൻ എച്ചിൽതൊട്ടികൾ ചികഞ്ഞു് ആഹാരാവശിഷ്ടങ്ങൾ പെറുക്കിയെടുത്തു തിന്നുന്നവർ അവിടത്തെ പട്ടണങ്ങളിലുമുണ്ടു്; ജീവിതത്തിൻെറ തോതു് അവിടെയും പലതരമാണു്. സമ്പന്നന്മാർക്കു അതിസുഖിക്കുവും അത്യാഡംബരപൂർണ്ണവുമായ പ്രതാപജീവിതത്തിനു യാതൊരു വിഘ്നവുമില്ല. യുദ്ധകാലത്തെ പണപ്പെരുപ്പത്തിൻെറ ശല്യം സ്ഥിതിസമത്വരാഷ്ട്രത്തെയും ബാധിച്ചു. അതിൻെറ പരിഹാരത്തിനായി ഇരുന്നൂറുകോടി റൂബിളിൻെറ ഒരു ലോൺ ഗവർമ്മെൻറു പുറപ്പെടുവിച്ചതിനു നാലു ദിവസംകൊണ്ടു രണ്ടിരട്ടിക്കു അപേക്ഷ കിട്ടുകയുണ്ടായി. അത്രത്തോളമാണവിടത്തെയും പണക്കാരുടെ പണക്കൊഴുപ്പു്. യുദ്ധത്തിനു മുമ്പു 18 കോടി ജനങ്ങളിൽ ഏകദേശം രണ്ടരക്കോടി സ്റ്റേററു സേവിങ്ങ്സ് ബാങ്കനിക്ഷേപകർ റഷ്യയിലുണ്ടായിരുന്നു. ഇത്രയും സമ്പാദ്യക്കാർ മററെങ്ങും കാണുന്നതല്ല.

കരിംചന്ത വ്യാപാരം റഷ്യയിലും ധാരാളമാണു്. ഗവർമ്മെൻറു നിശ്ചയിച്ചിട്ടുള്ള നിരക്കിൻെറ എട്ടും പത്തും കൂടുതലും ഇരട്ടിവിലയ്ക്കു സാമാനങ്ങൾ വിററു വമ്പിച്ച ആദായം അന്യായമായി എടുത്തിട്ടുള്ള റഷ്യാക്കാർ വളരെയുണ്ടു്. പട്ടണത്തിൽ പരിഷ്കൃതജീവിതസൗകര്യം പ്രത്യേക മോട്ടോർകാർ, ഡ്രൈവർ, ശിപായി, വേലക്കാർ, നാട്ടിൻപുറത്തു സുഖവാസസ്ഥലം മുതലായവയെല്ലാം അവിടത്തെ പണക്കാർക്കുമുണ്ടു്. പാവപ്പെട്ടവർ ഇവിടത്തെപ്പോലെതന്നെ കഷ്ടിച്ചുപജീവനം വിഷമിച്ചു കഴിക്കുകയാണു്. അധികാരികളുടെ പ്രീതിക്കു് ഏതു വിധത്തിലെങ്കിലും പാത്രമാകുന്നവനു കൂടുതൽ പ്രതിഫലവും അധികാരവും ജീവിതസൗകര്യവും സമ്പാദ്യകഴിവുമുള്ള ജോലിവി

വിടത്തെപ്പോലെ അവിടെയും കിട്ടും. സാമുദായികമായി പണക്കാരൻ അവിടെയും മേന്മയുള്ളവനായി ഗണിക്കപ്പെടുകയും ഉള്ളവനായി കാണപ്പെടുകയും ചെയ്യുന്നുണ്ട്. പണക്കാരന്റെ ജാതിമേന്മ സമുദായം ഇന്നും ആദരിക്കുന്നു.

നല്ല ആദായമുള്ളവർ കുടിച്ചും വ്യഭിചരിച്ചും സമ്പാദ്യക്കാരാകാതെ നശിക്കുന്ന പതിവു റഷ്യയിലുമുണ്ട്. പരിശ്രമിയും മിതവ്യയിയും ആയ പാവപ്പെട്ടവൻ ക്രമേണ പണക്കാരനാകുന്ന പതിവു അവിടെയുണ്ട്. വേലക്കൂലിയായി കിട്ടുന്ന ചുരുങ്ങിയ ധനം കുടിച്ചും വ്യഭിചരിച്ചും കളഞ്ഞു ദരിദ്രരും പട്ടിണിക്കാരുമായി കഴിയുന്നവർ അവിടെയും ചുരുക്കമല്ല. സുഭിക്ഷജീവിതത്തിന്റെ സുഖസൗകര്യാദികൾ അനുഭവിച്ചിട്ടില്ലാത്ത സാധുജനങ്ങൾ അവിടെയും നിരവധിയാണ്.

ഇതാണു സകല മനുഷ്യർക്കും തുല്യമായ ജീവിതസൗകര്യം ഉണ്ടായിരിക്കണമെന്നുള്ള അർത്ഥത്തിൽ പണക്കാരെയും പ്രഭുക്കന്മാരെയും അവരുടെ അധികാരകേന്ദ്രങ്ങളെയും അസകലം നശിപ്പിച്ച ഒരു നവീനസ്ഥിതിസമത്വ സമുദായസൃഷ്ടിക്കുദ്യമിച്ച റഷ്യയുടെ ഇന്നത്തെ പരിവർത്തനഗതി. സാർവത്രികമായ സ്ഥിതിസമത്വം സമ്പാദിക്കുന്നതിനുണ്ടാക്കിയ ഭയങ്കരവിപ്ലവത്തിനു ശേഷമുള്ള സമാധാന ജീവിതകാലത്തു് അടിക്കടി സ്ഥിതിവ്യത്യാസമാണവിടെ പുലരുന്നതു്. പണ്ടത്തെ പണക്കാരെയും പ്രഭുക്കന്മാരെയും തകർത്തെങ്കിലും വീണ്ടും പുതിയ ധനികന്മാരും നിർദ്ധനന്മാരും, സുഭിക്ഷജീവികളും പട്ടിണിക്കാരും, സുഖലോലുപന്മാരും ദുരിതജീവികളും, അധികാരസ്ഥരും മർദ്ദിതരും, ചൂഷണക്കാരും ചൂഷിതരും ഉണ്ടാകാത്തതോ വളരാത്തതോ ആയ ഒരു സമുദായ സൃഷ്ടി റഷ്യ ഇതുവരെ സാധിച്ചിട്ടില്ല. ഒരു കാലത്തും റഷ്യയ്ക്കു സാധിക്കുന്ന ലക്ഷണവും കാണുന്നില്ല.

എന്തെന്നാൽ സാമ്രാജ്യദുർമ്മോഹവും അധികാരദുർമ്മോഹവും സ്വാധീനദുർമ്മോഹവും റഷ്യയ്ക്കുണ്ട്. ജനഹിതഭരണമെന്ന പേരിൽ തനി സ്വേച്ഛാപ്രഭുത്വനഗ്നമായ ഏകാധിപത്യമാണവിടെ നടമാടുന്നതു്. ജനങ്ങൾക്കു സാധിക്കുന്നിടത്തോളം സുഭിക്ഷതയുണ്ടാക്കുന്നുണ്ടെങ്കിലും രാജ്യത്തിന്റെ ശക്തിവർദ്ധിപ്പിക്കണമെന്നാണു ഭരണാധികാരികളുടെ പരമലക്ഷ്യം. ജനഹിതമനുസരിച്ചു ഭരിക്കണമെന്നല്ല, രാജ്യശക്തിക്കു പ്രയോജനകരമായി ജനശക്തിയെ പുഷ്ടിപ്പെടുത്തി സംഘടിപ്പിച്ചു സജ്ജീകരിക്കുന്നതിനു പ്രാപ്തമായ സുസ്ഥിരകക്ഷി ഭരിക്കണമെന്നാണവിടുത്തെ ഏർപ്പാടു്.

ജനശക്തിയുടെ വർദ്ധനവിനു് അതിപ്രധാനമായുള്ളതു ജനസംഖ്യാവർദ്ധനവാണല്ലോ. ഇപ്പോൾ 20 കോടിയാണു റഷ്യയിലെ ജനസംഖ്യ. ഇതുവളരെ കുറവാകുന്നു. 45 കോടി ജനങ്ങളുള്ള ചൈനയെയും 40 കോടിജനങ്ങളുള്ള ഇൻഡ്യയെയും അപേക്ഷിച്ചു, റഷ്യയുടെ സ്ഥാനം മെച്ചമല്ല. നശീകരണസാധനങ്ങളുടെ ധാരാളതയും അവയുടെ പ്രയോഗത്തിന്റെ സാമർത്ഥ്യവുമാണു യുദ്ധവിജയത്തിനാവശ്യമെങ്കിലും, ആ സാധനങ്ങളുണ്ടാക്കുന്നതിനുള്ള വിഭവസമ്പത്തും വൈദഗ്ദ്ധ്യവും ഒട്ടും അപ്രധാനമല്ലെങ്കിലും, ആ സാധനങ്ങൾ സജ്ജീകരിക്കുന്നതിനും പ്രയോഗിക്കുന്നതിനുമുള്ള ജനസ്വാധീനം പരമപ്രധാനമായ ഒരു സംഗതിയാകുന്നു. അതിനാൽ ജനസംഖ്യ വർദ്ധിപ്പിക്കുന്നതിനു ഫാസിസ്റ്റു ജർമ്മനിയെയും നാസി ഇററലിയെയുംപോലെ നിരന്തരശ്രമമാണു റഷ്യ നടത്തിക്കൊണ്ടിരിക്കുന്നതു്. ഇൻഡ്യ വർദ്ധിച്ചു വർദ്ധിച്ചു വരുന്ന ജനസംഖ്യയെ സന്താനോൽപത്തിനിയന്ത്രണംമൂലം കുറയ്ക്കുവാനുള്ള പ്രചരണജോലി നടത്തിക്കൊണ്ടിരിക്കുമ്പോൾ കൂടുതൽ പ്രസവിച്ചുപോരുന്ന സ്ത്രീകളെ സർട്ടിഫിക്കററും സമ്മാനവും ബിരുദവും മററും പ്രദാനംചെയ്തു പ്രോത്സാഹിപ്പിക്കയാകുന്നു റഷ്യയുടെ പ്രവൃത്തി. ഇങ്ങനെ സ്ത്രീകൾ ഏററവും കൂടുതൽ പ്രസവിക്കണമെന്നു റഷ്യ ആഗ്രഹിക്കയും അതിലേക്കായി അവരെ സഹായിക്കയും ഉത്സാഹിപ്പിക്കയും ചെയ്യുന്നുണ്ടെങ്കിലും വ്യവസായ സേവനത്തിലും സൈന്യസേവനത്തിലും പുരുഷന്മാർക്കൊപ്പംസ്ത്രീകൾക്കും സ്ഥാനമുണ്ടെന്നല്ല അവരെ അതിനു് നിർബന്ധിക്കുകയും ചെയ്യുന്നു.

# അഞ്ചുതെങ്ങും തങ്കശ്ശേരിയും.

(എൻ. കെ)

തിരുവിതാംകൂറിലെ രണ്ടു ബ്രിട്ടീഷ് പ്രദേശങ്ങളാണു് അഞ്ചുതെങ്ങും തങ്കശ്ശേരിയും. ബ്രിട്ടീഷിന്ത്യയ്ക്കു് ഈ പ്രദേശങ്ങൾ കൈവശം വച്ചുകൊണ്ടിരിക്കുന്നതു കൊണ്ടു വലിയ പ്രയോജനമൊന്നുമില്ല. എന്നാൽ തിരുവിതാംകൂറിനതു വലിയ ശല്യമാകുന്നു. എന്തെന്നാൽ അവിടത്തെ ജനങ്ങൾ തിരുവിതാംകൂറുകാരും തിരുവിതാംകൂറിനെക്കൊണ്ടു ഉപജീവിക്കുന്നവരുമാണെങ്കിലും അവർ ബ്രിട്ടീഷ് പ്രജകളാണു്. അവിടത്തെ സിവിലും ക്രിമിനലുമായ അധികാരങ്ങളെല്ലാം ബ്രിട്ടീഷിന്ത്യയ്ക്കാകുന്നു. നമ്മുടെ സിവിൽ കോടതിക്കോ ക്രിമിനൽ കോടതിക്കോ അവിടെയാതൊരധികാരവുമില്ല. തിരുനെൽവേലി ഡിസ്ട്രിക്ടിന്റെ അധികാരാതിർത്തിയിലാണു് ആ പ്രദേശങ്ങൾ.

ഈ സ്ഥലങ്ങൾ തിരുവിതാംകൂറിനു തിരിച്ചുകിട്ടുന്നതിനായി നമ്മുടെ ഗവണ്മെന്റു വഴക്കുപറഞ്ഞു തുടങ്ങിയിട്ടു വളരെക്കാലമായി. വിശാഖംതിരുനാൾ തിരുമനസ്സിലെ കാലത്തു 1058-ാമാണ്ടു പെരിയാർ വെള്ളംവിട്ടുകൊടുക്കണമെന്നുള്ള ആലോചന സംബന്ധിച്ചാ

---

ഏറ്റവും കൂടുതൽ സുഖവും സുഭിക്ഷതയും വിദ്യാഭ്യാസവും ജനങ്ങൾക്കുണ്ടാക്കിക്കൊടുക്കുവാൻ റഷ്യയ്ക്കു സാധിച്ചിട്ടുണ്ടെങ്കിലും വ്യക്തിസ്വാതന്ത്ര്യം അവിടെയില്ല. സ്റ്റേറ്റു നിശ്ചയിക്കുന്ന ജോലി സകലരും ചെയ്തുകൊള്ളണം എന്നാണു നിർബന്ധം. ആ സ്റ്റേറ്റാകട്ടെ ഏകാധിപത്യത്തിലുമാണു്. ആ ഏകാധിപത്യം രാജ്യത്തിന്റെ മൊത്തത്തിലുള്ള ശക്തിക്കും അഭിവൃദ്ധിക്കുമായിട്ടാണു പ്രയോഗിക്കപ്പെടുന്നതെങ്കിലും അതു വ്യക്തിസ്വാതന്ത്ര്യം അനുവദിക്കാത്ത ഏകാധിപത്യമാണു്.

ചൂഷിതരുടെ രക്ഷിതാക്കളാണു കമ്മ്യൂണിസ്റ്റുകളെന്നു ഘോഷിക്കപ്പെടുന്നുണ്ടു്. എന്നാൽ കമ്മ്യൂണിസ്റ്റു റഷ്യയിലും ചൂഷണം സാധാരണമാകുന്നു. ആ രാജ്യത്തെ മൊത്തം വരവിന്റെ പകുതി പതിനൊന്നു ശതമാനം ആളുകളാണു എടുക്കുന്നതു്. സോവിയറ്റു യൂണിയന്റെ ബഡ്ജറ്റിലെ ഒരു പ്രധാന വരവിനം ലാഭനികുതിയാകുന്നു. ചൂഷണരഹിതമായ ഒരു സ്ഥിതിസമത്വരാജ്യം എട്ടു ശതമാനം പലിശ സ്റ്റേറ്റു സേവിങ്സ് ബാങ്കിൽ കൊടുത്തു പണക്കാരെ പ്രോത്സാഹിപ്പിക്കുന്നതും അവരിൽ നികുതി ചുമത്തി ആദായമെടുക്കുന്നതും, രസാവഹമാകുന്നു. 1940—ൽ ലാഭനികുതി 2124 കോടി റൂബിളായിരുന്നതും 1941-ൽ 3100 കോടിയായിട്ടാണു വർദ്ധിച്ചതു്,

ഇങ്ങനെ ഏതുവശം നോക്കിയാലും മാർക്സിന്റെ തത്വപ്രകാരമുള്ള കമ്മ്യൂണിസമാണു് റഷ്യയിൽ, പരിവർത്തനംചെയ്യുന്നതെന്നു പ്രത്യക്ഷമാകുന്നു. കൂടുതൽ കൂടുതൽ സുഖവും സുഭിക്ഷതയും അവിടെ ജനങ്ങൾക്കുണ്ടാകുന്നുണ്ടു്. രാജ്യം സമ്പത്തിലും സ്വാധീനത്തിലും ശക്തിയിലും നാൾക്കുനാൾ അഭിവൃദ്ധിപ്പെടുന്നുമുണ്ടു്. എങ്കിലും വ്യക്തിസ്വാതന്ത്ര്യം അവിടെയില്ല. ഏകാധിപത്യഭരണമാണവിടെ നടമാടുന്നതു്. ആദ്യം വിവാഹബന്ധം വളരെ ശിഥിലവും വിവാഹമോചനം ലഘുവുമായിരുന്ന മട്ടെല്ലാംമാറി. മിശ്രവിദ്യാഭ്യാസം സാർവ്വത്രികമായിരുന്നതു പാടെ മാറ്റി. പള്ളികൾ മുഴുവൻ കാര്യാലയങ്ങളാക്കിയ നയംമാറ്റി പുതിയ പള്ളികൾ പണിയിച്ചുതുടങ്ങി. പഴയ ഏകാധിപത്യത്തിനു പകരം പുതിയ ഏകാധിപത്യം സ്ഥാപിക്കയും, പഴയ മുരടിച്ച പ്രഭുത്വത്തെ തകർത്തു പുതിയ പ്രഭുത്വം വളരാൻ സൗകര്യമുണ്ടാക്കുകയും ചെയ്തിട്ടുണ്ടെന്നേയുള്ളു. ഇനിയുള്ള ഇതിന്റെ വളർച്ച എങ്ങോട്ടെന്നു റഷ്യയുടെ വിദേശനയം വിളിച്ചുപറയുന്നുമുണ്ടു്.

ണ്ട് അഞ്ചുതെങ്ങും തങ്കശ്ശേരിയും തിരിച്ചുതരണമെന്നു തിരുവിതാംകൂർ ഗവണ്മെൻറുരേഖാമൂലം ആവശ്യപ്പെട്ടുകാണുന്നതു്. അന്നുമുതൽ പലപ്പോഴും തിരുവിതാംകൂർ ഈ അവകാശവാദം കുത്തിപ്പൊക്കിയിട്ടുണ്ടു്. അപ്പോഴെല്ലാം ബ്രിട്ടീഷ് ഗവണ്മെൻറതു തള്ളിക്കളഞ്ഞിട്ടേയൊള്ളു. എന്നാൽ ശ്രീചിത്തിരതിരുനാൾ മഹാരാജാവ് തിരുമനസ്സിലെ ഭരണാരംഭം മുതൽ ഈ കാര്യം അടിക്കടിയുള്ള ഗൗരവമായ വാദവിഷയമായിരിക്കയാണ്. നിയമോപദേഷ്ടാവായിരുന്ന കാലത്താരംഭിച്ച ഈ എഴുത്തുകുത്തു പലപരാജയങ്ങളുണ്ടായിട്ടും വീണ്ടും വീണ്ടും സചിവോത്തമ സർ. സി. പി. രാമസ്വാമിഅയ്യരവർകൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാകുന്നു. പത്തുവർഷം മുമ്പ് ഇതിനൊരിക്കൽ ഏറ്റവും അനുകൂലമായ തീരുമാനത്തിനുള്ള പരിതസ്ഥിതി ഉണ്ടായതാണ്. അഞ്ചുതെങ്ങിലേയും തങ്കശേരിലേയും ജനങ്ങൾക്കു വിരോധമില്ലെങ്കിൽ ആ സ്ഥലങ്ങൾ തിരുവിതാംകൂറിനു വിട്ടുതരുവാൻ ബ്രിട്ടീഷ് ഗവണ്മെൻറ് ആലോചിക്കയുണ്ടായി. അന്നാണു പണ്ടത്തെ നിവർത്തന പ്രക്ഷോഭണത്തിൻറെയും അതിനെത്തുടർന്നുണ്ടായ സ്റ്റേറ്റു കോൺഗ്രസ്സ് പ്രക്ഷോഭണത്തിൻറെയും പ്രമുഖ പ്രവർത്തകന്മാരായിരുന്ന ജാർജ് ജോസഫ് പ്രഭൃതികളുടെ നേതൃത്വത്തിൽ അഞ്ചുതെങ്ങിലെയും തങ്കശ്ശേരിലെയും ജനങ്ങളെ പറഞ്ഞിളക്കി ആ ബ്രിട്ടീഷ് സ്ഥലങ്ങൾ ഒരു നാട്ടുരാജ്യത്തിനധീനമാകരുതെന്ന വാദകോലാഹലമുണ്ടാക്കിയതു്. അങ്ങനെ അന്നത്തെ ആലോചന അവസാനിച്ചു. എന്നാൽ തിരുവിതാംകൂർ ഗവണ്മെൻറു പിന്നെയും അടങ്ങിയിരുന്നില്ല- ഇപ്പോഴും ബ്രിട്ടീഷ് ഗവണ്മെൻറിനെ തിരുവിതാംകൂർ ഗവണ്മെൻറു അലട്ടിക്കൊണ്ടിരിക്കയാണ്.

ഒരു ശല്യമൊഴിക്കാമെന്നുള്ളതിൽക്കവിഞ്ഞു വലുതായ ലാഭമോ- നഷ്ടമോ രണ്ടു കൂട്ടർക്കും ഇക്കാര്യത്തിലില്ലെങ്കിലും, ഒരു നാട്ടുരാജ്യത്തിൽ അധീശ ഗവണ്മെൻറ് അന്യായമായ കൈയ്യേറ്റം നടത്തുന്നതിനും ആ നാട്ടുരാജ്യത്തിൻറെ ന്യായവാദങ്ങളെ നിരന്തരം നിരസിക്കുന്നതിനും ഒരു ശരിയായ ഉദാഹരണമാണിതു്.

അഞ്ചുതെങ്ങു ചിറയിൻകീഴ് താലൂക്കിൽ കടലോരത്തുള്ള ഒരു ചെറുഗ്രാമമാണ്- 251 ഏക്കറേ അതിനു വിസ്താരമൊള്ളു. കൊ-വ- 859-മാണ്ടു് അവിടെ ഒരു ഫാക്ടറിസ്ഥാപിക്കാൻ ആററിങ്ങൽ മൂത്തറാണി ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനിക്കാർക്ക് അനുവാദം കൊടുത്തു 870.ാമാണ്ടു് ആ ഫാക്ടറിയുടെ രക്ഷക്കായി ഒരു കോട്ടകെട്ടിക്കൊള്ളുന്നതിനും അനുവദിക്കയുണ്ടായി- ആ സ്ഥലം അന്നും ഒരു ശരിയായ തുറമുഖമൊ ഒരു നല്ല വാണിജ്യ കേന്ദ്രമൊ ആയിരുന്നില്ല- അതിനു മുമ്പ് 819 ൽ വിഴിഞ്ഞത്തു കമ്പനിക്കാർ ഒരു ഫാക്ടറി സ്ഥാപിച്ചിരുന്നു. എന്നാൽ കുരുമുളകുവ്യാപാരമാണു തിരുവിതാംകൂറിൽ പ്രധാനമായി കമ്പനിക്കാർ ആഗ്രഹിച്ചിരുന്നതു്. അതിനു വിഴിഞ്ഞം അത്ര സൗകര്യമുള്ളതായിരുന്നില്ല. അതിനാൽ കുറെക്കൂടി വടക്കോട്ടു മാറി ഒരു തീരസ്ഥലം കമ്പനിക്കാർ ആഗ്രഹിച്ചു- അപ്രകാരമാണു അഞ്ചുതെങ്ങിൽ ചെന്നുകൂടാനിടയായതു്-

ഈ അഞ്ചുതെങ്ങു വളരെക്കാലം കമ്പനിക്കാരുടെ ഒരു പ്രധാന സങ്കേതമായിരുന്നു- ബോംബെ കഴിഞ്ഞാൽ പിന്നെ അഞ്ചുതെങ്ങായിരുന്നു കമ്പനിക്കാരുടെ താവളങ്ങളിൽ പ്രാധാന്യം വഹിച്ചിരുന്നതു്. ഇംഗ്ലണ്ടിൽ നിന്നു ആഫ്രിക്ക ചുററി വന്നുകൊണ്ടിരുന്ന കപ്പലുകൾ ആദ്യമായി ഇന്ത്യാതീരം സ്പർശിച്ചിരുന്നതു് അഞ്ചുതെങ്ങിലായിരുന്നു. അതുപോലെ തന്നെ ഇന്ത്യയിൽ പലടത്തുനിന്നു് ഇംഗ്ലണ്ടിലേക്കു പുറപ്പെട്ടിരുന്ന ഇംഗ്ലീഷ് കപ്പലുകൾ അവസാനം ഭാരതതീരം വിട്ടിരുന്നതും അഞ്ചുതെങ്ങിൽനിന്നായിരുന്നു.

ബ്രിട്ടീഷ് ഗവണ്മെൻറും തിരുവിതാംകൂറുമായി ഇന്നു നിലവിലിരിക്കുന്ന 1805-ലെ ഉടമ്പടി ബാലരാമവർമ്മമഹാരാജാ തിരുമനസ്സുകൊണ്ടു വേലുത്തമ്പിദളവായുടെ കാലത്തു തുല്യം ചാർത്തിയതു് ഈ സ്ഥലത്തുവച്ചായിരുന്നു.

ഇത്രവളരെ ചരിത്രപ്രാധാന്യമുള്ള ഒരു സ്ഥലമാണു് അഞ്ചുതെങ്ങെങ്കിലും ഇന്നതിനു് ഒരു പ്രാധാന്യവുമില്ല. സാധുക്കളായ മത്സ്യം

# മതവും പ്രേമവും

(എം. എസ്. ചന്ദ്രശേഖരവാര്യർ)

കാമുകൻ:—
"മതമേ, യനീതിതൻ
തൂലികത്തുമ്പാൽ, ഘോര
നിയമം രചിച്ചേത്ര
ജീവിതം തകർപ്പൂ നീ?
അനുരാഗത്താൽ ബദ്ധ-
ചിത്തരായോരെ, കഷ്ടം
മനുവാസരമെത്ര
കയ്പുനീർകുടിപ്പിപ്പൂ?
ഗണിക്കില്ലല്പം പോലും
നിന്നെ, യമ്മഹനീയ-

പിടുത്തക്കാരുടെ അപരിഷ്കൃതമായ ഒരു ചെറുഗ്രാമം മാത്രമാണത്. ക്രിമിനലും സിവിലുമായ വാറണ്ടുകളിൽനിന്നു തൽക്കാലരക്ഷക്കായി ഒഴിയുന്നതിനുള്ള ഒരു സ്ഥലം മാത്രമായിട്ടു ചിലർ അതു പ്രയോഗിക്കുന്നൊള്ളു.

ഇതുതന്നെ തങ്കശ്ശേരിയുടെയും ഏറെക്കുറെയുള്ള അവസ്ഥ. അതു കൊല്ലംപട്ടണത്തിന്റെ തെക്കേപടിഞ്ഞാറെ അറ്റത്തുള്ള ഒരു ചെറുതെരുവുമാത്രമാണ്. കഷ്ടിച്ചു നൂറേക്കറെ അതിനു വിസ്താരമൊള്ളു. ഇതും വളരെ ചരിത്രപ്രാധാന്യമുള്ള ഒരു സ്ഥലമായിരുന്നു. പറങ്കികളായിരുന്നു ആദ്യമായി അവിടെ ഫാക്ടറി സ്ഥാപിച്ചത്. അവരെ ഓടിച്ചു ലന്തക്കാർ അതു കൈവശപ്പെടുത്തി. അവസാനം ലന്തക്കാരെ ഓടിച്ച് ഇംഗ്ലീഷുകാർ കൈവശമാക്കി. അങ്ങനെ നാനൂറുശതവർഷത്തെ പാശ്ചാത്യസംസർഗം എന്ന പ്രത്യേകത അതിനുണ്ട്. എങ്കിലും അതിനും വിശേഷതയൊന്നുമില്ല. മുമ്പു റീജൻസി കാലത്തു തിരുവിതാംകൂർ ഗവർമ്മെന്റുണ്ടാക്കിയ കഠിനമായ പത്രനിയമത്തിന്റെ അധികാരമുഷ്ടിയിൽനിന്നു രക്ഷപ്പെടുന്നതിനായി കൊല്ലത്തെ ശ്രീവാഴുംകോടു തുടങ്ങിയ ചില പത്രങ്ങൾ തങ്കശ്ശേരിക്കു പ്രസ്സും പ്രസിദ്ധീകരണവും മാറ്റുകയുണ്ടായി. ഇതുപോലുള്ള ആവശ്യങ്ങൾക്കേ ആ സ്ഥലവും ഉപകരിക്കുന്നൊള്ളു.

ഈ രണ്ടു സ്ഥലങ്ങളും തിരുവിതാംകൂർ ഇംഗ്ലീഷുകാർക്കു മാറാക്കിങ്കിച്ചുമൊ രാജാധികാരമുപേക്ഷിച്ചു വിട്ടുകൊടുത്തിട്ടുള്ളതല്ല. ഫാക്ടറി സ്ഥാപിക്കുവാനും അതിന്റെ രക്ഷയ്ക്കുവേണ്ട കോട്ട കെട്ടുവാനും അനുവാദം കൊടുക്കുകമാത്രമേ ചെയ്തിട്ടൊള്ളു. എന്നാൽ അധീശാധികാരികളായ കമ്പനിക്കാർ അവ ബ്രിട്ടീഷ് കാളനിയാക്കുകയാണു ചെയ്തത്. അതു ശരിയല്ല. ഇന്നു റസിഡൻസികൾ ഇരിക്കുന്ന സ്ഥലം ബ്രിട്ടീഷ് ഗവർമ്മെന്റിനു പാട്ടത്തിനു കൊടുത്തിരിക്കുംപോലെ ഇന്നത്തെ റയിൽപാതകളുള്ള സ്ഥലങ്ങളിൽ ബ്രിട്ടീഷ് ഗവർമ്മെന്റിനു സർവാധികാരത്തോടു കൂടി വിട്ടുകൊടുത്തിരിക്കുന്നതുപോലെയും അഞ്ചുതെങ്ങും തങ്കശ്ശേരിയും ഒരാവശ്യത്തിനു കൊടുത്തിട്ടുള്ളതാണ്. റയിൽപാതകൾ മുമ്പു ബ്രിട്ടീഷ് പ്രാവിൻസുപോലെയാണു ഗണിച്ചിരുന്നത്. തിരുവിതാംകൂർ സിവിൽ ക്രിമിനൽ കോടതികൾക്കൊന്നും അവിടെ അധികാരമുണ്ടായിരുന്നില്ല. സ്റ്റേറ്റുകാൺഗ്രസ് പ്രക്ഷോഭണകാലത്തു ചിലർ റയിൽ വെസ്റ്റേഷൻതോറും നിന്ന് അറസ്റ്റിലുൾപ്പെടാതെ പ്രസംഗിക്കയുണ്ടായല്ലോ. എന്നാൽ ഇന്ന് ആ നിലമാറി. തിരുവിതാംകൂർ റയിൽ പാതകൾ ഇന്ന് ബ്രിട്ടീഷ് പ്രാവിൻസുകളല്ല. തിരുവിതാംകൂർ സിവിൽ ക്രിമിനൽ അധികാരങ്ങൾ ഇന്നിവിടെ ചെലുത്താമെന്നാക്കിയിട്ടുണ്ട്. അതുപോലെ അഞ്ചുതെങ്ങും തങ്കശ്ശേരിയും ജനസംമൃത്തു ഊരാണ്മയാക്കിയതു പഴയപടി തിരുവിതാംകൂറിനു സർവസ്വാതന്ത്ര്യമുള്ളതാക്കുവാൻ നമുക്കവകാശമുണ്ട്. ആ അവകാശം ചെലുത്തി അതുസാധിക്കുന്നതിനാണു സചിവോത്തമസർ. സി. പി. രാമസ്വാമി അയ്യരവർകൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

# രാമചരിതമാനസം

(N. M. P.)

ഹിന്ദി, ഭാരതഖണ്ഡത്തിലെ പൊതുഭാഷയാക്കപ്പെടണമെന്ന് നേതാക്കന്മാർ ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നതും, ഹിന്ദിപ്രചരണത്തിനു ഏർപ്പാടുചെയ്തുപോരുന്നതും വെറുതെയല്ല. അതു ഭാരതനിവാസികളിൽ പതിനാറുകോടിയാളുകളുടെമാതൃഭാഷയാണ്. വേറെ പത്തുകോടിയാളുകൾക്ക് ഹിന്ദിപരിചിതവുമാണ്. ഇങ്ങനെ ഇരുപത്തിയാറുകോടിആളുകൾ സംസാരിച്ചുപോരുന്ന ഈ മഹാഭാഷയല്ലാതെ, മറെറാന്നിനും ഭാരതത്തിന്റെ പൊതുഭാഷയായി ഇരിക്കാൻ അർഹതയില്ല. ലോകത്തിലെ ജീവന്മഹാഭാഷകളിൽ തൃതീയസ്ഥാനത്തെ അലങ്കരിക്കുന്ന ഹിന്ദിഭാഷ മഹത്തരമായ സാഹിത്യത്തെയും സമ്പാദിച്ചുവെച്ചിട്ടുണ്ട്. ദ്വിതീയവാല്മീകിയായ തുളസീദാസന്റെയും, രണ്ടാമത്തെ ജയദേവനായ വിദ്യാപതിയുടെയും മാതൃഭാഷ. സാഹിത്യരംഗത്തിൽ സമ്രാട്പദത്തെ ആരോഹണംചെയ്തതിൽ അത്ഭുതത്തിനവകാശമില്ലല്ലൊ. തത്തുദ്ദശമായ ഹിന്ദിഭാഷയിലെ അത്യുൽകൃഷ്ടമായ ഒരു സൂക്തിസമുച്ചയമാകുന്നു, ശ്രീരാമഭക്തന്മാരിൽ അഗ്രഗണ്യനായ മഹാത്മാ ഗോസ്വാമി തുളസീദാസനാൽ വിരചിതമായ തുളസീദാസരാമായണം അഥവാ "രാമചരിതമാനസം"

സംസ്കൃതേതരങ്ങളായ ഭാഷകളിൽ രാമായണം ഇതിവൃത്തമായി സ്വീകരിച്ച് സ്വതന്ത്രമായ തങ്ങളുടെ കവനകലാപാടവം പ്രകടീകരിച്ച് ശാശ്വതമായ ലോകപ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ള രണ്ടു ഭാരതീയ പുണ്യപുരുഷന്മാർ ഔത്തരാഹനായ തുളസീദാസനും ദാക്ഷിണാത്യനായ കമ്പരുമാണ്. ഹിന്ദിയിലും തമിഴിലും ഈ മഹാകവിമൂർദ്ധന്യന്മാർ യഥാക്രമം രചിച്ചിട്ടുള്ള ആ രണ്ടുമഹാകാവ്യങ്ങളും ഭാരതത്തിന്റെ ആദ്ധ്യാത്മികമായ ഉദ്ഗതിക്ക് നിദാനമായി ഭവിച്ചിട്ടുണ്ട്.

---

ഹൃദയൈക്യത്തിൻമധു-
മാധുരിരസം;—പ്രേമം!
നിസ്സാരയെന്നാലെന്തു്?
ഹിമശീകരത്തോടു
നിത്യവുമക്കൻ സല്ല-
പിപ്പതെന്തിനാലാവാം?
അന്തിത്താരകത്തോടു
വെള്ളാമ്പലെന്നുംഗൂഢ-
മെന്തിനാലരുളുന്നു
തൻ ചിത്തരഹസ്യങ്ങൾ?
പ്രേമമേ!; ദിവ്യപ്രേമം!;
അന്തമററാനന്ദാനു-
ഭൂതിത്താനണിയുന്നു
മന്നിലിന്നതൊന്നിനാൽ!
പത്രികൾഗാനത്താലും,
പൂക്കൾ നൽഗന്ധത്താലും,
ഭക്ത്യാ ചിത്തങ്ങൾപ്രേമ-
ത്താലുമാണാനന്ദിപ്പൂ.
കൺമണി, മനോരമ,
യെൻറെജീവിതത്തിനു
പൂർണ്ണതയേകുംരാഗ-
ലോല,മംഗളശീല,
എന്നെന്നുമെൻപ്രാണനാം;-
ണെങ്കിലും ലോകത്തിന്റെ
കണ്ണിലെത്രയുംഭിന്ന-
യാണുപോൽമതംമൂലം
മിണ്ടുവാൻമേലാ;ലോകം
കണ്ടുപോയെന്നാൽകഷ്ടം!
(ഇങ്ങലാന്നിതുമട്ടി-
ലെത്രനാൾനയിക്കും ഞാൻ?)
മതമേ,യനീതിതൻ
തൂലികത്തുമ്പാല്, ഘോരം
നിയമം രചിച്ചെത്ര-
ജീവിതം തകർപ്പൂനീ?"

എന്നുള്ളതു് വാക്കിനും മനസ്സിനും ഗോചരമല്ല.

സംസ്കൃത ഭാഷയിൽ വാത്മീകിരാമായണത്തിനുള്ള സ്ഥാനം യാതൊന്നോ, അതത്രെ ഹിന്ദിഭാഷയിൽ തുളസീദാസരാമായണത്തിനുള്ളതു്. വാത്മീകിരാമായണംപോലെതന്നെ തുളസീദാസരാമായണവും, ഉത്തരഭാരതത്തിലെ പുണ്യസ്ഥലങ്ങളിൽ, അസംഖ്യം ശ്രോതാക്കളുടെ സന്നിധിയിൽവെച്ചു്, പണ്ഡിതന്മാർ ദിനവും വായിച്ചു് അർത്ഥം പറഞ്ഞുപോരുന്നു, വാത്മീകി രാമായണത്തിനും തുളസീദാസരാമായണത്തിനും തമ്മിൽ ഒരു വലിയ വ്യത്യാസമുണ്ടു്. വാത്മീകിരാമായണത്തിൽ സൽഗുണസമ്പൂർണ്ണനായ ഒരു രാജകുമാരൻ മാത്രമാണു് രാമൻ; തുളസീദാസരാമായണത്തിൽ, അദ്ധ്യാത്മരാമായണത്തിലെന്നപോലെ, സാക്ഷാൽ ജഗദീശ്വരൻതന്നെയാണു് ലീലാമനുഷ്യനായ രാമചന്ദ്രൻ. വേറൊരുവിധത്തിൽ പറയുന്നപക്ഷം, വാത്മീകി പ്രകൃതിനിരീക്ഷകനായ ഒരു മഹാകവിയും തുളസീദാസൻ ഭക്തിപൂരിത സ്വാന്തനായ ഒരു മഹാജ്ഞാനിയുമത്രെ.

രാമവിഷയകമായ രതിഭാവത്തിൽ, കവനാരാമവിഹാരിയായ തുളസീദാസനും, കദളീവനസ്ഥനായ ശ്രീ ഹനുമാനും സമാനധർമ്മാക്കളാണെന്നു പറഞ്ഞാൽ അതിശയോക്തിയാകയില്ല. ഏതൊരു കക്ക്ശഹൃദയത്തെയും, നിലാവു് ചന്ദ്രകാന്തത്തെ എന്നപോലെ, നിഷ്പ്രയാസം അലിയിക്കുന്ന അത്ഭുതകരമായ ഭക്തിരസം "രാമചരിതമാനസ"ത്തിലെ ഓരോവാക്യത്തിന്മേലും അമൃതു് പുരട്ടിയിട്ടുണ്ടു്. രാമചരിതമാകുന്ന മാനസസരസ്സിൽ രമിക്കുന്ന ഒരു രാജഹംസത്തിന്റെ മധുരകൂജിതമാണു്, നാം തുളസീദാസരാമായണത്തിൽനിന്നു കേൾക്കുന്നതു്. തുളസിയുടെ രസനാഞ്ചലത്തിൽ നൃത്തംചെയ്യുന്ന വാഗ്ദേവിയുടെ തൃക്കാൽത്തളകിലുക്കമാണെന്നു് ഉൽപ്രേക്ഷിക്കാം.

ദ്വീപാന്തരങ്ങളിൽപോലും തത്തൽഭാഷകളിലൂടെ ചെന്നെത്തി, അവിടങ്ങളിലെ സഹൃദയന്മാരാൽ സാദരം സൽക്കരിക്കപ്പെട്ടിട്ടുള്ള ഒരു മഹാകാവ്യമാകുന്ന "രാമചരിതമാനസം" അത്രെ, അനശ്വരമായ ലോകസാഹിത്യത്തിൽ ഉൾപ്പെട്ടിട്ടുള്ള ഒന്നുതന്നെയാണു് ഈ തുളസീദാസകൃതി. ഇതിന്റെ തർജ്ജമകൾ ഗദ്യത്തിലും പദ്യത്തിലും ഭാഗ്യവശാൽ കൈരളിക്കും സിദ്ധിച്ചിട്ടുണ്ടെങ്കിലും. അവ കേരളീയരെ തൃപ്തിപ്പെടുത്തുന്നതിൽ ഇന്നും അപൂർണ്ണങ്ങളായി ഇരിക്കുന്നതേയുള്ളു.

പരശുരാമശ്രീരാമസംഭാഷണവേളയിൽ അസഹിഷ്ണുവായിത്തീർന്നു ഇടയ്ക്കു കയറി പറയുന്ന ലക്ഷ്മണവാക്യങ്ങൾ, അദ്ദേഹത്തെ തുളസീദാസൻ എത്രമാത്രം ധീരവീര പരാക്രമിയായ ഒരു ക്ഷത്രിയകുമാരനാക്കി തീർത്തിട്ടുണ്ടെന്നു് ആ ഗ്രന്ഥം പാരായണം ചെയ്തിട്ടുള്ളവർ അനുഭവിച്ചറിഞ്ഞിട്ടുള്ള പരമാർത്ഥം മാത്രമാകുന്നു. ഇതുപോലെ ഇതര രാമായണങ്ങളിൽനിന്നും വ്യത്യസ്ഥമായ പലഭാഗങ്ങളും ഇതിൽ കാണ്മാനുണ്ടു്. അവയൊന്നും ഈ ചെറുലേഖനത്തിൽ എടുത്തു കാണിക്കുവാൻ വിചാരിക്കുന്നില്ല.

അക്ഷുണ്ണങ്ങളായ ആശയങ്ങളാലും അക്ഷുദ്രമായ ഭക്തിവിലാസത്താലും, അനർഗ്ഗളമായ വാചാപ്രവാഹത്താലും അലംകൃതമായി ആരാധനീയമായിരിക്കുന്ന ഈ മഹാഗ്രന്ഥം, എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണമെന്നപോലെ, കേരളക്കരയിലും പ്രചുരപ്രചാരമായി ഭവിക്കട്ടെ.

ഹിന്ദിഭാഷയിലെ ഒരു പ്രസിദ്ധ നിരൂപകനായ പണ്ഡിത "ബാബുരാമമിശ്ര" വിശാരദൻ എഴുതിയിട്ടുള്ള ലേഖനത്തിൽനിന്നു് ഒരുഭാഗം താഴെ ഉദ്ധരിക്കുന്നു. "യഥാർത്ഥ ഈശ്വരഭക്തന്മാർ പ്രാപഞ്ചികരെ വിഭ്രമിപ്പിക്കുന്നതിനുവേണ്ടി ചമൽക്കാരങ്ങൾ കാണിക്കുകയില്ല. എന്നാൽ സർവ്വലോകനാഥനിൽ ശ്രദ്ധാഭക്തികൾ ഉദ്ഭൂതമാക്കുന്നതിനുവേണ്ടി അവർ അനുഷ്ഠിക്കുന്ന ഉപായങ്ങൾ, പാമരദൃഷ്ടിയിൽ ചമൽക്കാരങ്ങളായി കാണപ്പെട്ടു" ഗോസ്വാമിയുടെ ജീവചരിത്രത്തിൽ പ്രത്യക്ഷമാകുന്ന ചമൽക്കാരങ്ങളിൽ സർവ്വപ്രധാനമായതും, ലോകത്തെ ആകമാനം അത്യാശ്ചര്യസ്തബ്ധമാക്കുന്നതുമായ ചമൽക്കാരം "രാമചരിതമാനസം" എന്ന സുകൃതിഗ്രന്ഥം ഒന്നുമാത്രമാകുന്നു.

# കവനാഞ്ജലി

(ഒരു ആസ്വാദനം)

(വിദ്വാൻ വട്ടോളി കൊച്ചുകൃഷ്ണൻനായർ)

ഏതാണ്ട് രണ്ടു വ്യാഴവട്ടക്കാലത്തിനുമുമ്പ്, വിദ്യാർത്ഥിയായിരുന്നപ്പോൾ തന്നെ യുവകവി എന്ന പേരെടുത്ത മി. അമ്പലപ്പുഴ കെ. പി. ഗോപാലപിള്ള, കൈരളിയുടെ കനകകണ്ഠത്തിലർപ്പിച്ച, നൂതന കവനസമാഹാരമാണ് "കവനാഞ്ജലി" ഇതിൽ അത്യുന്നതങ്ങളായ ആദർശങ്ങളും, ആസ്വാദ്യങ്ങളായ ആശയങ്ങളും അടങ്ങിയിട്ടുണ്ടെന്ന് മഹാകവി വള്ളത്തോൾ അഭിപ്രായപ്പെടുന്നു. കവിതിലകൻ ജി. ശങ്കരക്കുറുപ്പിന്റെ ആമുഖവും സാഹിത്യരസികനായ മി. കുറ്റിപ്പുഴയുടെ അവതാരികയും ഈ ലഘുഭൂഷണത്തിന് മാറ്റേറ്റുന്നുണ്ട്.

സംസ്കാരസമ്പന്നനായ ഒരു കേരളീയകലാകാരനനുയോജ്യമായവിധം പതിനഞ്ചു വിവിധവിഷയങ്ങളിൽ കവിയുടെ ഭാവന യഥേഷ്ടം വിഹരിക്കുന്നതായി കവനാഞ്ജലിയിൽ നമുക്കു കാണാൻ കഴിയുന്നു. "ഉഷസ്സംഗീതം" "മഴവില്ല്" "പൂർണ്ണചന്ദ്രൻ" എന്നീ കൃതികൾ കവിയുടെ സൗന്ദര്യബോധത്തിനും, പ്രകൃതിവർണ്ണനാപാടവത്തിനും ദൃഷ്ടാന്തങ്ങളാണ്. "യുദ്ധയാത്ര", "വീരസിംഹമേ നമസ്കാരം", എന്നീകൃതികൾ വീരാരാധനാകൗതുകത്തിനും, "നിരാകൃതയായ ശകുന്തള", "ഒരു വീരകൃത്യം" ഇവ പുരാണപ്രേമത്തിനും, "അഖിലനായകനൊരാൾക്കറിഞ്ഞിടാം", "ജയിക്കവേദാത്മികേ" എന്നിവ വേദാന്തവിജ്ഞാനവിലസിതമായ ആസ്തിക്യബോധത്തിനും ഉത്തമനിദർശനങ്ങളായി പരിലസിക്കുന്നു

ആമുഖകർത്താവായ ശ്രീ'ജി, യുടെ പ്രസ്താവനപോലെ കവി "വിശിഷ്ടാശയസമ്പന്നനായ ഉല്ലേഖഗായകനാണെന്നുള്ളതിന്" അനവധി ദൃഷ്ടാന്തങ്ങൾ ഉദ്ധരണീയങ്ങളായിട്ടുണ്ട്. കവിക്കുതുല്യം ഏവർക്കും മോദമേകി വാനിൽ വിലസുന്ന പൂർണ്ണചന്ദ്രൻ കവിയുടെ ഭാവനയിൽ ഇരുപതോളം ഉല്ലേഖനത്തിനു വിഷയമായിട്ടുണ്ട്. മാതൃകയ്ക്കായി രണ്ടോ മൂന്നോ ഉല്ലേഖങ്ങൾ ഉദാഹരിക്കാം.

"നിശീഥിനീദേവികരത്തിലേന്തും
വിരിഞ്ഞ ലീലാംബുജമെന്നപോലെ
അനംഗയാത്രോത്സവവേളയിങ്കൽ
പിടിച്ച പുത്തൻശരറാന്തൽപോലെ;"

"ആശാന്തതാംഗീവനിതാവൻകരത്തിൽ
തങ്ങുന്നതങ്കച്ചുറുവാളുപോലെ.
കല്പവൃക്ഷങ്ങളിലൊന്നിൽനിന്നു
ഞെട്ടറ്റുവീണുള്ള സുമം കണക്കേ"

"ഐരാവതത്തിന്റെയനർഘനെറ്റി
പ്പട്ടത്തിൽനിന്നും ചുവടറ്റുവീണ്
നീലാംബരത്തിങ്കലുടക്കിനിൽക്കും
പുത്തൻസുവർണ്ണക്കമലപ്പൂതല്പം."

അനുയോജ്യമായ അവസരങ്ങളിൽ ആസ്തിക്യബോധവും ദേശീയബോധവും വളർത്തുന്നതിനുള്ള കവിയുടെ ഉദ്യമം ശ്ലാഘനീയവും അഭിനന്ദനീയവുമായിട്ടുണ്ട്. മഴവില്ലിലെ വിവിധവർണ്ണസമ്മേളനത്തിൽ കവി ഉൽബോധിപ്പിക്കുന്ന തത്വമിതാണ്.

"പുണ്യധരിത്രിയാം ഭാരതത്തിലേവം
വർണ്ണങ്ങൾ ഭിന്നമാണൊന്നാകിലും
എത്രയുമൈക്യമായ് വാഴേണമെന്നല്ലി —
ചിത്രീകരിപ്പതീയിന്ദ്രചാപം."

ഭാരതാന്തരീക്ഷത്തിലെ വർഗീയകലാപത്തിൽ ഉള്ളലഞ്ഞ കവിയുടെ ഭാവന എത്ര പ്രശംസാർഹമായ ആശയമാണ് ആവിഷ്കരിച്ചിരിക്കുന്നത്.

ജടായുവീരൻ, സീതാപഹരണഘട്ടത്തിൽ 'ജീവൻഗമിപ്പോളം, രാവണനോടു പടവെട്ടിയ കഥാവസ്തുവിനെ ചിത്രീകരിക്കുന്ന "വീരകൃത്യം" എന്നകൃതിയിൽ എത്ര സമഞ്ജസമായ

(ശേഷം 419-ാം പേജിൽ)

# ജാഗലാൽ ചൌധുരി

(പി. കെ. വാസുദേവൻനായർ ബി. എ. പെരുന്ന)

ഇന്ത്യൻ രാഷ്ട്രീയ വിപ്ലവ ചരിത്രത്തിലെ ഒരു അവിസ്മരണീയാദ്ധ്യായമാണ് ജഗേലാൽ ചൌധുരിയുടെ മഹത്ത് ജീവിതം. രക്തലിപികളിൽ രേഖപ്പെടുത്തേണ്ട ആ വീര നാമധേയം ഏതൊരു ദേശാഭിമാനിയും പുളകോൽഗമത്തോടുകൂടി മാത്രമേ സ്മരിക്കുകയുള്ളൂ. സ്വാതന്ത്ര്യത്തിന്റെ അരുണോദയ പുലർച്ചയിൽ 1942 ആഗസ്റ്റ് 8—ാംതീയതി ഇന്ത്യൻ നാഷനൽ കോൺഗ്രസ്സ് "ക്വിററു് ഇന്ത്യാ" പ്രമേയം പാസ്സാക്കിയതിനെ തുടന്ന് രാഷ്ട്രീയാന്തരീക്ഷം പ്രക്ഷുബ്ധമായി. സ്വാതന്ത്ര്യസമ്പാദനത്തിനുള്ള സുഗമവും സുനിശ്ചിതവുമായ മാർഗ്ഗം വിപ്ലവം മാത്രമാണെന്നു മാർക്സിയൻ തത്വശാസ്ത്രത്തിൽ ചൌധുരി പൂർണ്ണമായി വിശ്വസിക്കുകയും വിദേശീയ മേധാവിത്വത്തിന്റെ ഉന്മൂലനാശത്തിനായി ഭേരിയോൽബുദ്ധത ജനതതിയിൽ പകരുകയും അക്ഷീണവും അത്യുഗ്രവുമായ നേതൃത്വം നൽകി അവരെ കർമ്മോന്മുഖരാക്കുകയും ചെയ്തു. രാജ്യരക്ഷാനിയമപ്രകാരം ബ്രിട്ടീഷ് ഗവമെന്റ് ദീർഘിച്ച പത്തുവർഷക്കാലത്തേക്ക് ബങ്കിപ്പൂർ ജയിലിലെ ഇരുമ്പഴികൾക്കുള്ളിൽ ആ പുരുഷസിംഹത്തെ അടച്ചുപൂട്ടിയെങ്കിലും ശ്രീകൃഷ്ണസിൻഹാ, ബിഹാർ പ്രോവിൻസിലെ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടയുടനെ അദ്ദേഹവും സഹപ്രവർത്തകരുംകൂടി നിർവഹിച്ച പ്രഥമകൃത്യം ആ "ജയിൽപക്ഷിയെ" മോചിപ്പിച്ച് മന്ത്രിപദത്തിലേക്ക് അവരോധിക്കുകയായിരുന്നു. മുടി ചൂടിവാണിരുന്ന മന്നരെ ഇടുങ്ങിയ കൽത്തുറുങ്കുകളിലേക്ക് ആനയിക്കപ്പെടുന്നതിന് ജനകീയ വിപ്ലവങ്ങൾ മാർഗ്ഗം തെളിയിച്ചിട്ടുണ്ടെങ്കിലും ഒരു കുററവാളിയെ മന്ത്രിയാക്കുന്നതിന് മോചിപ്പിച്ചിട്ടുള്ള സംഭവങ്ങൾ ചരിത്രത്തിന്റെ ഏടുകൾക്കുപോലും അജ്ഞാതമത്രെ! അക്കാരണം കൊണ്ടുതന്നെ ജാഗലാൽ ചൌധുരിയുടെ ജീവിതത്തിലേക്ക് ഒന്നു പിൻതിരിഞ്ഞു നോക്കുന്നത് രസാവഹമായിരിക്കും.

സാമാന്യത്തിൽ സ്വല്പം കുറഞ്ഞ പൊക്കം അല്പം ഇരുണ്ട നിറം; ആജ്ഞാവാഹകങ്ങളായ അക്ഷിയുഗ്മങ്ങൾ, ആർഭാടരഹിതവും അകൃത്രിമവുമായ ബാഹ്യാഡംബരങ്ങൾ; നിർഭയത്വത്തിന്റേയും നിസ്വാർത്ഥസേവനത്തിന്റേയും ഉടലെടുത്ത അവതാരം; ഏതാണ്ട് അങ്ങനെ അദ്ദേഹത്തെ ചിത്രീകരിക്കാം. ബീഹാറിലെ സാറൻ ഡിസ്ട്രിക്റ്റിലെ കുലീനവും ആഭിജാത്യമേറിയതുമായ ഒരു പ്രശസ്ത പാഴ്സി കുടുംബത്തിലാണ് അദ്ദേഹം ഭൂജാതനായത്. വിദ്യാർത്ഥിയായിരുന്നപ്പോൾ തന്നെ ഇന്ത്യൻനാഷനൽ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങൾ അദ്ദേഹത്തെ ആകർഷിച്ചു. താമസംവിനാ ഭാരതഭൂമിയുടെ അസ്വാതന്ത്ര്യ ചങ്ങലപൊട്ടിച്ചെറിയുവാനായി ആ മഹൽ ജീവിതം ആത്മാർപ്പണം ചെയ്യപ്പെട്ടു. രാഷ്ട്രീയപ്രവർത്തനങ്ങൾ ദുഷ്കരമായിരുന്ന അക്കാലത്ത് സ്വാതന്ത്ര്യസമരത്തിൽ ഏർപ്പെട്ടിരുന്ന നിരവധി വീരസന്താനങ്ങളെ ഇരുമ്പഴികൾക്കുള്ളിൽ അടച്ചുപൂട്ടിയ കൂട്ടത്തിൽ ചൌധുരിയും ഉൾപ്പെട്ടിരുന്നുവെങ്കിലും 1937 വരെ അദ്ദേഹം വലിയ പ്രശസ്തിയൊന്നും ആർജ്ജിച്ചിരുന്നില്ല. 1935—ലെ ഇന്ത്യൻ ഭരണപരിഷ്കാരം അനുസരിച്ച് ബ്രിട്ടീഷ് ഇന്ത്യയിലെ എട്ടു പ്രോവിൻസുകളിൽ പ്രാദേശിക സ്വയംഭരണം നടപ്പിലാക്കിയതോടുകൂടി കോൺഗ്രസ്സ് ടിക്കററിൽ ബീഹാർ അസംബ്ലിയിലെ ഒരു പ്രതിനിധിയായി ചൌധുരിയേയും തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ സേവനങ്ങളേയും ത്യാഗങ്ങളേയും പരിഗണിച്ച് മന്ത്രിപദവും നൽകപ്പെട്ടു. കേവലം തുഛമായ ഏട്ടുമാസക്കാലമേ കോൺഗ്രസ്സ് ഭരണത്തിനു ആയുസ്സ് ലഭിച്ചിട്ടുള്ളുവെങ്കിലും സൃഷ്ടിപരമായ പല പ്രവർത്തനങ്ങളും അതിനിടയിൽ നടപ്പിലാക്കുന്നതിന് കോൺഗ്രസിനു കഴിവുണ്ടായിരുന്നു. മദ്യവർജ്ജനം പരിപൂർണ്ണമായി നടപ്പിലാക്കുന്നതിലാണ് ചൌധുരിയുടെ ശ്രദ്ധ

തമായി രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുകയും ബ്രിട്ടീഷ് ഗവർമ്മെൻറുമായുണ്ടായ അഭിപ്രായഭിന്നതയിൽ കോൺഗ്രസ് ഭരണഭാരം വിട്ടൊഴിയുകയും ചെയ്തു.

1942-ൽ കോൺഗ്രസ്സ് "ക്വിറ്റ് ഇന്ത്യാ" പ്രമേയം പാസ്സാക്കിയപ്പോൾ സാറൻഡിസ്ത്രിക്റ്റിൽ ബ്രിട്ടീഷ് മേധാവിത്വത്തോടും ആദ്യമായി പ്രത്യക്ഷസമരം പ്രഖ്യാപിച്ചതും ചൌധുരിതന്നെയായിരുന്നു. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ ബിഹാറിലെ പോസ്റ്റാഫീസുകൾ പലതും ഇടിച്ചുനിരത്തപ്പെട്ടു, പോലീസ് സ്റ്റേഷനുകളും ജയിലുകളും അഗ്നിക്കിരയാക്കി; പബ്ലിക്ക് ആഫീസുകൾ തകർത്തു് നിലംപതിപ്പിച്ചു. ജനതതിയെ ഘോരമായ വിപ്ലവത്തിലേക്ക് വലിച്ചിഴച്ചിട്ട് അധികാരശക്തി വെടിയുണ്ടകൾ ചൊരിയുമ്പോൾ നയതന്ത്രപരമായി ഒഴിഞ്ഞുകളയുന്ന നേതൃത്വമല്ലായിരുന്നു അദ്ദേഹം സ്വീകരിച്ചിരുന്നതു്; അന്ത്യനിമിഷംവരെ വിപ്ലവത്തിൻെറ മുന്നണിയിൽ ചൌധുരിയെത്തന്നെ ദർശിക്കുവാൻ കഴിഞ്ഞു. പത്തുദിവസത്തെ ഭീകരസംഭവങ്ങൾക്കു ശേഷം ചൌധുരി അറസ്റ്റു ചെയ്യപ്പെടുകയുണ്ടായി. വിപ്ലവനേതാക്കളിൽ പലരെയും ബ്രിട്ടീഷ് ഗവർമ്മെൻറ് വെടിവെച്ചു് നിഗ്രഹിച്ചുവെങ്കിലും ചൌധുരിയെ അവർ തുറുങ്കിലടയ്ക്കുകമാത്രമാണ് ചെയ്തതു്.

രാജ്യരക്ഷാനിയമപ്രകാരം നിരവധി ഗൌരവാവഹമായ ആരോപണങ്ങൾ ചുമത്തി ചൌധുരിയെ കോടതിയിൽ വിസ്തരിക്കപ്പെട്ടപ്പോഴും അദ്ദേഹം ക്ഷമായാചനത്തിനോ തന്നിൽ ആരോപിക്കപ്പെട്ടിരുന്ന ആരോപണങ്ങൾ നിഷേധിക്കുന്നതിനോ മുതിർന്നില്ല. ഇന്ത്യയുടെ അസ്വാതന്ത്ര്യം ദൂരീകരിക്കുന്നതിന് താൻ ഒരു എളിയ പങ്കുമാത്രമാണ് നിർവ്വഹിച്ചിട്ടുള്ളതെന്നും ആ മഹായത്നത്തിൽ തനിക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന ഏതൊരു കഠോരദണ്ഡവും സ്വാഗതാർഹമാണെന്നും ആ വീരാത്മാവ് സുസ്മേരവദനനായി കോടതിയെ ധരിപ്പിച്ചു. ജഡ്ജി പത്തുകൊല്ലത്തേക്ക് കഠിനതടവിന് വിധി പ്രസ്താവിച്ചപ്പോഴും ആ പൌരുഷമൂർത്തിയുടെ വദനത്തിൽ യാതൊരു ഭാവവ്യത്യാസങ്ങളും പ്രകടമായില്ല. പക്ഷേ കേവലം പതിനഞ്ചു് വയസ്സു് പ്രായമുണ്ടായിരുന്ന അദ്ദേഹത്തിൻെറ പുത്രനെ പട്ടാളക്കാർ വെടിവെച്ചു് കൊന്നു എന്നു മാത്രം കേട്ടപ്പോൾ ആ ദയാർദ്രഹൃദയം വേദനകൊണ്ടു് പൊട്ടിത്തകർന്നു. താങ്ങുവാൻ കഴിയാത്ത ഹൃദയഭാരവും ചുമന്നുകൊണ്ടാണ് ഹസ്സാരിബാഗിലെ ജയിലിലേക്ക് പോയതു്. പുത്രൻെറ ദുർമ്മരണം അദ്ദേഹത്തിൻെറ ജീവിതത്തിൽ സാരമായ പരിവർത്തനങ്ങൾ സൃഷ്ടിക്കപ്പെട്ടു. ശോകത ആ ജീവിതത്തെ മൂടിപ്പൊതിഞ്ഞു. നാലുവർഷക്കാലം അദ്ദേഹം പരിപൂർണ്ണമൌനത്തിൽ തന്നെ കഴിച്ചുകൂട്ടി. കരളുരുകുന്ന കദനാഗ്നി ആ ജീവിതത്തെ നീറിപ്പുകയ്ക്കുകയും അവസാനം അദ്ദേഹം ഒരു രോഗഗ്രസ്തനായിത്തീരുകയും ചെയ്തു. മരണത്തിൻെറ മടിത്തട്ടിലേക്ക് താണിറങ്ങിക്കൊണ്ടിരുന്ന അദ്ദേഹത്തെ ഉടനെ മോചിപ്പിക്കുന്നതിനു പല രാഷ്ട്രീയ സംഘടനകളും പ്രക്ഷോഭണം നടത്തിയിട്ടും സർ തോമസ്സ് റൂഥ്ഫോർഡും അവരുടെ അഭ്യർത്ഥനയെ ചെവിക്കൊണ്ടില്ല. പത്തുകൊല്ലത്തെ തടവുശിക്ഷ ഏഴുകൊല്ലമായി വെട്ടിക്കുറയ്ക്കുന്നതിനു മാത്രമാണ് അദ്ദേഹത്തിൻെറ സന്മനോഭാവം പ്രകടമായതു്. വിദഗ്ദ്ധന്മാരായ ഡാക്ടരുടെ ശുശ്രൂഷണത്തിൽ അദ്ദേഹത്തിനു് ജീവാപായം സംഭവിച്ചില്ലെന്നു മാത്രം.

1946-ൽ കോൺഗ്രസ് വീണ്ടുമധികാരം സ്വീകരിച്ചപ്പോൾ ചൌധുരിയും മോചിപ്പിക്കപ്പെട്ടു. അങ്ങനെ ഇന്ത്യൻ ശിക്ഷാനിയമം 93-ാം വകുപ്പിൻ പ്രകാരം തുറുങ്കിലടക്കപ്പെട്ടിരുന്ന ചൌധുരിയാണ് ഇന്നത്തെ ബീഹാർ ഗവർമ്മെൻറിൽ മന്ത്രിപദം അലങ്കരിക്കുന്നതു്. വിപ്ലവോത്സുകനായ ഒരു നേതാവായിട്ടല്ല ചൌധുരിയെ ഇപ്പോൾ ബീഹാർ സെക്രട്ടറിയേറ്റിൽ നമുക്കു ദർശിക്കുവാൻ കഴിയുന്നതു്. പ്രത്യുൽപ്രതിഭാശാലിയായ ഒരു മന്ത്രിയായും രാഷ്ട്രീയധുരന്ധരനായ ഒരു രാജ്യതന്ത്രജ്ഞനുമായിട്ടാണ്. അദ്ദേഹത്തിൻെറ വ്യക്തിമാഹാത്മ്യവും ധിഷണാശക്തിയും കുലുങ്ങാത്ത ധൈര്യവും കർമ്മധീരതയും ആരെയും അത്ഭുതപ്പെടുത്തുകതന്നെ ചെയ്യും. ആർക്കും ഏതുസമയത്തും അദ്ദേഹത്തെ സമീപിക്കുന്നതിനോ കാര്യം ഗ്രഹിപ്പിക്കുന്നതിനോ പ്രതിബന്ധങ്ങളില്ല.

ബീഹാറിലെ ജനതതിയിൽ ഇത്രമാത്രം സ്വാതന്ത്ര്യാവേശം ഇളക്കിവിട്ടിട്ടുള്ള മറ്റൊരു നേതാവില്ല. തൻെറ ദൃഢനിശ്ചയത്തിൻെറ

# കർഷകാംഗന

(കവിയൂർ എം. ജി.)

അജ്ഞാതകാനനമകുന്നിൻചരുവിലെ-
മംഗളംപൂകുന്ന ഗ്രാമമൊന്നിൽ.
ആഡംബരശൂന്യമക്കൊച്ചുഗേഹത്തി-
ലക്കർഷകാംഗനമേവിടുന്നു.
നാഗരികത്വംകരിപുരട്ടാത്തുള്ള-
ഭാഗധേയങ്ങളിൽത്തൃപ്തിപൂണ്ടു്.
നിത്യംപ്രഭാതത്തിലുന്മേഷപൂർവ്വക-
മെത്തുമവൾതൻറ പൂവാടിയിൽ.

മഞ്ഞണിഞ്ഞുല്ലസിച്ചീടുന്നമറെറാരു-
മഞ്ജുളച്ചെമ്പനീർത്താരുപോലെ.

നേടിയിട്ടില്ലവളുന്നതവിദ്യക-
ളാടിയിട്ടില്ലവൾ പൊന്നൂഞ്ഞാലിൽ
പാടിയിട്ടില്ലപ്രണയമധുരമാലും-
പ്രേമഗാനങ്ങളിലൊന്നുപോലും.
വായിച്ചിട്ടില്ലനുരാഗമഹിമക-
ളാഖ്യാനംചെയ്യുന്ന ഗ്രന്ഥമൊന്നും.
നിത്യവുമംബരവീഥിയിൽരാത്രിയിൽ-
സത്യസ്വരൂപനെഴുതുംകാവ്യം.
ആസ്വദിച്ചാനന്ദഭരമാളുമന്നവൾ-
ഹർഷാശ്രുമുത്തണിമാല ചാർത്തും
പ്രാകൃതമാകുമിത്താരിൻറസൌഭാഗ്യം-
പാടിപ്പുകഴ്ത്താൻകവികളില്ല!
മാധുരിതുളുമസ്നേഹഹൃദയത്തിൻ
മാഹാത്മ്യമാത്രുവാൻശാസ്ത്രമില്ല!
എങ്കിലുംസന്ധ്യക്കുപൂങ്കുയിലെന്നുമ-
ത്തങ്കപ്രസൂനത്തെ കീർത്തിച്ചീടും.
വിശ്വമാംശാസ്ത്രത്തിൽ "കാല" ഭാഷ്യത്തിൻറ-
വിശ്വവിശുദ്ധിതെളിച്ചെഴുതും.
ശുഭ്രപടികളുതിർക്കുമക്കാനന-
ശുഭകുസുമമാമെങ്ങുകില്ല.
നല്ലിളംകാററിലിളകിക്കളിക്കുന്ന-
വല്ലികളൊത്തവൾകേളിയാടും.
പുഞ്ചിരിതൂകിക്കുണുങ്ങിച്ചരിക്കുന്ന-
പൂഞ്ചോലമീട്ടുന്നവീണയ്ക്കൊത്തു
പാട്ടുമവ,ള,തു,കേട്ടുമനംലയി-
ച്ചാട്ടമതാരും തളിരുമെല്ലാം.
അന്തിക്കുപാടംവിട്ടെത്തുന്നതാതൻറ-
യന്തരംഗത്തിലൊളിവിതറാൻ.
വെൺകതിർവീശിവിലസുമവളൊരു-
വെള്ളിനക്ഷത്രംപോലെന്നുമെന്നും.

---

മുൻപിൽ എത്ര എതിർപ്പുണ്ടായാലും ആപത്തുണ്ടായാലും ശരി അദ്ദേഹം അചഞ്ചലനാകുകയില്ല. നാട്ടിൻറ താല്പര്യത്തിൻറ മുൻപിൽ അദ്ദേഹം സ്വന്തം താല്പര്യങ്ങൾക്ക് ഒരിക്കലും സ്ഥാനം നൽകിയിട്ടില്ല. ഇത്തരത്തിലുള്ള വ്യക്തികളെ പൊതുജീവിതത്തിൽ ചുരുക്കമായിട്ടേ നമുക്കു കാണുവാൻ കഴിയുന്നൊള്ളു. പ്രശസ്തിയെ അദ്ദേഹത്തെപ്പോലെ വെറുക്കുന്ന നേതാക്കൾ വളരെ വിരളംതന്നെ. മദ്യവർജ്ജന പ്രസ്ഥാനത്തിലാണു് ചൌധുരി ഇപ്പോൾ കൂടുതൽ ശ്രദ്ധപതിപ്പിച്ചു കാണുന്നതു്. ബീഹാറിൻറ മുതലെടുപ്പിന് അർദ്ധാംശമെങ്കിലും മദ്യവർജ്ജനത്തിനുവേണ്ടി ചിലവഴിക്കണമെന്നാണ് അദ്ദേഹത്തിൻറ അഭിപ്രായം. സൃഷ്ടിപരമായ പല നവീനഭരണ സമ്പ്രദായങ്ങളും ബീഹാറിൽ നടപ്പിലാക്കി ഭാസുരമായ ഒരു ഭാവിയിലേക്ക് പ്രസ്തുത പ്രോവിൻസിനെ നയിക്കുന്നതിന് അദ്ദേഹത്തിൻറ മഹൽസേവനങ്ങൾ സഹായിക്കുകതന്നെ ചെയ്യും. രാഷ്ട്രീയപരിജ്ഞാനത്തിൻറ ദിവ്യമായ പരിമളം പരത്തിക്കൊണ്ടു് മഹത്വത്തിൻറ മലർവാടിയിൽ എന്നെന്നും മനോജ്ഞമായി വിടർന്നു നിൽക്കുന്ന വാടാമലരത്രെ ജാഗലാൽ ചൌധുരി.

ചെറുകഥ

# രാഗിണി

(പെരുന്ന കെ. ആർ. പണിക്കർ)

അവൾ ഒരു കൃഷിക്കാരന്റെ ഏകപുത്രിയായിരുന്നു. സൗന്ദര്യത്തിൽ അവൾക്കു സമമായി ആ ഗ്രാമത്തിൽ ആരുംതന്നെ ഉണ്ടായിരുന്നില്ല. വികസിച്ചുനില്ക്കുന്ന പനിനീർപ്പൂവുപോലെ മനോഹരമായിരുന്നു, അവളുടെ സൗന്ദര്യം. കപടതയുടെ കണികപോലും നിഴലിക്കാത്ത മുഖപത്മം, നീലിമകോലുന്നതും, പ്രകാശപരിപൂർണ്ണങ്ങളുമായ മിഴികൾ, കാർവില്ലിനെ വെല്ലുന്ന ചില്ലിക്കൊടികൾ, ഇവ ദർശനമാത്രയിൽ തന്നെ ആരേയും വശീകരിക്കുവാൻ പര്യാപ്തമായിരുന്നു.

സരളയ്ക്കു വയസ്സു പതിനഞ്ചായി. താരുണ്യലക്ഷ്മി അവളുടെ സർവ്വാംഗങ്ങളിലും കളിയാടിത്തുടങ്ങി. ഇതിനിടയിൽ പല വിവാഹാലോചനകളും എത്തിക്കൊണ്ടിരുന്നു. തന്റെ പ്രിയപുത്രി ഒരു കുബേരപത്നിയായി പ്രശോഭിക്കുന്നതു കാണ്മാനുള്ള അത്യാഗ്രഹംനിമിത്തം ഗോവിന്ദപ്പിള്ള അവയെല്ലാം നിരസിച്ചുകളയുകയാണു് ചെയ്തതു്. ഈ അവസരത്തിലായിരുന്നു, ഒരു സുപ്രസിദ്ധജന്മിയായ മഠത്തിൽ കുഞ്ഞുണ്ണിക്കർത്താവിന്റെ വിവാഹാലോചനയുമായി അദ്ദേഹത്തിന്റെ കാര്യസ്ഥൻ അവിടെ എത്തിയതു്.

കർത്താവു വാർദ്ധക്യദശയെ പ്രാപിച്ചുതുടങ്ങിയ ഒരുവനാണു്. വയസ്സു് അമ്പതിനോടടുക്കും. പറയത്തക്ക യാതൊരു ക്ഷീണവും ശരീരത്തിനു് ഇതുവരെയും ബാധിച്ചിട്ടില്ല. ഭാര്യയുടെ മരണാനന്തരം വിവാഹബന്ധത്തിൽ ഏർപ്പെടാതെ കഴിഞ്ഞുകൂടുകയാണു്. ഇദ്ദേഹത്തിന്റെ വകയാണു്, ഗോവിന്ദപ്പിള്ളയുടെ കൃഷിസ്ഥലങ്ങളിൽ അധികവും!

സരള തന്റെ പിതാവുമൊത്തു പലപ്പോഴും കർത്താവിന്റെ ഗൃഹത്തിൽ പോയിട്ടുണ്ടു്. അദ്ദേഹം അവളോടു് വാത്സല്യപൂർവ്വം പെരുമാറിവന്നു. അവളും അതേരീതിയിൽ തന്നെ അദ്ദേഹത്തോടു വർത്തിച്ചു. അന്നൊക്കെ, അവൾക്കു് അതിനു് അശേഷംപോലും മടിതോന്നിയിരുന്നില്ല. തന്റെ പിതാമഹനെപ്പോലെ കരുതിവന്ന അദ്ദേഹത്തിന്റെ മുമ്പിൽ അവളെന്തിനു ലജ്ജാകുലയാകണം?

ഏതാനും ദിവസങ്ങൾ കഴിഞ്ഞശേഷം, ഒരു ദിവസം രാത്രിയിൽ, പ്രസ്തുത വിവാഹകാര്യത്തെപ്പറ്റി ഗോവിന്ദപ്പിള്ള തന്റെ പുത്രിയോടു പറഞ്ഞു. ആ വാർത്ത അവളെ വല്ലാതെ പരിഭ്രമിപ്പിച്ചു. സങ്കടംനിമിത്തം തന്റെ ഹൃദയം പിളർന്നു പോകുന്നതായി അവൾക്കു തോന്നി. ഒരു തലകറക്കം അവളെ ബാധിച്ചു. നിലത്തുവീഴാതിരിക്കുന്നതിനു വേണ്ടി അടുത്തുണ്ടായിരുന്ന ഭിത്തിയെ ആശ്രയിച്ചുനിന്നു. പിതാവിന്റെ കാരുണ്യത്തിനുവേണ്ടി അവളുടെ കരങ്ങൾ തന്നത്താൻ കൂമ്പി. ധനികനെങ്കിലും വൃദ്ധനായ ഒരുവരനെ വിവാഹംകഴിക്കുന്നതിനു് അവളെപ്പോലെയുള്ളവർ വിസമ്മതം പ്രകടിപ്പിക്കുന്നതിൽ എന്താണത്ഭുതം?

"അച്ഛാ!" ദീനസ്വരത്തിൽ അവൾ യാചിച്ചു—"അവിടുന്നു് എന്നെ ഇതിനു നിർബ്ബന്ധിക്കരുതേ. ഈ പ്രവൃത്തി എനിക്കെത്രമാത്രം സങ്കടകരമായിട്ടുള്ളതാണെന്നു് അവിടുന്നറിയുന്നുണ്ടോ? കർത്താവദ്ദേഹം ഒരു ധനികനും, മാന്യനുംതന്നെയാണു്. എനിക്കതിൽ അഭിപ്രായഭേദമില്ല. പക്ഷേ, പ്രായംകൊണ്ടു നോക്കുന്നപക്ഷം അദ്ദേഹത്തിനു് എന്റെ പിതാമഹസ്ഥാനത്തിനാണു് അധികം അർഹതയുള്ളതെന്നുള്ള സംഗതി അവിടുന്നു വിസ്മരിക്കാതിരുന്നാൽ കൊള്ളാം. വെറും ബാലികയായ ഞാൻ ഷഷ്ട്യബ്ദപൂർത്തി സമീപിക്കാറായ ഒരു വൃദ്ധനുമൊത്തു് എങ്ങിനെയാണു ദാമ്പത്യജീവിതം നയിക്കുന്നതു്? എന്നോടു വാത്സല്യമുള്ളപക്ഷം, അച്ഛൻ എന്നെ ഇതിനു നിർബ്ബന്ധിക്കരുതു്."

കോപംകൊണ്ടു ഗോവിന്ദപ്പിള്ളയുടെ കണ്ണുകൾ ചുവന്നു. എങ്കിലും, അതടക്കിക്കൊണ്ടു്—"അതൊക്കെ എനിക്കും അറിയാം. ഇതൊന്നും ആലോചിക്കാതെയല്ല ഞാനദ്ദേഹത്തിനു് വാക്കുകൊടുത്തതു്. അദ്ദേഹത്തിനു സ്വല്പം പ്രായക്കൂടുതൽ ഉണ്ടായിരിക്കാം. അതു ഞാനും സമ്മതിക്കുന്നു. പക്ഷേ, ഇക്കാണുന്ന സ്വത്തുക്കൾക്കെല്ലാം ഏകാവകാശി അദ്ദേഹമാണെന്നുള്ള സംഗതി വിസ്മരിക്കാനും പാടില്ല. അദ്ദേഹത്തിന്റെ കാരുണ്യംകൊണ്ടുമാത്രമാണു്, നാം ഈനിലയിൽ കഴിഞ്ഞുകൂടുന്ന

തെന്നുള്ള സംഗതിയും നീ നല്ലവണ്ണം ആലോചിക്കണം. അദ്ദേഹം നിന്നെ വാത്സല്യപൂർവം സൂക്ഷിച്ചു സംരക്ഷിക്കും. നിനക്കു സന്തുഷ്ടിയോടുകൂടി ജീവിതം നയിക്കാം. എന്നു തന്നെയല്ല, അദ്ദേഹത്തിന്റെ സ്വത്തിൽ അധികംഭാഗവും ഒരുകാലത്തു് നിന്നിൽതന്നെ ലയിക്കുകയുംചെയ്യും." അയാൾ ശാന്തസ്വരത്തിൽ സമാധാനംനൽകി,

"അച്ഛാ ധനമുണ്ടെങ്കിലും മനഃസുഖമില്ലാതെയുള്ള ജീവിതം ആരെങ്കിലും ഇഷ്ടപ്പെടുമോ. എനിക്കു വിവാഹമേ വേണ്ട. അച്ഛനേയും ശുശ്രൂഷിച്ചുകൊണ്ടു് ഞാൻ ഇവിടെ തന്നെ താമസിച്ചുകൊള്ളാം. അതു് അച്ഛന്നു് ഒരു സഹായമായിരിക്കുമല്ലോ. അതിനെങ്കിലും അച്ഛൻ അനുമതിതരണം."

കഠിനശിലാഹൃദയത്തെയും ഭേദിപ്പിക്കുവാൻ പര്യാപ്തമായ അവളുടെ മൊഴികൾ ഗോവിന്ദപ്പിള്ളയുടെ കോപാഗ്നിയെ ഒന്നുകൂടി വർദ്ധിപ്പിച്ചു. അത്യന്തം ക്രോധത്തോടുകൂടി അയാൾ മകളുടെ മുഖത്തേക്കൊന്നു നോക്കി. അവരുടെ നേത്രങ്ങൾ പരസ്പരം ഇടഞ്ഞു. തന്റെ പിതാവിന്റെ മുഖത്തു് ഇതുവരെയും പ്രത്യക്ഷപ്പെട്ടിട്ടില്ലാത്ത ആ കോപരസം കണ്ടപ്പോൾ അവൾ ഭയചകിതയായി മുഖം തിരിച്ചുകളഞ്ഞു. അയാൾ ഗർജ്ജിച്ചു.

"സരള, നീ ആരോടാണു് എതൃത്തു സംസാരിക്കുന്നതെന്നുള്ള സംഗതി വിസ്മരിച്ചുപോയെന്നു തോന്നുന്നു. അതു നിന്റെ കുറ്റമല്ല. തള്ളയില്ലാത്ത കുട്ടിയെന്നുള്ള വിചാരത്താൽ നിന്നെ ഞാൻ ഓമനിച്ചുവളർത്തി. അതിരറ്റു ലാളിച്ചു. അതിന്റെ ഫലമാണിപ്പോൾ കണ്ടതു്. മറ്റുള്ളവരെപ്പോലെ നിന്നെ ഞാൻ അടക്കിവളർത്തിയിരുന്നെങ്കിൽ ഇപ്പോൾ എനിക്കിതിനിടവരികയില്ലായിരുന്നു."

കോപിഷ്ടനായ പിതാവിന്റെ വാക്കുകൾ ഓരോന്നും സരളയുടെ ഹൃദയത്തിൽ ആഞ്ഞുതറച്ചു. യവനികയിൽ ചലച്ചിത്രങ്ങളെന്നപോലെ, അവളുടെ അന്തരംഗത്തിൽ തന്റെ ബാല്യകാലസ്മരണകൾ ഓരോന്നോരോന്നായി ഉദിച്ചുയരുവാൻതുടങ്ങി. ശൈശവകാലത്തു തനിക്കു സംഭവിച്ച മാതൃവിയോഗം തദനന്തരം തന്നെ വളർത്തിക്കൊണ്ടുവരുന്നതിന്നു് തന്റെ പിതാവനുഭവിച്ചകഷ്ടതകൾ, തന്റെ ഏതഭീഷ്ടവും ഉടനുടൻ സാധിച്ചുകൊടുക്കുന്നതിൽ ആ പുത്രീവത്സലൻ കാണിക്കാറുള്ള താല്പര്യവും, എന്നീകാര്യങ്ങളെപ്പറ്റി ചിന്തിക്കുംതോറും അവളുടെ പിതൃഭക്തി ഉത്തരോത്തരം വർദ്ധിച്ചു. എന്തുതന്നെയായാലും തന്റെ പിതാവിന്റെ ഹിതത്തിനു കീഴടങ്ങുവാൻ അവൾ നിശ്ചയിച്ചു.

"അച്ഛാ! ക്ഷമിക്കണം" അനന്തരം അവൾ ദയനീയസ്വരത്തിൽ അഭ്യർത്ഥിച്ചു. അതിൽ പിന്നെ അവൾ പ്രസ്തുത സംഗതിയെപ്പറ്റി ഒറ്റവാക്കുപോലും ഉച്ചരിച്ചിട്ടില്ല.

"കുഞ്ഞേ! നീ ഇതിനു സമ്മതിച്ചതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. ഏതാനും ദിവസങ്ങൾക്കുള്ളിൽ ഈ വിവാഹം നടക്കുന്നതാണു്."...............ഇതുകേട്ടു് ഞെട്ടിപ്പോയ തന്റെ പുത്രിയുടെ ശിരസ്സിൽ ചുംബിച്ചശേഷം, അയാൾ അവിടെനിന്നും പോയി.

"കമലം!" അവൾ തന്റെ പ്രിയസഖിയും പിതൃഭാഗിനേയിയുമായ പെൺകുട്ടിയെവിളിച്ചു് ഇപ്രകാരം പറഞ്ഞു.

"അച്ഛൻ പറഞ്ഞതു നീയും കേട്ടുകാണുമല്ലോ. ഞാനെന്താണു വേണ്ടതു്? ആ വൃദ്ധന്റെ ഭാര്യാപദത്തേക്കാൾ ശ്രേഷ്ഠമായിട്ടുള്ളതു് മരണംതന്നെയാണു്. അതിനു സംശയമില്ല. ഈ വിവാഹബന്ധത്തിൽനിന്നു് എന്നെ മോചിപ്പിക്കുന്നതിനു് നീ എന്തെങ്കിലും ഉപായം കണ്ടുപിടിക്കണം.

കമലം—സരളേ, കർത്താവദ്ദേഹം വൃദ്ധനാണെങ്കിലും ധനികനാണു്. ഈ ബന്ധം നിന്നെ കുബേരപദവിയിലേക്കു നയിക്കും. എന്നു നിശ്ചയമുള്ളതിനാലാണു് അമ്മാവൻ ഇതിനു നിർബന്ധിക്കുന്നതും. പിതൃഹിതത്തിനു വിപരീതമായി നീ ഒരിക്കലും പ്രവർത്തിക്കരുതു്.

താൻ പ്രതീക്ഷിക്കാത്തവിധം കമലം സംസാരിക്കുന്നതുകേട്ടപ്പോൾ സരള അത്ഭുതപ്പെട്ടുപോയി. അല്പനേരം കഴിഞ്ഞശേഷം അവൾ ചോദിച്ചു.

"കമലം, അന്നൊരുദിവസം ഞാൻ നിന്നോടുപറഞ്ഞ ആ രഹസ്യം നീ ഇത്രവേഗം മറന്നുപോയോ? അതോർക്കുന്നുണ്ടെങ്കിൽ നീ എന്നോടിപ്രകാരം പറയുകയില്ലായിരുന്നു."

"നിനക്കു ഭ്രാന്തുപിടിച്ചെന്നാണു തോന്നു

ന്നതു്. ദരിദ്രനായ്ക്കു ആ ഭാസിയെ നീ മറന്നുകളയുക. അവനെക്കൊണ്ടു നിനക്കു യാതൊന്നുംതന്നെ സാധിക്കാനില്ല. കമലം പ്രത്യുത്തരം നൽകി.

"കമലം ഞാൻ ഭാസിയിൽ അനുരക്തയാണു്. അവൻ്റെ ആ താരുണ്യവും, ആ സൗന്ദര്യവും; ആ മുരളീഗാനപാടവവും, എന്നെ വശീകരിച്ചുകളഞ്ഞു. അവനേക്കൂടാതെ ഒരു നിമിഷം പോലും ജീവിച്ചിരിക്കുവാൻ എന്നാൽ സാദ്ധ്യമല്ല."......സരള തൻ്റെ ഹൃദയഗതി സ്പഷ്ടമാക്കി.

"നിങ്ങൾ രഹസ്യമായു് സംസാരിക്കുന്നതും മറ്റും പലപ്പോഴും ഞാൻ കണ്ടിട്ടുണ്ടു്. പക്ഷെ, അതീനിലയിൽ പരിണമിക്കുമെന്നു് ഞാൻ ഉദ്ദേശിച്ചതേയില്ല. ഈപ്രകാരം വല്ല സംശയവും ഉദിച്ചിരുന്നുവെങ്കിൽ ആദ്യംതന്നെ അതിനു വിരാമമിടീപ്പിക്കുമായിരുന്നു."

സരള കെട്ടിയുയർത്തിയ മനക്കോട്ടയെല്ലാം ഇടിഞ്ഞുതകർന്നു. ഇതുവരെയും, അവൾക്കനുകൂലയായു് പെരുമാറിയിരുന്ന കമലം കൂടി പ്രതികൂലയായി. ഇനിയും അവൾ ആരിൽനിന്നാണു് ഒരു സഹായം ആശിക്കുന്നതു്?

ഭാസി അവളുടെ കളിത്തോഴനായിരുന്നു. അവൻ സരളയുടെ അടുത്തുള്ള ഒരു ദരിദ്രകുടുംബത്തിലാണു് ജനിച്ചതു്. അവർ പരസ്പരം ആത്മാർത്ഥമായി സ്നേഹിച്ചുവന്നു. അവരുടെ ആ ബാല്യസ്നേഹം പ്രായമായതോടുകൂടി പ്രണയമായു് പരിണമിച്ചു. അവർ പലപ്പോഴും, അവളുടെ തോട്ടത്തിലുള്ള ഇലഞ്ഞിമരത്തിൻ്റെ ചുവട്ടിലിരുന്നു സംസാരിക്കാറുണ്ടു്. അവർ ഇലഞ്ഞിപ്പൂക്കൾ കൊണ്ടു മാല കോർത്തു് പരസ്പരം അണിയിച്ചു രസിക്കും. ഇപ്പോൾ ദിവസം ഒരു പ്രാവശ്യമെങ്കിലും തമ്മിൽ കണ്ടു സംസാരിക്കാതെയിരിക്കുന്നതു് അവർക്കു വളരെ വിഷമമായിത്തീർന്നിരിക്കയാണു്.

അന്നുരാത്രി സരളയ്ക്കുറക്കംവന്നില്ല. വിചാരതരംഗപരമ്പരകളിൽ പെട്ടു് അവളുടെ ഹൃദയമാകുന്ന ചെറുതോണി കിടന്നിളകിക്കൊണ്ടിരുന്നു. ഇടയ്ക്കിടെ വിടുന്ന ദീർഘനിശ്വാസങ്ങളാൽ അവൾ രാത്രിയുടെ നിശബ്ദതയെ ഭഞ്ജിച്ചു. കിടക്കയിൽ തിരിഞ്ഞും, മറിഞ്ഞും, കിടന്നു ഒരുവിധം സമയംപോക്കി. കുറെ കഴിഞ്ഞായി ഒരു പൂവൻകോഴി കൂകുന്നശബ്ദം അവളുടെ ചെവിയിൽ പതിച്ചു.

സമയം കുറച്ചുകൂടി കഴിഞ്ഞു. ഒരു തണുത്ത കാറ്റെങ്ങും വീശിക്കൊണ്ടിരുന്നു. ഹാ! സൂര്യശ്രീയുടെ ആഗമനത്തെ സൂചിപ്പിക്കുന്നതിനെന്നപോലെ പ്രഭാത താരവും ഉദിച്ചുയർന്നു. മനോമോഹനവും, നിർവൃതികരവുമായ ഒരു മുരളീഗാനം, സർവ്വജീവരാശികൾക്കും ആനന്ദത്തെ പ്രദാനംചെയ്യുമാറു് എങ്ങും പരന്നു.

സരള കിടക്കയിൽനിന്നും ചാടിയെണീറ്റു. ഒരു പുതപ്പുകൊണ്ടു് സർവ്വാംഗം മൂടിപ്പുതച്ചു്, നിശബ്ദമായി വാതിൽതുറന്നു പുറത്തിറങ്ങി തോട്ടത്തിലേക്കു പുറപ്പെട്ടു. പതിവുപോലെ ആ ഇലഞ്ഞിമരത്തിൻ്റെ ചുവട്ടിൽ ഒരു കൈയിൽ ഏതാനും റോസാപ്പൂവും, മറ്റു കൈയിൽ മുരളിയുമായി നില്പുണ്ടായിരുന്നു ഭാസി.

നിദ്രാഭംഗത്താലും, വ്യസനത്താലും, വിളർത്തു, വാടിക്കരിഞ്ഞിരുന്ന സരളയുടെ മുഖഭാവം കണ്ടു് പരിഭ്രമത്തോടുകൂടി അവളുടെ കൈകൾ പിടിച്ചുകൊണ്ടു് അവൻ ചോദിച്ചു.

"സരളേ, എന്താണുവിശേഷം? നിൻ്റെ മുഖം കാണുമ്പോൾ എനിക്കു ഭയവും, ആശങ്കയും, അതിരില്ലാതെ വർദ്ധിക്കുന്നു. ഇന്നലെ സന്ധ്യാസമയത്തു നീ എന്തൊരുൽസാഹത്തോടുകൂടിയായിരുന്നു ഇരുന്നതു്? അതിനിടയിൽ എന്താണു സംഭവിച്ചതു്? അശേഷംപോലും മറയ്ക്കാതെ എല്ലാം എന്നോടു തുറന്നുപറയൂ.

സരള—ഭാസീ! നാം പരസ്പരം സക്തരായിരിക്കുന്നതു് ഈശ്വരനു് അശേഷംപോലും ഹിതമല്ലെന്നാണു തോന്നുന്നതു്. ആ കിഴവനായ കൃഷ്ണനുണ്ണികർത്താവിനെ ഭർത്താവായി സ്വീകരിക്കുന്നതിനു് എന്നോടു ഇന്നലെരാത്രിയിൽ അച്ഛൻ നിർബന്ധിച്ചു. അതിൽനിന്നു് ഒഴിഞ്ഞുമാറുന്നതിനുള്ള എൻ്റെ ശ്രമമെല്ലാം വിഫലമായു് തീരുകയാണു ചെയ്തതു്. അച്ഛൻ്റെ നിർബന്ധശീലം എത്രമാത്രമാണെന്നു് നിനക്കും അറിയാമല്ലോ. ഭാസീ! ഇനിയും നാം............അവൾ അർദ്ധോക്തിയിൽ വിരമിച്ചു. ദീർഘമായു് ഒന്നു നിശ്വസിച്ചു, അവളുടെ കവിൾത്തടത്തിൽക്കൂടി ചുടുകണ്ണീർ ധാരധാരയായു് ഒഴുകി.

തൻ്റെ ഹൃദയം ആരോ കഠാരിയാൽ കുത്തിപ്പിളർക്കുന്നതു പോലെയുള്ള ഒരനുഭവമാ

ണു് സരളയുടെ വാക്കുകൾ കേട്ടപ്പോൾ ഭാസി കണ്ടതു്.

അനന്തരം അവർ പലതും സംസാരിച്ചുകൊണ്ടിരുന്നു. വിധിയിൽ നിന്നും വിമുക്തരാകുവാനുള്ള ആലോചനകളായിരുന്നു, അവയിൽ അധികവും. അതിൽനിന്നും ഒഴിഞ്ഞുമാറുന്നതിനു് യാതൊരു മാർഗ്ഗവുമില്ലെന്നു് അവർക്കു നല്ലവണ്ണം അറിയാം. എങ്കിലും, അവർ അതിനുവേണ്ടി ശ്രമിച്ചു. പ്രേമപ്രവാഹത്തിൽപെട്ടു് ആ കാമുകീകാമുകന്മാർ എങ്ങോട്ടെന്നില്ലാതെയൊഴുകി.

കിളികളുടെ കളകള ശബ്ദം എങ്ങും മുഴങ്ങിത്തുടങ്ങി. നിരവധി റോസാപ്പൂക്കൾ ഒന്നിച്ചു വികസിച്ചു നിൽക്കുന്നതുപോലെ പൂർവ്വദിങ്മുഖം പ്രശോഭിച്ചു.

തമ്മിൽ പിരിയുവാൻ സമയമായെന്നു് അവർ അറിഞ്ഞു. അവന്റെ പിടിയിൽനിന്നു് കരങ്ങൾ മോചിപ്പിച്ചു് അവൾ തന്റെ വസ്ത്രങ്ങൾ ശരിപ്പെടുത്തി

“ഭാസീ!”..... അശ്രുക്കൾ പൊഴിച്ചുകൊണ്ടു സരള സംബോധനം ചെയ്തു. അനന്തരം അവന്റെ കരതലങ്ങൾ ഗ്രഹിച്ചു് അവയിൽ പ്രേമപൂർവ്വം ചുംബിച്ചു. അവൻ എന്തോ പറയുവാൻ ഭാവിച്ചപ്പോഴേക്കും, അതിനുമുമ്പേ, സരള അവിടം വിട്ടുകഴിഞ്ഞു. തന്നെ ഇടയ്ക്കിടെ തിരിഞ്ഞു നോക്കിക്കൊണ്ടുപോകുന്ന ആ മോഹനരൂപം ദൃഷ്ടിപഥത്തിൽനിന്നും മായുന്നതുവരെ അവൻ നോക്കിക്കൊണ്ടു നിന്നു. അതിനുശേഷം ഒരു ദീർഘനിശ്വാസത്തോടുകൂടി ആ സ്ഥലം വെടിഞ്ഞു.

മാസം ഒന്നു കഴിഞ്ഞു സരളയുടെ വിവാഹം കഴിഞ്ഞിട്ടു്. അവൾ ഇപ്പോൾ കുഞ്ഞുണ്ണിക്കർത്താവിന്റെ ഗൃഹത്തിലാണു താമസം. വിചാരവും, വിഷാദവും, വിവാഹാനന്തരം അവളുടെ ആത്മാർത്ഥസഖികളായി തീർന്നിരിക്കയാണു്. അവയെ പിരിഞ്ഞു് അവൾ അൽപസമയംപോലും കഴിക്കാറില്ല. അവളെ സന്തോഷിപ്പിക്കുവാൻ വേണ്ടി തന്നാലാകുംവിധം എല്ലാം കർത്താവു ശ്രമിക്കുന്നുണ്ടു്. അദ്ദേഹം അവളോടു സ്നേഹപൂർവ്വം സംസാരിക്കും, വളരെ വിലപിടിപ്പുള്ള പട്ടുവസ്ത്രങ്ങൾ, രത്നാഭരണങ്ങൾ എന്നിവ അവൾക്കു മുറയ്ക്കു സമ്മാനിക്കും, അവളുടെ മാനസോല്ലാസത്തിനുവേണ്ടി ഒരു മാൻകുട്ടിയേയും, ഒരു കിളിക്കുഞ്ഞിനേയും അദ്ദേഹം ഈയിടെ വാങ്ങിച്ചുകൊടുത്തിട്ടുണ്ടു്. അവയിൽ ഒന്നുംതന്നെ അവൾ തിരിഞ്ഞുനോക്കുകപോലും ചെയ്തിട്ടില്ല. അങ്ങനെ അവൾ അവിടെയൊരു ജീവച്ഛവമായി കഴിഞ്ഞുവന്നു. മനസ്സമാധാനം അടയുന്നതുവരെ അവളെ ഉപദ്രവിക്കുവാൻ കർത്താവും ഇഷ്ടപ്പെട്ടില്ല.

വാസ്തവത്തിൽ പ്രണയാഗ്നി സരളയെ നാൾക്കുനാൾ ദഹിപ്പിച്ചുകൊണ്ടിരുന്നു. ഭാസിയെപ്പറ്റി യാതൊരു വിവരങ്ങളും അവൾക്കിപ്പോൾ അറിയാൻ സാധിക്കുന്നില്ല. അവൾ തോട്ടത്തിൽ ഉലാത്തിക്കൊണ്ടിരിക്കുമ്പോൾ അവനെപ്പറ്റി സ്വപ്നം കാണാറുണ്ടു്. നോക്കുന്നിടത്തെല്ലാം ഭാസിയുടെ രൂപം കാണുന്നതായി അവൾക്കു തോന്നും. ചിലപ്പോൾ അവൾ വിചാരിക്കും. അവിടെനിന്നു് മറ്റെവിടേയ്ക്കെങ്കിലും ഓടിപ്പോയാലെന്തെന്നു്. ആത്മഹത്യചെയ്തു് ദുഃഖശാന്തി വരുത്തിയാൽ എന്തെന്നായിരിക്കും മറ്റു ചിലപ്പോഴത്തെ ചിന്ത. ഭാസി എവിടെ? ഇപ്പോൾ അവന്റെ സ്ഥിതി എന്തായിരിക്കും? എന്നീവിധമുള്ള ചോദ്യങ്ങൾക്കു് സമാധാനം കണ്ടുപിടിക്കുന്നതിനുള്ള ശ്രമമായിരിക്കും അവൾ അധികസമയവും!...... അനുദിനം അവൾക്കു ജീവിതത്തിൽ വൈരസ്യം വർദ്ധിച്ചുവന്നു. ഒടുവിൽ അവൾക്കു് ഒരാശമാത്രം ശേഷിച്ചു. ഭാസിയെ ഒറ്റപ്രാവശ്യംകൂടി കണ്ടിട്ടു മരിച്ചാൽ കൊള്ളാമെന്നു്!......

ഓരോ ദിവസങ്ങൾ കഴിയുന്തോറും തനിക്കു് ഈ ജന്മത്തിൽ ഭാസിയെ കാണ്മാൻ സാധിക്കുമൊ എന്നൊരു സംശയം സരളയുടെ ഹൃദയത്തിൽ കുതികൊണ്ടു. അവൾക്കു് യാതൊന്നിലും ശ്രദ്ധ പതിയാതെയായി. ഒരു ദിവസം ആകാശമണ്ഡലത്തിൽക്കൂടി സഞ്ചരിച്ചുകൊണ്ടിരുന്ന മേഘശകലങ്ങളെ നോക്കിക്കൊണ്ടു് മട്ടുപ്പാവിലിരിക്കുമ്പോൾ, എവിടെ നിന്നോ ശ്രവണമധുരമായ ഒരു മുരളീഗാനം അവളുടെ ശ്രുതിപുടങ്ങളിൽ പതിച്ചു. പഴയ വിചാരങ്ങൾ അവളുടെ അന്തരംഗത്തിൽ അലതല്ലി. അവൾ എത്രയും വേഗം താഴത്തിറങ്ങി തോട്ടത്തിലേക്കോടി. തോട്ടക്കാരനെയൊഴിച്ചു് മറ്റാരെയും അവിടെ കാണ്മാൻ അവൾക്കു സാധിച്ചില്ല. ഉതിർന്നുവീണുകിടന്നിരുന്ന റോസാപ്പുഷ്പങ്ങളുടെ ഇതളുകൾ എല്ലാം

കൂടിത്തട്ടിക്കൂട്ടിക്കൊണ്ടിരിക്കയായിരുന്നു, അവൻ. സരള ഭഗ്നാശയായിത്തീൎന്നു വീണ്ടും തോട്ടം ആസകലം ഒന്നുകൂടി പരിശോധിച്ചു. അക്കൊട്ടക്കാരൻ അവളെ സൂക്ഷിച്ചുനോക്കിക്കൊണ്ടിരിക്കയായിരുന്നു, അപ്പോൾ. അവൾക്കെന്തോ സംശയം തോന്നുകയാൽ, അവനെ സമീപിച്ചു. അവൾ അത്ഭുതംകൊണ്ടു മതിമറന്നുപോയി....തന്നെ വീക്ഷിച്ചുകൊണ്ടിരിക്കുന്ന ഭാസിയെയായിരുന്നു, അവൾ അവിടെ കണ്ടതു്. "സരളേ!" അവൻ മന്ദമായ് ഉച്ചരിച്ചു. അതുവരെയും മരുഭൂമിയായ് തോന്നിയ സ്ഥലം അവൾക്കിപ്പോൾ വൃന്ദാവനമായിത്തീൎന്നു.

ഒരു കുടുംബകാര്യം പ്രമാണിച്ചു്, കൎത്താവിനു് ദൂരെയുള്ള ഒരു ദിക്കിലേക്കു പോകേണ്ട ആവശ്യം നേരിട്ടു. അദ്ദേഹം സരളയെ വിളിച്ചു, യാത്ര ചോദിച്ചു. ഒരാഴ്ചയിലധികം താൻ താമസിക്കയില്ലെന്നും, അവൾക്കു് യാതൊരസൗകര്യങ്ങളും ഉണ്ടാകാതെയിരിക്കുവാൻ തക്കമുൻകരുതലുകൾ താൻ ചെയ്തിട്ടുണ്ടെന്നും, മറ്റും പറഞ്ഞു് അവളെ സമാധാനപ്പെടുത്തിയശേഷം അദ്ദേഹം യാത്രപുറപ്പെട്ടു

ഭാസിയെ കാണ്മാൻ സാധിച്ചതുകൊണ്ടുമാത്രം സരള തൃപ്തിപ്പെട്ടില്ല. ഏതെങ്കിലും വിധത്തിൽ അവനെ തൻെറ മണിയറയിൽ വരുത്തുന്നതിനും, തൻെറ മനസ്സിലുള്ള വിചാരങ്ങളെല്ലാം അവനെ അറിയിക്കുന്നതിനും, അവൾ ആശിച്ചു. വിശ്വസ്തയായ ഒരു പരിചാരികമുഖാന്തരം അവൾ തൻെറ ആഗ്രഹസാദ്ധ്യം വരുത്തി. രാത്രി വളരെ ഇരുട്ടിയിരുന്നു. പരിചാരകരെല്ലാം നിദ്രാവശഗരായി. ഭാസിയെ കൂട്ടിക്കൊണ്ടുവന്ന പരിചാരികയും ആ സ്ഥലം വിട്ടു. ആ മുറിയിൽ അവർ തനിച്ചായി. അവർ സംസാരിച്ചുതുടങ്ങി.

"ഭാസി, നാം തമ്മിൽ പിരിഞ്ഞതു മുതൽ എൻെറ മനസ്സിൽ ഉദിച്ചുയൎന്നു കൊണ്ടിരുന്ന വിചാരപരമ്പരയെല്ലാം നിന്നെ അറിയിക്കാതെ എൻെറ ഹൃദയത്തിനു ശാന്തി ലഭിക്കയില്ലെന്നു ബോദ്ധ്യമായതിനാലാണു്, ഞാൻ നിന്നെ ഇവിടെ വരുത്തിയതു്.

ഭാസി;—ഈ ജന്മത്തിൽ ഇനിയും നാം തമ്മിൽ സന്ധിക്കുമെന്നു ഞാൻ ഉദ്ദേശിച്ചിരുന്നില്ല. എന്നും കൊച്ചുകുട്ടികളായിത്തന്നെ ഈശ്വരൻ നമ്മെ സൃഷ്ടിച്ചിരുന്നെങ്കിൽ നമുക്കു് ഈ സങ്കടം അനുഭവിക്കേണ്ട ആവശ്യം ഇല്ലായിരുന്നു് പലതും പുലമ്പി നിന്നെ ഞാൻ സങ്കടപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. പ്രിയപ്പെട്ട സരളേ! നീ എന്നെ മറന്നുകളയുക. നീ നിൻെറ ഭൎത്താവിനോടുകൂടെ ഒത്തു സുഖമായി വാഴുക! നമുക്കിനിയും പരലോകത്തുവെച്ചു തമ്മിൽ കാണാം.

സരള—ഇവയെല്ലാം ക്ഷമാപൂർവ്വം കേട്ടുകൊണ്ടിരുന്നു. അവൾ ഉദ്ദേശിച്ചു, താനും മരിക്കുവാൻ നിശ്ചയിച്ചിരുന്ന കാര്യം അവനോടു പറയുവാൻ. ഇപ്രകാരം തങ്ങളുടെ മനസ്ഥിതി പരസ്പരം ധരിപ്പിച്ചും, സങ്കടശമനം വരുമാറു ചിരിച്ചും രസിച്ചും, വിലപിച്ചും, സല്ലാപാദികളിൽ ലയിച്ചും അവർ സമയം നയിച്ചു.

തൻെറ ജോലികളെല്ലാം വേഗം തീൎത്തു മൂന്നാം ദിവസം തന്നെ — അതെ, സരള ഭാസിയെ ക്ഷണിച്ചു വരുത്തിയ ദിവസം തന്നെ - കൎത്താവു് വീട്ടിലെത്തി. തൻെറ കൂടെ പെട്ടിയും ചുമന്നു കൊണ്ടു വന്നിരുന്ന കൂലിക്കാരനു പ്രതിഫലം കൊടുത്തു പറഞ്ഞയച്ചശേഷം നിദ്രാവശഗനായ് ശയിച്ചിരുന്ന ഒരു പരിചാരകനെ വിളിച്ചുണൎത്തി താൻ കൊണ്ടുവന്ന സാധനങ്ങൾ എല്ലാം എടുത്തകത്തു വെപ്പിച്ച ശേഷം സ്നാനാശനാദികൾക്കായ് പോയി. അതിനിടയിൽ താൻ വന്നിരിക്കുന്ന വിവരം സരളയെ ഗ്രഹിപ്പിക്കുവാൻ ഒരു പരിചാരകനെ നിയോഗിച്ചു.

അതുവരെയും മട്ടുപ്പാവിൽ സംഭാഷിച്ചു കൊണ്ടിരുന്ന ആ കാമുകീകാമുകന്മാർ തന്നെപ്പോലും മറന്നു്, ഉച്ചത്തിൽ സംസാരിക്കുവാൻ തുടങ്ങി അവർ പ്രേമാന്ധതയിൽ അത്രമാത്രം മുഴുകിയിരുന്നു! പ്രത്യേകിച്ചു് അന്നു തന്നെ കൎത്താവു് വന്നു ചേരുമെന്നു് അവർ ഉദ്ദേശിച്ചിരുന്നതുമല്ലല്ലോ.

മുറിയുടെ വാതുക്കൽ എത്തിയ പരിചാരകനു് അകത്തുനിന്നു് ഏതോ പുരുഷൻെറ ശബ്ദം കേൾക്കുന്നതായി തോന്നി. അവൻ വാതിലിനോടു ചേൎന്നു നിന്നു ശ്രദ്ധിച്ചു. അവൻെറ ശ്രവണശക്തി അവനെ ചതിച്ചതല്ലെന്നു് അവൻ മനസ്സിലാക്കി. വാതിൽ ചവുട്ടിപ്പൊളിച്ചു് അകത്തു കടന്നു് അവനെ കൊന്നുകളഞ്ഞാലെന്തെന്നു് ആ പരിചാരകൻ ഉദ്ദേശിച്ചു. പക്ഷെ, ആലോചനാശക്തി അവനെ അതിൽനിന്നും നിവൎത്തിപ്പിച്ചു. ഏതായാലും യജമാനനെ അറിയിക്കുകയാണു

ത്തമം എന്നുത്തരിച്ച് അവൻ കർത്താവിന്റെ സമീപത്തെത്തി, ആവിവരം ധരിപ്പിച്ചു.

പ്രസ്തുതവാർത്ത കർത്താവിനെ സ്തബ്ധനാക്കി തീർത്തു. ഞൊടിയിടയിൽ അയാൾ സരളയുടെ മുറിവാതുക്കലെത്തി ശ്രദ്ധിച്ചു, അദ്ദേഹത്തിന്റെ കോപം ഉത്തരോത്തരം വർദ്ധിച്ചു. "ഈ നിമിഷം ഞാൻ അവരെ വധിക്കും." അയാൾ അലറി. തനിക്കിതുനിമിത്തം എന്തെങ്കിലും ആപത്തു സംഭവിച്ചേക്കുമോ എന്നു സംശയിച്ച് ആ പരിചാരകൻ കർത്താവിന്റെ കൈക്കുപിടിച്ച് ഏതോ രഹസ്യമായി മന്ത്രിച്ചു. അല്പം ആലോചിച്ച ശേഷം അദ്ദേഹം, അവനുമായി അവിടെനിന്നും മറഞ്ഞു.

സമയം പിന്നെയും കുറെക്കഴിഞ്ഞു. യജമാനൻ വന്നിട്ടുണ്ടെന്നുള്ള വിവരം ഒരു പരിചാരിക അവളെ വിളിച്ചറിയിച്ചു. ഇതുകേട്ട് അവളുടെ മുഖം വിളറിപ്പോയി. അവൾ ദാസിയെ നോക്കി പറഞ്ഞു. "ദാസി, ഉടനെ രക്ഷപ്പെടുക; അച്ഛൻ കണ്ടുപോയാൽ പിന്നെ നിനക്കു ജീവനോടുകൂടിയിരിക്കാൻ സാദ്ധ്യമല്ല."

"സരളേ! എനിക്കതിൽ ഭയമില്ല. ജീവനോടുകൂടിയിരിക്കുവാൻ മോഹമുള്ള വർക്കല്ലേ മരണത്തെ പേടിക്കേണ്ട ആവശ്യം ഉള്ളത്. എനിക്കതിനാശയില്ല." ……… അവൻതന്റെ നിരാശ വെളിപ്പെടുത്തി. ഒടുവിൽ അവളുടെ അഭീഷ്ടപ്രകാരം, പുറകുവശത്തുള്ള വാതിലിൽ കൂടിപുറത്തിറങ്ങി അവൻ ഇരുളിൽ മറഞ്ഞു.

സരളയുടെ ഹൃദയം തുടിച്ചുതുടങ്ങി. അത് അവൾക്കുപോലും കേൾക്കത്തക്കവണ്ണം അത്യുച്ചത്തിലായിരുന്നു. പരിഭ്രമം അടക്കുവാൻശ്രമിച്ചുകൊണ്ട് അവൾ കർത്താവിന്റെ ആഗമനവും പ്രതീക്ഷിച്ച് അവിടെ തന്നെ ഇരുന്നു.

എങ്ങും നിറഞ്ഞ കൂരിരുട്ട്. ആകാശത്തിൽ അങ്ങിങ്ങായി ഏതാനും നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നുണ്ട്. നേരിയ പുഷ്പ ഗന്ധവും വഹിച്ചു കൊണ്ട് മന്ദമാരുതൻ എങ്ങും വീശിക്കൊണ്ടിരുന്നു. അടുത്തുണ്ടായിരുന്ന വൃക്ഷത്തിലിരുന്ന ഒരു മൂങ്ങായുടെ മൂളൽ ആ രാത്രിയുടെ നിശ്ശബ്ദതയെ ഭഞ്ജിച്ചു. അനന്തരം ഒരു കുറുക്കൻ ഓരിയിടുന്ന ശബ്ദവും!.... അവൾ ഭയപ്പെട്ടു വിറച്ചു. അവളുടെ ഹൃദയത്തിൽ അശുഭ ചിന്തകൾ ഉദിച്ചുയർന്നു.

കർത്താവ്, അതുവരെയും അവിടെയെത്തിയില്ല. ദാസിയെപ്പറ്റിയുള്ള വിചാരം അവളെ വിഷമിപ്പിച്ചു. ഒരു വിളക്കുമെടുത്തു പുറത്തേക്കിറങ്ങുവാൻ അവൾ തുടങ്ങി. തത്സമയം വാതിൽ തള്ളി തുറന്ന് കർത്താവ് മുറിയിൽ പ്രവേശിച്ചു.

"സരളേ! പരിഭവിക്കേണ്ട. വന്നാലുടൻ തന്നെ ഞാൻ നിന്നെ വിളിക്കുമായിരുന്നു. ഉറങ്ങിക്കിടന്ന നിന്നെ ഉപദ്രവിക്കേണ്ട; കുളിയും ഊണും, കഴിയട്ടെ എന്നുദ്ദേശിച്ചായിരുന്നു, അതിനൊരുങ്ങാഞ്ഞത്. ഞാൻ നിനക്ക് ഏതാനും സാധനങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. നിനക്കതു കാണേണ്ടേ?". തന്റെ ഭൃത്യൻ കൊണ്ടുവന്ന സാധനങ്ങളെല്ലാം അവളുടെ മുമ്പിലേക്കു നീക്കി വെച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. പട്ടുവസ്ത്രങ്ങൾ, രത്നാഭരണങ്ങൾ, ഉയർന്നതരം വാസനദ്രവ്യങ്ങൾ മുതലായവയായിരുന്നു, അവ.

"ഇതിലും വിശേഷപ്പെട്ട ഒരു സാധനവുംകൂടി ഇനിയുമുണ്ട്." അദ്ദേഹം തുടർന്നു. "അത് ഈ പെട്ടിയിലിരിപ്പുണ്ട്. നീ തന്നെ തുറന്നു നോക്കൂ"

അവളെ അകാരണമായ ഒരു പരിഭ്രമം ബാധിച്ചു. തന്നിമിത്തം വിറയ്ക്കുന്ന കൈകളാൽ അവൾ ആ പെട്ടിതുറന്നു. "ഹാ!" അവൾ കരഞ്ഞു കൊണ്ട് ഞെട്ടിപ്പുറകോട്ടുമാറി.

താൻതന്റെ ജീവനേക്കാൾ വിലമതിച്ചിരുന്ന, ദാസിയുടെ രക്തപങ്കിലമായ ശിരസ്സായിരുന്നു, സരള അതിൽ കണ്ടത്. തന്നെ പ്രേമപൂർണ്ണം കടാക്ഷിച്ചിരുന്ന ആ നേത്രങ്ങൾ, അവസാനസമയത്തുപോലും "സരളേ! സരളേ! എന്നുച്ചരിച്ചു കൊണ്ടിരുന്ന ആ അധരപല്ലവങ്ങൾ, ……..അവളുടെ കണ്ണുകൾ താനേയടഞ്ഞു.

"എടീ"- താൻ വിജയിയായെന്നുള്ള ഭാവത്തിൽ. അട്ടഹാസപൂർവ്വം ചിരിച്ചുകൊണ്ട് അയാൾ ഉച്ചത്തിൽപറഞ്ഞു. "എന്നെ ചതിക്കാമെന്നാണ് നീ ഉദ്ദേശിച്ചത്. അതു [illegible]

# സല്ലാപം

(സാഹിത്യവിശാരദൻ കെ. സി. ഗോപാലപ്പണിക്കർ)

(മരണം!- ആരും അറിഞ്ഞിട്ടില്ലാത്ത ഒരു ഐന്ദ്രജാലികൻ! ദുർഭേദമായ ഒരു ഹൃദയത്തുടിപ്പിൽ കൂടെ അവന്റെ കാലൊച്ചകൾ നമുക്കു കേൾക്കാം. മധുര സല്ലാപങ്ങളാൽ മനംമയക്കുന്ന മരണത്തിന്റെ പ്രലോഭനങ്ങൾക്കു ജീവിതം വഴങ്ങിക്കൊടുക്കുന്നു.)

("പൂന്തിലഞ്ഞിപ്പൂ പെറുക്കാൻ"-രീതി)

വരുമൊരു നിശീഥിനിയിൽ
നിദ്രയിൽലയിക്കവെ നീ,
കരിമിഴിയിലൂറിനില്ക്കും
കണ്ണുനീർതുടയ്ക്കുവാൻ ഞാൻ!
പരിശുദ്ധചുംബനം പകർന്നു
നിൻപൂങ്കവിളിണയിൽ
പരിചിലോരോ രാഗമുദ്ര
ചാർത്തി ഞാൻ കൃതാർത്ഥനാകും
സുരുചിരതമങ്ങളാകും
നർമ്മഭാഷണങ്ങളാലെൻ
ചെവികളിലമൃതൊഴുക്കാൻ
നിദ്രവിട്ടുണർന്നിടും നീ.

മണിയറതൻവാതിലുക—
ളാകവെയടച്ചുപൂട്ടി
മലരണിഞ്ഞശയ്യമേൽ നീ
വീതഖേദം നിദ്രചെയ്കേ
അകലെനിന്നും നിന്നരികിൽ
വന്നലയ്ക്കുമെന്റെയോരോ
പദചലനനിസ്വനങ്ങൾ
നിസ്ത്രപംവിളിച്ചുണർത്തും.

ധൃതിരഹിതരായിടും നാ-
മാത്മവിസ്മൃതിയിൽ വീണു,
ചപലതകൾകൊണ്ടുമാത്രം
ചകിതരായ് ഹാ! പിന്തിരിയാം!....
മധുരഭാവനയിൽമാത്രം
നാമറിഞ്ഞിരുന്നൊരോമൽ
മധുവിധുനിറനിലാവിൽ
മനമിളകി നൃത്തമാടാം.

---

മല്ലെന്ന് ഇനിയെങ്കിലും നീ മനസ്സിലാക്കു്. ഇതാണു നിനക്കു ഞാൻകൊണ്ടുവന്ന സമ്മാനം എടുത്തുകൊള്ളുക."

ഇടിവെട്ടേറ്റതു പോലെ സരളയ്ക്കു തോന്നി. അല്പനേരം അവൾ ഇതികർത്തവ്യതാമൂഢയായി നിന്നു. അനന്തരം തന്റെ ഇരുകൈകളും കൂപ്പി അവൾ ഇപ്രകാരം അഭ്യർത്ഥിച്ചു. "പ്രഭോ! എന്നെ കൂടി വധിക്കുവാൻ അവിടുത്തെ കനിവുണ്ടാകണം."

"ഞാൻ അതു ഉദ്ദേശിക്കാതിരുന്നില്ല. പക്ഷേ, വേണ്ടെന്നുവെച്ചു. മരണം നിന്റെ പ്രവൃത്തിക്ക് മതിയായ ശിക്ഷയല്ല, അതിനേക്കാൾ ക്രൂരതരമായ ഒരുശിക്ഷയാണ് നിനക്കു വേണ്ടതു്. അതു മറ്റൊന്നുമല്ല. എന്നും നീ എന്റെ പ്രേമചാപല്യങ്ങൾക്കു വിധേയയാകണം. അവന്റെ ഈ രക്തം പുരണ്ട വസ്ത്രങ്ങൾ നിനക്കു കാണാനൊക്കുവണ്ണം എന്നും ഇവിടെ തന്നെ ഇരിക്കണം. എന്നാലേ എന്റെ മനസ്സിനു സമാധാനം ലഭിക്കയുള്ളൂ." അയാൾ പൈശാചികമായ രീതിയിൽ ചിരിച്ചുകൊണ്ടു പറഞ്ഞു.

എല്ലാവരും ഒരുനിമിഷനേരം പകച്ചുനിന്നുപോയി. സരള മിന്നൽപോലെ കത്താവിന്റെ നേർക്കു പാഞ്ഞു്, അദ്ദേഹം കൈയിൽ ധരിച്ചിരുന്ന കഠാരി തട്ടിപ്പറിച്ചു് തന്റെ നെഞ്ചിൽ കുത്തിയിറക്കി

"സരള നിനക്കു സ്വന്തമല്ല." ഇപ്രകാരം പറഞ്ഞുകൊണ്ട് അവൾ മൂർച്ഛിച്ചു. വീണ്ടും "ഭാസീ! ഭാസീ;" എന്നുച്ചരിച്ചുകൊണ്ട് അവളുടെ ദേഹവും ദേഹിയും തമ്മിൽവേർപെട്ടു.

"ഭാസീ! ഭാസീ!" അതിന്റെ പ്രതിധ്വനിയെന്നപോലെ കൂട്ടിൽ കിടന്നിരുന്ന ആ കിളിപ്പൈതൽ ഇടവിടാതെ ആവർത്തിച്ചുകൊണ്ടിരുന്നു.

## ചെറുകഥ

# ഭടന്റെ പുത്രൻ.

(മതിൽഭാഗം ചന്ദ്രശേഖരൻനായർ)

വസന്തകാലത്തെ സുന്ദരമായ സായംകാലം. വൃക്ഷങ്ങളുടെ ശീതളച്ഛായയിൽ ക്രീഡിച്ചഞ്ചലഗതിയോടെ ആ നദി ഒഴുകിപ്പോയ്ക്കൊണ്ടിരുന്നു. ശീതവാതം മന്ദം മന്ദം വീശിത്തുടങ്ങി. നദീതീരത്തെ പച്ചയണിഞ്ഞ പുൽപ്രദേശം! ആ മരതകപ്പച്ചവിരിപ്പിൽ അവർ രണ്ടുപേർ................

യുവതി നദിയിലെ തീക്ഷ്ണപ്രവാഹത്തെത്തന്നെ ഏകാഗ്രചിത്തയായി നോക്കിക്കൊണ്ടിരിക്കയാണ്. യുവാവ് അവളുടെ മടിയിൽ തലചായ്ച്ച് പച്ചപ്പുൽത്തട്ടിയിൽ കിടന്നുകൊണ്ട് അവളുടെ അഴകൊഴുകുന്ന മുഖാരവിന്ദത്തെ വീക്ഷിച്ചുകൊണ്ടിരുന്നു. ആ മുഖപത്മത്തിൽ അയാൾ എന്തിനെയോ അന്വേഷിക്കയായിരുന്നു.

ഒരു തണുത്ത കാറ്റ് അവരെ ഇക്കിളിയിട്ട് കടന്നുപോയി. അവളുടെ അലസമായി കിടന്ന കുറുനിരകൾ വായുവിൽ ചഞ്ചലനൃത്തം ചെയ്യുവാൻ തുടങ്ങി. ആ വായുപ്രവാഹത്തിൽ ഒന്നുരണ്ടു പുഷ്പങ്ങൾ പാറന്ന് അവളുടെ കപോലത്തെ സ്പർശിച്ചുകൊണ്ട് താഴെവീണു. അവൾ അതിൽ ശ്രദ്ധിച്ചില്ല. ഏതോ ചിന്തയിൽ മുഴുകി നദിയുടെ ചഞ്ചലമായ പ്രവാഹത്തെത്തന്നെ അനിമേഷയായി നോക്കിക്കൊണ്ടിരിക്കയായിരുന്നു. അതിന്റെ പ്രവാഹത്തിൽ അവൾ ഏതോ നിഗൂഢസത്യത്തെ തിരയുകയായിരുന്നു;

വായുവിൽ സ്വച്ഛന്ദം വിഹരിച്ചുകൊണ്ടിരുന്ന അളകങ്ങളുടെ മനോഹരമായ പെരുമാറ്റം, അവളുടെ കുസുമസുകോമളമായ കപോലപ്രദേശത്തുള്ള ആഘാതം യുവാവിന് അസഹ്യമായിത്തോന്നി. അയാൾ അവിടെ കിടന്നുകൊണ്ടുതന്നെ ആ കുറുനിരകളെ യഥാസ്ഥാനത്ത് ഒതുക്കിനിർത്തി. പക്ഷെ, അവയുടെ ചഞ്ചലസ്വഭാവത്തെ ആ യുവാവിന് തടഞ്ഞുനിർത്താൻ കഴിഞ്ഞില്ല. തന്റെ എല്ലാ ഉദ്യമത്തിലും അയാൾ പരാജിതനായി. അയാളുടെ കഴിവുകൾ അവിടെ നിലച്ചില്ല. തന്റെ രണ്ടുകൈകളും അവളുടെ കഴുത്തിലിട്ടുകൊ

---

രാക്കുളിർവിജനതയിൽ
രാക്കിളികൾപാടിടുമ്പോൾ
ആർത്തനാം നിശാസമീരൻ
ദീർഘദീർഘം നിശ്വസിക്കെ,
വിജനതയെതഴുകിനില്ക്കും
തരുനിരതൻകരിനിഴലിൽ
ഇരുട്ടടിഞ്ഞടിഞ്ഞുകാച്ച്യ-
സ്സൂടണകളിൽവെമ്പിടുമ്പോൾ,
ആദരസമന്വിതം ഞാൻ
സ്വീകരിക്കുമെന്റെമാറിൽ
മോദപൂർവ്വം വിശ്രമം
കൊതിച്ചിടും നിൻ പൂവലംഗം!! ...

ആവിലഹൃദയയായ് നീ
കാത്തിരുന്നോരാമുഹൂർത്തം
ആവതുമുപകരിപ്പാ-
നദ്യമിപ്പതാണധർമ്മം.
മാമകസമാഗമസമയ-
മാകവേളവും നിൻ
കോമളനിഴൽകണക്കെ
നിന്നെയെന്നും പിന്തുടരും.
വരുമൊരുനിശീഥിനിയിൽ
നിദ്രയിൽ ലയിക്കവെ നീ
വരണമാലയുമയത്തി-
യരികിൽനിന്റെയാത്മനാഥൻ.

ണ്ടു് ആ മനോഹരമായ മുഖത്തെ തന്റെ മുഖത്തേക്കണയ്ക്കാൻ തുടങ്ങി............

യുവതിയുടെ ചിന്ത പെട്ടെന്നു നിലച്ചു! അവൾ അയാളെ നോക്കി. അവൾ മന്ദസ്വരത്തിൽ പറഞ്ഞു. —"ഇതെന്തു്? ചുമ്മാതിരുന്നേ"

അയാൾ അതു് അനുസരിച്ചില്ല. ആ നയനങ്ങളിൽ ഒരു മാദകഭാവം നിഴലിച്ചിരുന്നു. മുഖത്തിൽ ഒരു നേരിയ പുഞ്ചിരി. അയാൾക്ക് ആ വാക്കുകൾ അനുസരിക്കാൻ കഴിഞ്ഞില്ല. ആ മുഖപത്മം സാവധാനത്തിൽ തന്റെ നേർക്ക്............

അവൾ പരിഭവത്തിൽ പൊതിഞ്ഞു് വീണ്ടും പറഞ്ഞു:—"എന്തെന്താന്നാ ഈ കാണിക്കുന്നതു്."

പക്ഷെ ആ ശബ്ദത്തിൽ എതിർപ്പുണ്ടായിരുന്നില്ല. ഹൃദയത്തെ വശീകരിക്കുന്ന പരിശുദ്ധപ്രേമം അതിൽ നിഴലിച്ചിരുന്നു. അതേ, പരിശുദ്ധസ്നേഹം! അലൗകികമായ ഒരു മാധുര്യം! അയാൾ എങ്ങിനെ അതു വകവയ്ക്കും? എന്തിനു വകവയ്ക്കണം. സാവധാനത്തിൽ മൃദുലമായ വിധത്തിൽ എന്നാൽ ദൃഢതയോടെ ആ മുഖാരവിന്ദം തന്റെ നേർക്കണച്ചു............

"ഇതെന്താന്നാ ഈ കാണിക്കുന്നെ?" പരിഭവത്തോടെ അവൾ മുഖം തിരിച്ചുകളഞ്ഞു. പക്ഷെ, അതിൽ അവാച്യമായ ഒരു മാധുര്യം നിഴലിച്ചിരുന്നു.

യുവാവു് പ്രേമംനിറഞ്ഞ ഹൃദയത്തോടെ അലസമായിക്കിടന്ന അവളുടെ തലമുടി തടവിക്കൊണ്ടിരുന്നു. ആ മുഖം കുനിഞ്ഞു. ഒരു നിമിഷനേരത്തേക്ക് അവരുടെ കണ്ണുകൾ പരസ്പരമിടഞ്ഞു. ആ നയനങ്ങൾ അവരെ പരസ്പരം ദർശിച്ചു. അന്യോന്യം തിരിച്ചറിഞ്ഞു. ചഞ്ചലവും ഉന്മത്തവുമായ ആ നയനങ്ങളിൽ തങ്ങളുടെ ഉജ്ജ്വലമായ ഭാവിയെ അവർ ദർശിച്ചു. ആ യുവതിയുടെ ഉജ്ജ്വലമായ നയനങ്ങളിൽ സമസ്തലോകവും ഭൂതവർത്തമാനഭാവികൾ ഒരുമിച്ച് അയാൾ ദർശിച്ചു. മൗനമുഗ്ദ്ധമായ ആ രംഗം നീണ്ടുനിന്നു. ആ യുവഹൃദയങ്ങളിൽ വികാരത്തിന്റെ ഓളംതല്ലൽ നടമാടിക്കൊണ്ടിരുന്നു!

യുവതി പുഞ്ചിരിതൂകി!

യുവാവു് പൊട്ടിച്ചിരിച്ചു!!

തണുത്തകാററു് വീശിക്കൊണ്ടിരുന്നു. സൂര്യദേവൻ ക്ഷീണഗാത്രനായി വാരുണീവക്ഷസ്സിൽ തലചായ്ച്ചു. അന്ധകാരം വ്യാപിക്കുവാൻ തുടങ്ങിയിരുന്നു. അമൃതകിരണൻ ഭൂതലത്തെ തലോടുവാൻ തുടങ്ങി. ആ ശീതളപ്രകാശത്തിൽ ചഞ്ചലമായ ഗതിയോടെ ഓളംതല്ലി പാഞ്ഞൊഴുകുന്ന നദിയുടെ 'കളകള'ശബ്ദമേററുകൊണ്ടു് നദീതീരത്തിൽ അവർ........അവർ രണ്ടുപേർ സ്വച്ഛന്ദം വിഹരിക്കയായിരുന്നു.

ഒരു പുഞ്ചിരിയോടെ, നിറഞ്ഞഹൃദയത്തോടുകൂടി യുവാവു് അവളുടെ മുഖാരവിന്ദത്തെ തന്റെ നേർക്കണച്ചു. ആവേശത്തോടെ ആ അരുണാധരങ്ങളിൽ ചുംബനവർഷം നടത്തി....

അതൊരു സ്വപ്നമായിരുന്നു!

പെട്ടെന്നു് അതു മാഞ്ഞുപോയി!

സ്മരണകളുടെ മറെറാരു മനോഹര രംഗമായിരുന്നു അപ്പോൾ അവളുടെ മുമ്പിലുണ്ടായിരുന്നതു്.

അവളുടെ നീണ്ട നയനങ്ങളിൽനിന്നും നാലഞ്ചു വെൺമുത്തുകൾ അടർന്നുവീണു. മാദകമായ ആ സ്മൃതിചിഹ്നത്തിൽ അതു പതിച്ചു. ആ ബാലൻ പെട്ടെന്നു പിടഞ്ഞെഴുന്നേററു. മനോഹാരിയായ ആ പുഞ്ചിരി അസ്തമിച്ചു. ആ ചഞ്ചലത, മാദകഭാവം എങ്ങോ നിലീനമായി. അവൻ എഴുന്നേററിരുന്നു. പിഞ്ചുകരങ്ങൾ അമ്മയുടെ കഴുത്തിലിട്ടുകൊണ്ടു് അസ്ഫുടസ്വരത്തിൽ അവൻ ചോദിച്ചു:—

"അമ്മേ! കരേവാന്നോ?"

അവൾ ഒന്നും പറഞ്ഞില്ല. സംസാരിക്കാനവളശക്തയായിരുന്നു.

"അമ്മേ! കരേവാന്നാ. എന്തിനാ കരേന്നേ?"

ബാലൻ വിചലിതഹൃദയനായി വീണ്ടും ചോദിച്ചു. ആകാംക്ഷനിറഞ്ഞ നയനങ്ങളോടെ അവൻ അമ്മയുടെ മുഖത്തേക്കുനോക്കി.

"ഇല്ല കുഞ്ഞേ ഞാൻ കരയുന്നില്ല; ഞാനെന്തിനാ കരയുന്നേ?"

ബാലൻ അതു ശ്രദ്ധിച്ചില്ല.

"അമ്മ കരേവാന്നു. നോക്കിയേ ഞാൻ നില്ക്കുന്നതുകണ്ടോ?"

അഞ്ചുവയസ്സുമാത്രം പ്രായമുള്ള ആ ബാലൻ മാതാവിന്റെ മുമ്പിൽ ഒരു സൈനികഭടനെപ്പോലെ എഴുന്നേറ്റുനിന്നു.

"രെഡി തയ്യാർ!"

ഒരു സൈനികോദ്യോഗസ്ഥനെപ്പോലെ ഗംഭീരസ്വരത്തിൽ അവൻ പറഞ്ഞു:—"രെഡി തയ്യാർ. അമ്മേ! സലാം! സലാം!"

നിശ്ചലമായ ഒരു തൂണിനെപ്പോലെ നിവർന്നു് നേരെ നിന്നു. വലതുകൈ പൊക്കി സൈനികരീതിയിൽ അവൻ സലാം കൊടുത്തു.

"ജയ്ഹിന്ദ്! വൺ. ട്ടൂ"

കൈതാഴ്ത്തി മുൻരീതിയിൽ നിശ്ചലനായി നിന്നു.

ബാലൻ മാതാവിനേയും മാതാവ് ബാലനേയും സൂക്ഷിച്ചുനോക്കി. അവരുടെ കണ്ണുകൾ പരസ്പരം ഇടഞ്ഞു. അവൾ തേജോയുക്തമായ ആ കണ്ണുകളിൽ തന്റെ ഭാവിയെ സൂക്ഷ്മദർശനം ചെയ്തു. പുത്രൻ തന്റെ മാതാവിന്റെ മമതാപൂർണ്ണമായ നയനങ്ങളിൽ സമസ്തലോകത്തെയും ഭൂതവർത്തമാനഭാവികളേയും ദർശിച്ചു. അവൻ പറഞ്ഞു.—അമ്മേ അച്ഛൻ പോയപ്പം ഇതുപോലെയാരുന്നു സലാം തന്നത്. ഞാനും സലാം തരാം രെഡി. സലാം. ജയഹിന്ദ്! വൺ ട്ടൂ."

അവൻ പുഞ്ചിരിതൂകി. ഉടൻതന്നെ ഭടന്റെ ഗൗരവത്തിൽ നിന്നു.

യുവതിയുടെ നയനങ്ങളിൽ നിന്നും കണ്ണുനീർ ധാരധാരയായി പ്രവഹിച്ചു. അങ്ങനെ അനങ്ങാതെ നില്ക്കുവാൻ അവൾക്കു കഴിഞ്ഞില്ല. അവളുടെ മാതൃത്വം മുമ്പോട്ടു കുതിച്ചു. ആ ഇളം പൈതലെ അവൾ വാരിയെടുത്തു. തുടിക്കുന്ന ഹൃദയത്തോടുചേർത്ത് ആശ്ലേഷിച്ചു. ബാഷ്പധാര നിലച്ചിരുന്നില്ല.

അവൾ കരഞ്ഞുപോയി!

ഗണ്ഡസ്ഥലങ്ങളുകൂടി തപ്തമായ അശ്രുധാര പ്രവഹിച്ചുകൊണ്ടിരുന്നു. പക്ഷേ, ആ നയനങ്ങളിൽ അലൗകികമായ പ്രഭാപ്രസരം നിഴലിച്ചിരുന്നു! വിചിത്രമായ ഉല്ലാസം, അലൗകികമായ ഒരു നിശ്ചയം കതിർ വീശിയിരുന്നു! കരഞ്ഞുകൊണ്ടവൾ പറഞ്ഞു:-

അതേ മകനേ! നിന്റെ സലാം ഞാൻ സ്വീകരിക്കുന്നു. ജയഹിന്ദ്! എന്റെ അഭിമാനമേ നീ ജീവിച്ചിരിക്കട്ടെ! ഭാരതത്തിന്റെ സ്വാതന്ത്ര്യഭടനായി നീ വളരെക്കാലം ജീവിച്ചിരിക്കുക!"

"ജയഹിന്ദ്! ജയഹിന്ദ്!"

അസ്പഷ്ടമായി അവർ ഉച്ചരിച്ചു.

ആ നയനങ്ങൾ ഉദ്ദീപ്തങ്ങളായിരുന്നു. എങ്കിലും ബാഷ്പപ്രവാഹം നിലച്ചിരുന്നില്ല. അതു പ്രവഹിച്ചുകൊണ്ടുതന്നെയിരുന്നു. ഭൂതകാലത്തേക്ക് അവളുടെ ഹൃദയം എത്തിനോക്കി. വേദനാപൂർണ്ണമായ ചില മനോഹര രംഗങ്ങൾ! അവൾ അതിൽ മുഴുകിപ്പോയി.

രണ്ടുവർഷം മുമ്പ്.

പരമ സുന്ദരിയായ തന്റെ ഹൃദയേശ്വരിയേയും ഓമനസ്സന്താനത്തിനേയും ആ ഗ്രാമീണകുടീരത്തിൽ വിട്ടിട്ട് അച്ഛാവാവ് നേതാജിയുടെ സ്വാതന്ത്ര്യസമരസേനയിൽ ചേന്നു. ആത്മബലിദാനത്തിന്റെ ആഹ്വാനത്തിൽ, ത്രിവർണ്ണപതാകയുടെ കീഴിൽ ഭാരതത്തിന്റെ അഭിമാന സംരക്ഷണത്തിന്നവർ ഉദ്യുക്തരായി.

"ചലോ ദില്ലി"

അതായിരുന്നു അവരുടെ ലക്ഷ്യം. നദികളും ദുർഗ്ഗമങ്ങളായ പർവതപ്രദേശങ്ങളും കടന്നു് ശത്രുക്കളുടെ രക്തത്തിൽ കുളിച്ച് അവർ അവിടെ എത്തി.

ഇംഫാലിലെ രണക്ഷേത്രത്തിലാണ് ദേശഭക്തനായ അച്ഛാവാവിന്റെ ആത്മബലിദാനം നടന്നത്........

# ചെറുകഥകളും പേരുകളും

(പി. രാമക്കയ്മൾ മണക്കാട്)

മലയാളസാഹിത്യത്തിൽ ഈഘട്ടം ചെറുകഥകളുടെ ഒരു വിളവെടുപ്പുകാലമാണ്. വാളെടുത്താൽ വെളിച്ചപ്പാടായി. എന്തെങ്കിലും നാലക്ഷരം പഠിച്ചിട്ടുണ്ടെങ്കിൽ അവനും ഒരു കഥാകൃത്തായി. അഞ്ചോ ആറോ എണ്ണം എഴുതി ഒരു പ്രസ്സിൽ ഏല്പിച്ചാൽ പുസ്തകവുമായി. ഏതായാലും പ്രസ്സുകാർക്ക് പണം കുന്നുകുന്നായി കൂട്ടാൻ ഇതുപോലൊരു സുവർണ്ണാവസരം ഇനി ഉണ്ടാവുമെന്നു തോന്നുന്നില്ല. കഥകളെഴുതി പുസ്തകമാക്കിയാൽ മതിയോ? വായനക്കാരെ ആകർഷിക്കണം. അതിനെന്താണു മാർഗ്ഗം. ഒരു യുവതിയുടെ ചിത്രമങ്ങു ചേർത്തേക്കുക- അതിനി കുറച്ചു പ്രായംകൂടിയതായാലും തരക്കേടില്ല- എന്തൊരു ചെലവായിരിക്കും ആ പുസ്തകത്തിന്! കഥയുമായി ഒരു ബന്ധവും വേണമെന്നില്ല. ആ പുസ്തകം വിടുത്തുനോക്കിയാൽ അപ്പോഴെ മൂക്കുപൊത്തണം. അത്രയുണ്ട് ആ കഥകളിൽനിന്നും പുറപ്പെടുന്ന ദുർഗ്ഗന്ധത്തിന്റെ മാഹാത്മ്യം. ഇന്നത്തെ യുവാക്കന്മാരെയും യുവതികളെയും സംതൃപ്തരാക്കുന്നതിന് അതാണ് ഏററവും പററിയമാർഗ്ഗം. ഗവണ്മെന്റിൽനിന്നും പൂരപ്പാട്ടുകൾ നിർത്തിയെങ്കിലും അതുകൊണ്ടുവല്ല പ്രയോജനമുണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. അവയെല്ലാം ഗദ്യരൂപേണ ആധുനികഗ്രന്ഥങ്ങളിൽ സ്ഥലംപിടിച്ചിരിക്കുകയാണ്. ഒരു യുവതിയും അവളുടെ കണ്ണുകൊണ്ടുള്ള കടുകവറുക്കലും കുറെ യുവാക്കന്മാരും! കഥ കേമമാകും! എങ്ങനെയെങ്കിലും കവി അവരെ ഒന്നു കൂട്ടിഘടിപ്പിക്കാതിരിക്കുകയില്ല. അതാണല്ലോ ഇന്നത്തെ ആദർശം. ഒരുത്തൻ ഒരുത്തിയെ പ്രേമിക്കുക. അവൾ മറെറാരുത്തനെ. അതങ്ങനെ നീണ്ടുനീണ്ടു പൊയ്ക്കൊള്ളും. അവസാനം കഥാകാരൻ മനപ്പൂർവമായി എല്ലാററിനെയും ബലികഴിക്കുകയും. ഇവരുടെയെല്ലാം പ്രേതങ്ങൾ എഴുന്നേററുവന്നാൽ കഥാകാരൻ ഏതുകുടകിൽ പോയി ഒളിക്കുമോ ആവോ.

അങ്ങനെ ഒരു കഥയെഴുതി എന്നുവിചാരിക്കുക. അതുമാത്രം മതിയോ? ഇനി അതിനൊരു പേരുകൊടുക്കണം. അവിടെയാണ് അയാളുടെ സാമർത്ഥ്യം മുഴുവൻ തെളിഞ്ഞു കാണുന്നത്. മലയാളത്തിൽ കഥകൾ എഴുതിയെഴുതി വന്നപ്പോൾ അവയ്ക്കു നാമകരണം ചെയ്യാൻ പേരൊന്നുമില്ലാതെ ദാരിദ്ര്യത്തിലെത്തിയിരിക്കുകയാണ്. നല്ല പേരുകളൊക്കെ മുൻഗാമികൾ തട്ടിയെടുത്തു- പിൻഗാമികൾക്ക് ഒരൊററയെണ്ണമെങ്കിലും ശേഷിച്ചിട്ടുണ്ടെങ്കിൽ സങ്കടമില്ലായിരുന്നു. ഇനി അവകാശവാദം പുറപ്പെടുവിച്ച് വല്ല വ്യവഹാരങ്ങളും ഉണ്ടാകുമോ എന്തോ? കഥാമർമ്മത്തെ ലാക്കാക്കി അതിനനുസൃതമായിട്ടായിരുന്നു ഇതുവരെയും നാമനിർദ്ദേശം ചെയ്തിരുന്നത്.

ഓ! ഒരു കാര്യം വിട്ടുപോയി. ഇപ്പോഴത്തെ കഥകൾക്കു മർമ്മമുണ്ടെങ്കിലല്ലെ അതിനനുസരിച്ചു പേരുകൊടുക്കാനൊക്കൂ. അതുമല്ലെങ്കിൽ നായികാനായകന്മാരിൽ ആരുടെയെങ്കിലും പേരു കൊടുക്കാം, ഇന്ദുലേഖയെന്നോ കുന്ദലതയെന്നോ ചന്ദ്രശേഖരനെന്നോ എന്തെങ്കിലും. അതൊക്കെ പഴഞ്ചൻ. ആ കഥയിലെ ഒരു വാക്കെടുത്തു ചേർത്തേക്കുക. വളരെ നന്നായിരിക്കും. മിക്കവാറും അവസാനത്തേതാണെങ്കിൽ ഏററവും മെച്ചം. എന്തിനു മടിക്കുന്നു. പുരോഗമനസാഹിത്യത്തിന്റെ കാലം! ആരെന്തു ചെയ്താലും ഹാ! എന്തു നന്നായിരിക്കുന്നു എന്നറിയാമോ പഴഞ്ചന്മാരുടെ പേരുകളൊക്കെ ആർക്കു വേണം. അതെങ്ങനെയും പോകട്ടെ, ആ കഥയിലെ ഒരു വാക്കാണല്ലോ എടുത്തുചേർക്കുന്നതു്. അത്രയ്ക്കെങ്കിലും ബന്ധമുണ്ട്. അങ്ങനെയെങ്കിലും സമാധാനിക്കാം.

കഥ പലതും എഴുതിക്കൂട്ടി. ധൃതിയായി അച്ചടിക്കാൻ! അതു നല്ലതാണോ ചീത്തയാണോ എന്ന് എന്തിനു ചിന്തിക്കുന്നു. എവിടെനിന്നെങ്കിലും ഒരു പിച്ചക്കാരനെയും പിച്ചക്കാരിയെയും മഴയാണെന്നുള്ള കാരണത്താൽ

# വാർദ്ധക്യത്തിന്റെ യുവത്വം

(കവിയൂർ, രാഘവക്കുറുപ്പ്)

എൺപതോടടുത്തല്ലോ വയസ്സു തിരുമേനി
യെമ്പാടും ചുളിവീണു വെള്ളിയിൽ വാർത്തു മൗലി
കാഴ്ചയും കുറഞ്ഞേററം ശക്തിയും ക്ഷയിച്ചെന്നാ
ലാശ്ചര്യം! മഹാത്മജിനവ്യയൗവനയുക്തൻ

അർദ്ധനഗ്നനായ് പാദയാനം ചെയ്തഹിംസ തൻ
സിദ്ധാന്തമിൻഡ്യൻ ഹിന്ദുമുസ്ലിങ്ങൾക്കൊപ്പം നല്കി
വിശ്വത്തിൻ വിഭാഗീയ ചിന്താശ്മജാലോഗ്രമാം

---

ഒരു നല്ലരാത്രിയിൽ ഒരു പീടികത്തിണ്ണയിൽ കയററിവിടുന്നു. അവർ 'വളരെ സുഖമായി, ആ രാത്രി നയിക്കുന്നു. അത്രയേ കഥാകാരനുദ്ദേശമുള്ളു. എന്തിനുവെറുതെ ഇവരുടെയെല്ലാം പുറകേനടന്നു് ഉള്ളരഹസ്യങ്ങളെല്ലാം ജുഗുപ്സാവഹമായി പ്രദർശിപ്പിച്ച് അന്തരീക്ഷം ദുഷിപ്പിക്കുന്നു! ഒരുപക്ഷേ കഥാകാരനും അത്തരത്തിൽപെട്ടതാണോ എന്നു് ഇപ്പോൾ തീർത്തുപറയുവാൻ ഏതായാലും തയാറില്ല.

അടുത്തകഥ മണ്ണാങ്കട്ടയും കരിയിലയുംകൂടി കാശിക്കുപോയതായിരിക്കും. മററൊന്നു് ഒരാണ്ടുമുഴുവനും വേലചെയ്യിച്ചിട്ടും കൂലികൊടുക്കാത്ത മുതലാളിയുടേതായിരിക്കും, ഇനിയും ഉഴക്കരിക്കു വകയില്ലാതെ കെട്ടിത്തൂങ്ങിമരിച്ച ഒരുത്തന്റേതാവാം. ഇങ്ങനെയുള്ള കുറെ കഥകൾ.

ഇനി ഈപുസ്തകത്തിന്നു് ഒരു പേരിടണ്ടേ തീർച്ചയായും. അതാണു് അന്വേഷിച്ചുകൊണ്ടിരുന്നതു്; ഇതുവരെയും. തന്റെ ഭാഷാപാണ്ഡിത്യക്കലവറ മുഴുവൻ തെരഞ്ഞു. അടിച്ചുവാരി പാററിത്തിരിച്ചു. ഒരെററയെണ്ണം അവിടെയെങ്ങുമില്ല. ഒടുവിൽ ഓരോ മൂലയും ഒന്നുകൂടി പരിശോധിക്കാമെന്നു തീർച്ചപ്പെടുത്തുകയാണ്. അച്ചടിക്കാനുള്ള കഥകളെല്ലാം എടുത്തു മുൻപിൽ നിരത്തി താടിക്കു് കയ്യുംകൊടുത്തു് ആലോചനയാണു്. അവസാനമടുത്തു. ഹാ! പിടികിട്ടിപ്പോയി! എന്തിനു് ഇത്രമാത്രം ബുദ്ധിമുട്ടുന്നു. എവിടെയെല്ലാം ഓടിനടന്നു. എവിടെയെല്ലാം വലഞ്ഞുതിരിച്ചു. ചുമ്മാ ഒരു കഥയുടെ പേരുതന്നെയങ്ങുകൊടുത്തേക്കണം. അതിന്നു ചേതം

അതുതന്നെ പററിയ പണി. ഏതെങ്കിലും ഒരു കഥയുടെ പേരാകാം. അതിനു പുസ്തകവുമായി ഒരു ബന്ധവും വേണ്ട. അതിൽ പുള്ളിമാൻ എന്നൊരു കഥയുണ്ടെങ്കിൽ അതുതന്നെ പുസ്തകത്തിന്റെ പേരു്. അപ്പോൾ മററുള്ളകഥകളൊക്കെയോ അത്ര പേജുതികച്ചു്. രൂപാ വാങ്ങിക്കാൻ. എന്തെങ്കിലും ഒരു പേരു കൊടുത്തെങ്കിലല്ലേ. ഇന്ന പുസ്തകം വേണമെന്നുപറഞ്ഞു് ആൾക്കെങ്കിലും എഴുതി അയക്കാനൊക്കൂ. അങ്ങനെ മിന്നാമിനുങ്ങെന്നോ നക്ഷത്രങ്ങൾ എന്നോ പ്രേമഗാനമെന്നോ എന്തുകഥാ പുസ്തകങ്ങൾ വേണമെങ്കിലും ഉണ്ടാക്കാം. പക്ഷേ ഒരുകാര്യംമാത്രം ഓർത്തുകൊള്ളൂ. പുസ്തകത്തിന്റെ പേരുള്ള ഒരു കഥ അതിൽ ഉണ്ടായിരിക്കണം. അത്രയേ നിർബന്ധമുള്ളൂ.

അങ്ങനെ ഒരു പേരു നൽകി. ഒരുമുഖചിത്രവും ചേർത്തു. പുസ്തകം ഒന്നാംതരം ഗ്രന്ഥകാരനു സായൂജ്യവും കിട്ടി. ഇങ്ങനെയുള്ള കഥാ പുസ്തകങ്ങളുടെ ഒരു സെൻസസ് എടുത്താൽ അതുതന്നെയായി ഒരുപുസ്തകം. പക്ഷേ അവയുടെയെല്ലാം പേരുപറഞ്ഞു് തൽകർത്താക്കളുടെ അപ്രീതി സമ്പാദിക്കണമെന്നു ഈ ലേഖകൻ ഉദ്ദേശിക്കുന്നില്ല.

കന്യാകുമാരി മുതൽ ഗോകർണ്ണം വരെയുള്ള കേരളക്കരയിലെ ബഹുസഹസ്രം കഥാകൃത് കീടങ്ങളിൽനിന്നും ഭാഷാദേവതക്കുണ്ടായിരിക്കുന്ന ദുസ്സഹവേദനയെ തൈലലേപനം ചെയ്തു മാററുവാൻ സാഹിത്യ സാർവ്വഭൗമന്മാരായ ഭിഷഗ്വരന്മാർക്കു കഴിയാത്തതിൽ നിർവ്യാജം വ്യസനിക്കുകയേ തരമുള്ളൂ.

# കലാവിലാസിനി

(തൃക്കൊടിത്താനം ഗോപിനാഥൻനായർ)

ശ്രീമയപ്രകാശമീ—
വിശ്വവീഥിയിൽവീശി
പ്രേമകോമളമായ
പൂമണമെങ്ങും പൂശി,
ആമന്ദമാനന്ദത്തിൻ—
പീയൂഷരസമേകി
കാമുക ഹൃദയങ്ങൾ—
ക്കാത്മനിർവൃതിനൽകി,
സ്വർഗ്ഗസൗഭാഗ്യത്തിന്റെ
പൊന്നലപൊന്തിച്ചെന്നും
ഹൃദ്യനർത്തനം ചെയ്യും
സുകൃതസ്വരൂപിണീ,
ഭാവനപ്പൂങ്കാവിങ്ക—
ലൂടെഞാനനുവേലം
ഭാസുരപ്രഭചിന്നും
താവകാകാരം കാൺമൂ!
നിന്നാംഗവിക്ഷേപങ്ങ—
ളോരോന്നും മമഹൃത്തി—
ലുന്നതാനന്ദത്തിന്റെ—
തരംഗമുതിർക്കുമമ്പോടും,
വിശ്വമാകവേ ഭവ—
ജ്ജ്യോതിസ്സിലാമജ്ജിച്ചു
വിദ്രുതംപുളകപ്പൂ—
മ്പട്ടണിഞ്ഞാനന്ദിപ്പൂ!
പൊന്നുഷഃപ്രകാശത്തിൽ
കാൽക്ഷണം കാണാം നിന്റെ
സുന്ദരമന്ദസ്മിത—
മാദകരുചിയെന്നും;
മംഗളമുതിർക്കുന്ന—
കോകിലാലാപത്തിലാ—
മഞ്ജീരസംജാതമാം
മഞ്ജുശിഞ്ജിതം കേൾക്കെ,
ഉറവുനോക്കിടും ഭവ—
ദാഗമോത്സവം കാൺമാ—
നുൽക്കണ്ഠപൂണ്ടീട്ടമെൻ
മാനസം ജാതോല്ലാസം!
മണ്ണിനെയുയർത്തിയാ—
വിണ്ണിലേക്കെത്തിക്കുന്ന
സ്വർണ്ണതൂലികകളല്ലോ
താവക കടാക്ഷങ്ങൾ!
സാന്ധ്യരശ്മിയിൽ പശ്ചി-
മാംബരത്തെങ്ങും കാണാം
കാന്തിയേറീടും നിന്റെ
പൂങ്കവിൾത്തുടിപ്പുകൾ!
മാരിവില്ലിലൂടെല്ലാം
താവകസൗന്ദര്യത്തെ
നീരദാവലിനിത്യം
പകർത്തിക്കാട്ടീടുന്നു!
ധ്വാന്തപൂരിതം നിശ
വന്നെത്തിവിതറുമാ-
കുന്തളിൽനിന്നുംവീണ
പൂക്കളാകാശത്തെങ്ങും?

---

ദുഷ്പ്രകൃതികളെല്ലാം ദൂരത്തിലെറിഞ്ഞീടാൻ
ഐക്യഭാരതാനന്ദ മോഹനപ്രാസാദത്തി -
ലാക്കുവാൻനമ്മെ നാം പാലിക്കുന്നേവരെങ്കം
നല്ലവാൻനാട്ടാർക്കെല്ലാം നന്മകൈവരുത്തീടാൻ
വാഗ്സുധവർഷിച്ചീടും വിശ്വൈകമഹാത്മാവേ
വൃദ്ധരിൽവൃദ്ധൻഭവാനെങ്കിലും യുവാഗ്രിമൻ
സിദ്ധന്മാർക്കുത്തംസമാമേതങ്ങൾനമസ്കാരം!
കേവലംവയസ്സുതാൻ മാനദണ്ഡമല്ലോർത്താൽ
യൗവനവാർദ്ധക്യാദി പ്രായനിർണ്ണയം ചെയ്വാൻ
സ്പഷ്ടമേസ്പഷ്ടമുഖ സൽകർമ്മങ്ങളാലല്ലേ
വാർദ്ധക്യയൗവനങ്ങൾ നിർണ്ണയിച്ചീടേണ്ടതാം
എത്രയോചെറുപ്പക്കാരുണ്ടു വൃദ്ധന്മാരായി
എത്രപേർവൃദ്ധന്മാരിൽ താരുണ്യപൂർണ്ണന്മാരായ്

ആയിരം കല്പിതാക്ക-
നാക്കമാം നന്ദനൽകും
ഭീയൊരു പാതിവ്രത-
യായിതാ കഴിയുന്നു!
പോരുമേ തവമഹാ-
മായികവിലാസങ്ങ-
ളാരിലുമിളക്കുവാൻ
വിഭ്രമതരംഗങ്ങൾ!
മംഗളപ്രദം കലാ-
ദേവതേ! ഭവദീയ—
സംഗമം സനാതന
ഹർഷവർഷത്തെച്ചെയ്വൂ!

.... ....

മന്ദിയാലാ വിലാസിനി!
നിത്യാഭാസുരമാം നിൻ-
മാദക തേജസ്സിങ്കൽ
വീണു ഞാനലിയട്ടെ!!

---

(402-ാം പേജിൽനിന്നും തുടർച്ച)

രീതിയിലാണ് ദേശീയപരമായ ഉൽബോധനം നൽകുന്നതെന്നു നോക്കുക:—

"പോരെങ്കിൽ ഭാരതലക്ഷ്മിയാം സീതയേ
ചോരണം ചെയ്യുന്ന ശത്രുവിനെ
വീക്ഷിച്ചുകൊണ്ടു സഹിച്ചിരിപ്പാനൊരു
പക്ഷിക്കുപോലും വരുമോ ധൈര്യം."

"ഭാരതമാതാവേ താവക ഭാവുക-
പൂരിതലക്ഷ്മിയാം മൈഥിലിയെ
ത്രാണനം ചെയ്യുവാനായി സ്വകീയമാം
പ്രാണനെപ്പോലും ബലികഴിപ്പാൻ
സന്നദ്ധയായ് വന്ന പക്ഷിപോലുമെന്നു-
തെന്നുള്ളിലോർക്കുമ്പോളെൻമേനിയിൽ
പുത്തൻപുളകസൽക്കഞ്ചുകമെന്നപോൽ
ഹൃത്തിലഭിമാനത്തെയും ചേർപ്പൂ!"

ആസ്തിക്യബോധം കവിയുടെ അന്തരാത്മാവിൽ രൂഢമൂലമായിരിക്കുന്നു എന്ന് കവനാഞ്ജലിയിലെ മിക്ക കൃതികളും സാക്ഷ്യം വഹിക്കുന്നതാണ്. ഒരു ഉദാഹരണം ഉദ്ധരിച്ചുകൊള്ളട്ടെ.

"ജഗൽപ്പിതാവു തൻ കവാടം കാത്തുകൊ-
ണ്ടരൂപിയായ് തത്ര വസിപ്പൂ നിശ്ചലം.
ഒതിനാലേകനാ, ളൂവേഴികട-
ന്നതുലശ്രീമിന്നും പരത്തിലേക്കായി
ഗതനായീടുമ്പോൾ പ്രവൃദ്ധമന്യുവാ-
ന്നതന്ത്രതാന്തനായ്, തപിച്ചീടേണമോ നാം!
പരത്തിലായാലു, മിഹത്തിലായാലും
പരൻകരുണയാം തണൽ തഴച്ചിടും
അമരശാഖിതന്നടിയിലുത്തമന്നനാ-
മമർന്നിടുന്നതെന്നറിവതുത്തമം."

ഈ കൃതിയിൽനിന്നും അചുംബിതങ്ങളായ പല ആശയങ്ങളാ ആസ്വദിക്കുവാൻ കഴിയുന്നതാണ്. മഴവില്ലുകണ്ടിട്ട് കവി പറയുന്നതു നോക്കുക.

"ആകാശത്തുമണൽത്തിട്ടയിലുത്തുംഗ-
പ്രാകാരംപോലൊരു "ഗോള"ണ്ടാക്കി
മാർത്താണ്ഡബിംബമാം കന്ദുകംകൊണ്ടൊരു
പുത്തൻകളിക്കൊരുങ്ങീടുകയോ?"

ആവശ്യത്തിലധികമായും ഔചിത്യരഹിതമായും അലങ്കാരം കോരിച്ചൊരിയുന്ന പ്രകൃതം കവിക്കില്ല എങ്കിലും കവനാഞ്ജലിയിൽ അലങ്കാരം സുലഭമാണെന്ന് പറയേണ്ടിയിരിക്കുന്നു. "പൂർണ്ണചന്ദ്ര"നിലെ അന്ത്യഘട്ടം ഇങ്ങനെയാണ്

"വിശങ്കടാനന്തപുരാന്തരത്തിൽ
മരീചിജാലിയാൽ സവിതമൂർത്തിയായി
കലാധിനാഥതാപമിയന്നു നിത്യം
ചിത്രാഭിനോകം തിരുമേനി വാഴ്ക!"

രാജകാന്തിദ്യോതകമായ ഈ ശ്ലേഷാലങ്കാര പ്രയോഗം സമഞ്ജസമെന്ന് സഹൃദയന്മാർ സമ്മതിക്കാതിരിക്കയില്ല.

തത്വചിന്താപരമായ രമണീയ ശ്ലോകോക്തികളും ഈ കൃതിയിൽ അപൂർവമല്ല.

"അതിയുഗായുഗമതിക്രമിക്കില്ലു-
മരാഗാക്ഷികൾക്കസൂക്ഷ്മതവരാ!"
"ഉലകിൽതൻകർമ്മവിപാകജാതമാം
ഫലംഭുജിക്കാതെ നിവൃത്തിയില്ലാർക്കും"

പദഘടനാപരമായി കവിക്കുള്ള നൈപുണ്യം സർവ്വഭാഗങ്ങളിലും സമധികമായി പ്രത്യക്ഷപ്പെടുന്നതിനാൽ ഉദാഹരണോദ്ധാരണം ആവശ്യമായിരിക്കുന്നില്ല.

# തിരുവിതാംകൂറിന്റെ സ്വാതന്ത്ര്യസാദ്ധ്യത

## ദിവാൻജി അവർകളുടെ പ്രഖ്യാപനം

തിരുവിതാംകൂർ ഭരണപരിഷ്കാരത്തെപ്പറ്റി നാട്ടിലെ പ്രമാണികളിൽ ചിലരുമായി നടത്തിയ ചർച്ചകൾക്കിടയിൽ ദിവാൻജി അതിപ്രധാനമായ ഒരു പ്രഖ്യാപനം ചെയ്തിരിക്കുന്നു:-

1795-ൽ ബ്രിട്ടീഷുഗവൺമെന്റുമായി സന്ധിയിൽ ഏർപ്പെട്ടപ്പോൾ ഒരു സ്വാതന്ത്ര്യരാജ്യമായിരുന്നു തിരുവിതാംകൂർ. അതുപോലെതന്നെ 1945—ൽ, തിരുവിതാംകൂർ ബാഹ്യലോകവുമായിട്ടോ, ബാഹ്യലോകത്തിലെ ഏതെങ്കിലും ഗവൺമെന്റുമായിട്ടോ വല്ല വിധത്തിലും ... ക്രിമിനൽശിക്ഷ അനുഭവിച്ചിട്ടുള്ളവരെമാത്രം 47-ാം വകുപ്പ് 2-ാം ഉപവകുപ്പ് ബാധിക്കാത്തവണ്ണം പദ്ധതിയിൽ ഒരു ഭേദഗതി വരുത്തുന്നതിനും വിരോധമില്ലെന്ന് ദിവാൻജി സമ്മതിച്ചിട്ടുള്ളതായി പറയപ്പെടുന്നു.

പ്രാതിനിധ്യക്കുറവുകൊണ്ടു ന്യൂനപക്ഷമായി ഗണിക്കപ്പെടുന്ന മുസ്ലീം, ലാററിൻ ക്രിസ്ത്യൻ എന്നീ സമുദായങ്ങൾക്കു നിയമസഭയിൽ സ്ഥാനങ്ങൾ സംവരണം ചെയ്യുന്ന കാര്യം ഫ്രാഞ്ചൈസ് കമ്മിററി പരിഗണിക്കുന്നതാണെന്നും ദിവാൻജി ഉറപ്പുനൽകിയിട്ടുള്ളതായറിയുന്നു.

എക്സിക്യൂട്ടീവിന് വിവിധഡിപ്പാർട്ടുമെന്റുകളുടെ മേൽ പരിപൂർണ്ണാധികാരം ഉണ്ടായിരിക്കത്തക്കവണ്ണം പുതിയപദ്ധതിയിൽവ്യവസ്ഥചെയ്യാമെന്നും സമ്മതിച്ചിട്ടുള്ളതായി റിപ്പോർട്ടുചെയ്യുന്നു.

പുതിയപദ്ധതിയനുസരിച്ചു നിയമസമിതിയുടെ അധോമണ്ഡലത്തിൽ 300മെമ്പറന്മാരും ഉപരിമണ്ഡലത്തിൽ ഏകദേശം അധോമണ്ഡലത്തിലുള്ളതിന്റെ പകുതിമെമ്പറന്മാരും ഉണ്ടായിരിക്കുമെന്നും ദിവാൻജി സൂചന നൽകിയിട്ടുള്ളതായറിയുന്നു.

തിരുവിതാംകൂറിലെ ബ്രിട്ടീഷ് റസിഡന്റ് ഉദ്യോഗം സമീപഭാവിയിൽ തന്നെ നിർത്തലാക്കിയേക്കാനിടയുണ്ടെന്നും സൂചിപ്പിക്കപ്പെടുന്നു.

---

മി. അമ്പലപ്പുഴ കെ. പി. ഗോപാലപിള്ള യഥാർത്ഥലോകത്തോടും ആദർശലോകത്തോടും ഒന്നിണങ്ങി പെരുമാറുന്ന ആശയസമ്പന്നനായ കവിയാണെന്ന് നിസ്സംശയം അഭിപ്രായപ്പെടാം. ആൾസംസ്കാരത്തെ ഉത്തേജിപ്പിക്കുന്ന ഉത്തമകവിതകളെക്കൊണ്ടു സമലംകൃതമായ "കവനാഞ്ജലി" വിദ്യാർത്ഥികൾക്കു സംസ്കാരബോധമുയർത്തുവാൻ പര്യാപ്തമാണ്. "അഞ്ജലി" അനവധി സഹോദരികളുമൊന്നിച്ച് മി. പിള്ളയുടെ മുമ്പിൽകൈ കൊട്ടിക്കളിക്കാനിടയാകട്ടെ എന്നാശംസിക്കുന്നു.

---

(394—ാം പേജിൽനിന്നും തുടർച്ച)

തിന്മേൽ നിയമം നിർമ്മിക്കുന്നതിനോ നിയമസഭയ്ക്കു അധികാരമുണ്ടായിരിക്കുന്നതല്ലെന്നുള്ള 24 ാംവകുപ്പ് 6-ാം ഉപവകുപ്പിലെ വ്യവസ്ഥയിൽ നിയമസഭയിൽ ഭൂരിപക്ഷം അഥവാ മൂന്നിൽ രണ്ടുഭാഗം അംഗങ്ങൾ അഭിപ്രായപ്പെടുന്നപക്ഷം അപ്രകാരം ചെയ്യാവുന്നതാണെന്നും മഹാരാജാവു തിരുമനസ്സുകൊണ്ട് നേരിട്ടു പാസ്സാക്കിയിട്ടുള്ള നിയമങ്ങൾ നിയമസഭയിൽ വാദപ്രതിവാദവിഷയമാക്കാൻപാടില്ലെന്നുള്ള 25-ാംവകുപ്പ് സി. വിഭാഗത്തിലെ വ്യവസ്ഥ എടുത്തുകളയാമെന്നും ദിവാൻജി സൂചിപ്പിച്ചിട്ടുള്ളതായറിയുന്നു.

ഗൗരവാവഹമായ സ്വഭാവദൂഷ്യത്തിന് ആറുമാസമോ അതിൽ കൂടുതലോ കാലത്തെ-

ല്യം രാജ്യവുമായിട്ടോ, പെരുമാറത്തക്കവിധം ഒരു സ്വാതന്ത്ര്യരാജ്യമായി തീരുന്നതാണു്.

സിലോണിലെ ജനസംഖ്യ 65 ലക്ഷവും, ആസ്ത്രേലിയായിലേതു് 70 ലക്ഷവും, ബൽജിയത്തിലേതു് 80 ലക്ഷവും, നാർവേയിലേതു് 30 ലക്ഷവുമാണു്. ജനസംഖ്യകൊണ്ടും വിഭവശക്തികൊണ്ടും ഇവയിലേതെങ്കിലും ഒന്നിനെപ്പോലെ സ്വതന്ത്രമായിരിക്കാൻ തിരുവിതാംകൂറിനു് കഴിവുണ്ടു്. രാജാവും പ്രജകളും തമ്മിൽ തർക്കങ്ങൾ ഉണ്ടെങ്കിൽ അവ ആഭ്യന്തര ചർച്ചകൾക്കും, നിശ്ചയത്തിനും വിഷയമാകേണ്ടതാണു് എന്നു് അദ്ദേഹം പ്രസ്താവന ഉപസംഹരിച്ചു. അതിന്റെ പൂർണ്ണരൂപം താഴെ കാണുന്നതാണു്:—

ഗവർമ്മെൻറിൻെറ ഭരണപരിഷ്ക്കാരനിർദ്ദേശങ്ങളെപ്പററി ആലോചിക്കുന്നതിനുവേണ്ടി ഇന്നലെ എന്നെ കണ്ടവരും ഇന്നും അടുത്ത ദിവസങ്ങളിലും കാണുന്നവരുമായ സ്നേഹിതന്മാരോടു് ഞാൻ അത്യന്തം കൃതജ്ഞനാണു്. സൃഷ്ടിപരമായ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനു് ഭരണവ്യവസ്ഥയിൽ അംഗീകരിക്കുന്നതിനും ഗവർമ്മെൻറിനു് അത്യധികം സന്തോഷമുണ്ടായിരിക്കുന്നതാണെന്നു് ആദ്യംതന്നെ പറഞ്ഞുകൊള്ളുന്നു. കുറെ ആളുകളെയോ, സംഘടനകളെയോ നിസ്സഹകരിക്കാനും. നിർദ്ദേശങ്ങൾ നൽകാതിരിക്കാനുമാണു വിചാരിക്കുന്നതെങ്കിൽ അവരെ ആരും തടയുന്നതല്ല. സ്വന്തം രീതിയിൽ പ്രവർത്തിയ്ക്കാൻ അവർക്കു പൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണു. എന്നാൽ പുതുതായി ഉൽഭവിച്ചിരിക്കുന്ന സ്ഥിതിഗതികൾമൂലം നിസ്സഹകരണനയം തുടരുകയില്ലെന്നു് ആശിക്കപ്പെടുന്നു. കഴിഞ്ഞകുറെ ആഴ്ചകളിലെ സംഭവങ്ങളാൽ ചില മൗലികപ്രശ്നങ്ങൾ ചിന്താർഹങ്ങളായി ഉദിച്ചിരിക്കുന്നു. ഇന്നലെ അവയെപ്പററി പറയണമെന്നു കരുതിയിരുന്നെങ്കിലും അതു് ഇപ്പോഴാകട്ടെയെന്നു് ഞാൻ വിചാരിക്കുന്നു തിരുവിതാംകൂറിന്റെ രാഷ്ട്രീയവും ഭരണവ്യവസ്ഥാപരവുമായ നിലയെപ്പററി ഞാൻ പറയുന്നതു് പരസ്യമായിട്ടായിരിക്കണമെന്നു തോന്നുന്നു. എന്തെന്നാൽ നമ്മുടെ അഭിപ്രായവും പ്രവർത്തനമാർഗ്ഗവും ഏതെന്നു് ബാഹ്യലോകം, അറിയേണ്ടിയിരിക്കുന്നു.

സ്റ്റേററുകളുടെ പൊതുവേയുള്ള നിലയെപ്പററി വിശിഷ്യ ആചാര്യകൃപാലനിയും, ചില സ്റ്റേററ്കോൺഗ്രസ്സ് അംഗങ്ങളും ചെയ്ത പ്രസ്താവനകളെ പരിഗണിച്ചു താഴെപ്പറയുന്ന സംഗതികൾ ഓർമ്മയിലിരിക്കേണ്ടതാണു്

ഇൻഡ്യൻ സ്റ്റേററ് പ്രജകൾ അടിമകളുടെ അടിമകളാണെന്നു് ആചാര്യകൃപലാനി പറഞ്ഞതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിനു് അദ്ദേഹത്തിന്റെ അഭിപ്രായമാകാം. ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ പ്രസിഡന്റുമായി ഞാൻ കലഹം തുടരുന്നില്ല. തിരുവിതാംകൂറിൽ, അഥവാ, ഇന്ത്യൻ സ്റ്റേററുകളുടെ കാര്യത്തിൽ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സ് കൂടുതൽ ഊർജ്ജിതമായി ഇടപെടാത്തതിനെപ്പററി മി. പട്ടംതാണുപിള്ള ഖേദിക്കുന്നതായും റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. വെളിയിലുള്ളവർ നമ്മുടെകാര്യങ്ങളിൽ ഇടപെടേണ്ട ആവശ്യം നമുക്കില്ലെന്നുള്ള നിലയാണു് ഞാൻ എപ്പോഴും സ്വീകരിച്ചിട്ടുള്ളതു്. മഹാരാജാവു തിരുമനസ്സുകൊണ്ടും അവിടത്തെ പ്രജകളും മാത്രമാണു് ആവക കാര്യങ്ങൾ തീരുമാനിക്കേണ്ടതു്. ഭരണത്തെപ്പററി ജനങ്ങൾക്കു് പരാതിയുണ്ടെങ്കിൽ തിരുമനസ്സുകൊണ്ടു് അക്കാര്യം തീരുമാനിക്കുന്നതാണു്. അതിനു വെളിയിൽ നിന്നുള്ള നിർദ്ദേശങ്ങൾ ആവശ്യമില്ല.

ഇതൊന്നുംകൂടാതെ ലോകസംഭവങ്ങൾ, അടുത്തകാലത്തുണ്ടായ പ്രസ്താവനകൾ എന്നിവ

യെ പരിഗണിച്ചു തിരുവിതാംകൂറിനുവേണ്ടി രൂപവൽക്കരിക്കപ്പെട്ടു. ഭാവിയെക്കുറിച്ചു ഞാൻ തൽക്കാലം പറയുന്നമെന്നു കരുതുന്നു.

എ. ഡി. 9-ാം നൂറ്റാണ്ടുമുതൽ ഇവിടെ തുടർച്ചയായുള്ള ഒരു രാജവംശാവലി കാണ്മാനുണ്ടു്. ഇംഗ്ലീഷുകാർ ജേതാക്കളായിട്ടല്ല തിരുവിതാംകൂറിൽ വന്നതു്. 1684-ൽ അവർ ആദ്യമായി കച്ചവടക്കാർ എന്നനിലയിൽ അഞ്ചുതെങ്ങിൽ താമസമുറപ്പിച്ചു. മാർത്താണ്ഡവർമ്മമഹാരാജാവു് രാജ്യം പടവെട്ടിപ്പിടിച്ചു ശ്രീപത്മനാഭനു് അടിയറവച്ചു ഭരണം പുനഃസംഘടിപ്പിക്കുന്നതുവരെ അവർ കച്ചവടക്കാരായിത്തന്നെ തുടർന്നു. 1656 ൽ പോളിഗാർ സമരത്തിലും പിന്നീടു് ഹൈദരാലി ടിപ്പു എന്നിവരുമായുള്ള യുദ്ധങ്ങളിലും തിരുവിതാംകൂർ ഒരു സഖി എന്നനിലയിൽ ബ്രിട്ടീഷുകാരെ സഹായിക്കുകയും, ആ നിലയിലുള്ള സഹായത്തെ അവർ അംഗീകരിക്കയും ചെയ്തു. ടിപ്പു. ബ്രിട്ടീഷ്ഗവർമ്മെണ്ടു്, [illegible], സഖ്യത്തോടെ തിരുവിതാംകൂർ മഹാരാജാവു്, എന്നിവർതമ്മിൽ സമാധാനവും, സൗഹാർദ്ദവും ഏർപ്പെട്ടിരിക്കുന്നു എന്നുള്ള അടിസ്ഥാനത്തിലാണു് 1784-ലെ ഉടമ്പടി ഉണ്ടായിട്ടുള്ളതു്. 1785-ൽ തിരുവിതാംകൂറിന്റെ അതിർത്തിയിൽ രണ്ടു് ബറ്റാലിയൻ പടയെ നിയോഗിക്കാൻ മഹാരാജാവു് ബ്രിട്ടീഷുകാരോടു് ആവശ്യപ്പെടുകയുണ്ടായി. 1796 ൽ തിരുവിതാംകൂറിനെ വിദേശീയാക്രമണങ്ങളിൽനിന്നു രക്ഷിക്കാനുള്ള ഒരു സഖ്യം നടന്നു. ഇതു് തിരുവിതാംകൂറും ബ്രിട്ടീഷുകാരും തമ്മിലുള്ള ഒരു കാൺട്രാക്റ്റ് ആയിരുന്നു. അവസാനമായി 1805-ൽ ഉണ്ടായ ഉടമ്പടിയിൽ തിരുവിതാംകൂർ ചില ഉപഭരണാവകാശങ്ങൾ വിട്ടുകൊടുത്തെങ്കിലും, ജയിച്ചടക്കലോ, പരമാധികാരം ഏറ്റെടുക്കലോ ഒന്നും അതിലും ഉണ്ടായിട്ടില്ല. ഈ പഴയ ചരിത്രം എങ്ങനെയിരുന്നാലും കഴിഞ്ഞ ഫെബ്രുവരി 20-ാംതീയതിയിലെ പ്രസ്താവന അനുസരിച്ചു 1927 ജൂൺ 1-ാംതീയതി താഴെക്കാണുന്ന നില സംജാതമാകുന്നതാണു്.

ഇന്ത്യൻ സ്റ്റേറ്റുകളുടെ അധികാരങ്ങൾ ബ്രിട്ടീഷിന്ത്യയിലെ യാതൊരു ഗവമ്മെൻറിനും വിട്ടുകൊടുക്കുന്നതല്ല. 1848 ജൂൺ 1-ാനുവരെ ഒരു സമ്പ്രദായം എന്ന നിലയിൽ മേൽക്കോയ്മ അവസാനിക്കുന്നതുമല്ല. മുൻ ഉടമ്പടികൾ, ചരിത്രം, തിരുവിതാംകൂറിനെ കീഴടക്കിയിട്ടില്ലെന്നുള്ള വസ്തുത എന്നിവയെല്ലാം വിഗണിച്ചാലും ആ തീയതിക്കുശേഷം അധീശാധികാരം അവസാനിക്കുന്നതാണു്. അതിനാൽ ഫലത്തിൽ 1948 ജൂണിൽ ഒരു സ്വാതന്ത്ര്യരാജ്യംതന്നെ നിലവിൽ വരുന്നതാണു്. ഇതിനിടയിൽ ചില കൂടിയാലോചനകൾ, ഉദാഹരണമായി, അഞ്ചുതെങ്ങു്, തങ്കശ്ശേരി ചുങ്കം, താരിപ്പു്, ഇൻറർപാർട്ടൽ കൺവെൻഷൻ, കൊച്ചീതിരുമാനം എന്നിവയെപ്പറ്റിയുള്ള ആലോചനകൾ നടത്തേണ്ടിയിരിക്കുന്നു. ഒരു സ്വാതന്ത്ര്യരാജ്യംഎന്ന നിലയിലാണു് ഇതെല്ലാം നാം സാധിക്കേണ്ടതു്. (ഇവിടെ ദിവാൻജി മേൽക്കോയ്മ അവസാനിക്കുന്നതിനെപ്പറ്റിയുള്ള സർ സ്റ്റാഫോർഡിന്റെ പ്രസ്താവന ഭാഗം ഉദ്ധരിച്ചു) ഈ അവസ്ഥയിൽ തിരുവിതാംകൂർ 1948-ൽ 1795-ലെ പദവിയിലേക്കുതന്നെ പോരുന്നതാണു്. അഥവാ, 1948-ൽ നാം ബാഹ്യലോകത്തോടൊ, അതിലെ ഏതെങ്കിലും രാജ്യത്തോടൊ പെരുമാറത്തക്ക ഒരു സ്വതന്ത്രരാജ്യമായിത്തീരുന്നതായിരിക്കും. ഇന്ത്യയിൽ നിലവിൽ വരുന്ന ഗവർമ്മെൻറുകളുമായി നാം തീർച്ചയായും ഉടമ്പടികൾ ചെയ്യേണ്ടിയിരിക്കുന്നു. എന്തെന്നാൻ പൊതുവേയുള്ള കാര്യങ്ങൾ ക്രമവൽക്കരിക്കാൻ അതു ആവശ്യമാണു്.

ഒരു കാണസംബ്ലിയുടെ അടിസ്ഥാനത്തിലോ അതിന്റെ പ്രവർത്തനപദ്ധതിയെ പ്രയോജനപ്പെടുത്തിയോ ബ്രിട്ടീഷിന്ത്യൻ ഗവർമ്മെൻറുമായി നാം ഉടമ്പടിയിലേർപ്പെടുമോ ഇല്ലയോ എന്നുള്ളതു് ഇതുവരെ തീരുമാനിക്കപ്പെട്ടിട്ടില്ല. നമ്മുടെ സ്വാതന്ത്ര്യത്തെ പ്രയോഗത്തിൽ വരുത്തുകയും അതേസമയം പരസ്പരാവകാശങ്ങൾ, ബാദ്ധ്യതകൾ എന്നിവയെ പൊരുത്തപ്പെടുത്തുകയും ചെയ്യാനുള്ള ഏ

ററവും നല്ലമാർഗ്ഗമേതെന്നു് അറിഞ്ഞതിനു ശേഷം അതു് തീരുമാനിക്കുന്നതാണു്. ഈ ചർച്ചകളിൽ ഏർപ്പെടുത്തുന്ന മാററം ആളുകളുടെ യഥാർത്ഥ മനോഭാവമറിയാതെ നാം ഒന്നും മുൻകൂട്ടി തീർച്ചപ്പെടുത്തുന്നതല്ല. ഇതുസംബന്ധിച്ചു് കോൺഗ്രസ്സ് വർക്കിങ്ങ് കമ്മററിയുടെ പ്രയോജനകരമായ പ്രസ്താവന വായിച്ചാൽ കാര്യത്തിന്റെ നില കൂടുതൽ വിശദമാകുന്നതാണു്. കാൺഅസംബ്ളി തയാറാക്കുന്ന ഭരണവ്യവസ്ഥ അംഗീകരിക്കുന്ന പ്രദേശങ്ങൾക്കു് മാത്രമേ അതു് ബാധകമായിരിക്കയുള്ളു എന്നു് അതിൽ പറയുന്നു. ഈ പ്രദേശങ്ങൾ ബംഗാളോ, പശ്ചിമ ബംഗാളോ, പഞ്ചാബോ, പൂർവ്വപഞ്ചാബോ ആണെന്നുവരാം. ഇങ്ങനെ പ്രാവിൻസുകളെ സംബന്ധിച്ചപോലും, ഭരണവ്യവസ്ഥ അംഗീകരിക്കുന്ന അംശങ്ങൾക്കു മാത്രമേ അതു ബാധകമായിരിക്കയുള്ളു എന്നു് കാൺഗ്രസ് കമ്മിററി വ്യക്തമാക്കിയിരിക്കുന്നു. ഏതെങ്കിലും ഒരു ഭരണഘടനയനുസരിച്ചു് ഒന്നിച്ചുചേരുക എന്നതു് നിർബന്ധിതമായിട്ടില്ലെന്നു, ഘടകങ്ങളുടെ പൂർണ്ണസമ്മതത്തോടെ വേണമെന്നും കാൺഗ്രസ് പറയുന്നു. ഇന്ത്യയ്ക്കു് ഒരു ഭരണവ്യവസ്ഥ തയാറാക്കുന്ന കാര്യത്തിൽ നിർബന്ധം ഒന്നൊന്നു് ഉണ്ടായിരിക്കുകയില്ലെന്നു കാൺഗ്രസ് വർക്കിംഗ് കമ്മിററി വ്യക്തമാക്കിയിരിക്കുന്നു. പ്രാവിൻസുകളെപ്പററിത്തന്നെയും ഇതാണു പറയാനുള്ളതെങ്കിൽ ഒരിക്കലും കീഴടക്കപ്പെട്ടിട്ടില്ലാത്തതും 1795, 1805 എന്നീ വർഷങ്ങളിലെ ഉടമ്പടികൾ അനുസരിച്ചു മാത്രം ഇന്ത്യൻ ഘടനയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ഒരു സ്റ്റേററിന്റെ കാര്യത്തിൽ അതു അതിലേറെ അനിഷേദ്ധ്യമായി പറയാവുന്നതാണു്. അതിനാൽ തിരുവിതാംകൂർ 1948 മുതൽ സ്വതന്ത്രമാണെന്നും, ആ സ്വാതന്ത്ര്യമനുസരിച്ചും, കീഴടക്കത്തിനു പകരം, സൗഹാർദ്ദം, പരസ്പരതീരുമാനം എന്നിവയെ ആസ്പദമാക്കിയും മററു സ്റ്റേററുകളും മററു ഗവർമ്മെൻറുകളുമായി കൂടിയാലോചനകൾ നടത്തുന്നതാണെന്നും വ്യക്തമാക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. ജനങ്ങളുടെ ഇടയിൽ ഈ കാര്യം സംബന്ധിച്ചു ഒരു നിശ്ചയമില്ലായ്മയുള്ളതിനാൽ അതിനെ തികച്ചും വ്യക്തമാക്കണമെന്നു ഞാൻ വിചാരിക്കുന്നു. ഫ്രാൻസ്, ഗ്രീസ്, തുർക്കി മുതലായ രാജ്യങ്ങൾക്കു സ്വാതന്ത്ര്യം പുലർത്താൻ സാധിക്കാത്തപ്പോൾ തിരുവിതാംകൂറിനെപ്പോലെ ചെറിയ ഒരു രാജ്യത്തിനു തീരെ സാധിക്കയില്ലെന്നു പറയാവുന്നതാണു്. ഇതിനുള്ള സമാധാനം സ്പഷ്ടമാകുന്നു. ഒരു രാജ്യം ചെറുതോ വലുതോ ആകാം അതിനു ജനസംഖ്യ കൂടുതലോ കുറവോ ആകാം. വിഭവ ശക്തികളും ഉണ്ടെന്നോ ഇല്ലെന്നോ വരാം. പക്ഷെ സ്വാതന്ത്ര്യം എന്നതു വിഭജിക്കാൻ വയ്യാത്ത ഒരു നിയമവസ്തുതയാണു. ബ്രിട്ടൻ നമ്മെ കീഴടക്കിയിട്ടില്ലെന്നും, മററുപല സ്റ്റേററുകളെയുംപോലെ നാമും ഒരു അധീനനില സ്വീകരിക്കാൻ ഇടയായതു് ബ്രിട്ടൻ ഒരു പ്രബലശക്തിയായതുകൊണ്ടുമാത്രമാണെന്നും ഓർത്തിരിക്കേണ്ടതാകുന്നു. സ്റ്റേററിലെ ഭരണകാര്യങ്ങളിൽ അവർ ചിലപ്പോൾ ഇടപെടുകയും അതു ഒരു കീഴ്നടപ്പായി തീരുകയും ചെയ്തു. മേലാൽ നാം ഉൾപ്പെടുന്ന ഉടമ്പടികൾ വ്യക്തങ്ങളും, ക്രമേണ കീഴ്നടപ്പിന്റെയും വൈമനസ്യപൂർവ്വമുള്ള സമ്മതത്തിന്റെയും രൂപത്തിൽ അധഃപതിക്കാത്തവയുമായിരിക്കേണ്ടതാണു്. ഈ മാസം 20-ാംനു മുതൽ 1948 ജൂൺ 30-ാംനു വരെ ഈ സ്റ്റേററും ബ്രിട്ടീഷു പ്രതിനിധികളും തമ്മിൽ പല പരസ്പരബന്ധങ്ങളെയും ബാദ്ധ്യതകളെയുംപററി തീരുമാനമുണ്ടാക്കേണ്ടിയിരിക്കുന്നു. ഇവ അധീശാധികാരസിദ്ധാന്തത്തിന്റെയും ഉടമ്പടികളുടെയും ഗുണനഫലങ്ങളാണു്. മറെറാരുതരത്തിൽ പറയുകയാണെങ്കിൽ പുതിയ ഗവർമ്മെൻറുമായി തുല്യനിലയിൽ കാര്യങ്ങൾ ചർച്ചചെയ്തു അവിധം ഫലപ്രദമായ സ്വാതന്ത്ര്യം പുനസ്സമ്പാദിക്കുകയെന്നതായിരിക്കും നമ്മുടെ ഉദ്ദേശം.

സ്റ്റേററുകൾ തമ്മിലും, വിശിഷ്യാ ഈ സ്റ്റേററും ഇന്ത്യൻനാഷനൽ കാൺഗ്രസ്സും തമ്മി

ളും ധാരാളം കുഴപ്പങ്ങൾ ഉണ്ട്. നാം കാൺഗ്രസ്സ് പ്രമേയങ്ങളാൽ ചുററപ്പെട്ടാണിരിക്കുന്നതു് എന്നആദ്യംതന്നെ പറയേണ്ടിയിരിക്കുന്നു. അതു് മനസ്സിലാക്കിയും, ഇന്ത്യയിൽ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതിയതെല്ലാം കാൺഗ്രസ്സാണെന്നുള്ള വസ്തുത അംഗീകരിച്ചും കാൺഗ്രസ്സുമായി യോജിച്ചും അതുമായി ഒപ്പമെത്താൻ മററു ഇൻഡ്യൻസ്റ്റേററുകളുമായി ചേർന്നും പ്രവർത്തിക്കുകയെന്നതു് ഈ സ്റ്റേററിന്റെ ഉദ്ദേശവും എന്റെ പ്രത്യേകാവകാശവും ആയിരുന്നിട്ടുണ്ട്. ഇവിടെയും വെളിയിലുമുള്ള ആളുകൾക്കു് അതു നല്ലവണ്ണം അറിയാം. ഇന്ത്യൻനാഷനൽ കാൺഗ്രസ്സുമായി കഴിവുള്ളത്ര പൂർണ്ണമായി യോജിച്ചു് പ്രവർത്തിക്കാൻ തയാറാണെന്നു ഈ സ്റ്റേററ് വെളിപ്പെടുത്തിയിട്ടുണ്ട്. മഹത്തായ രാഷ്ട്രീയ കക്ഷികളുമായി കലഹിക്കാൻ നാം തയാറില്ല. എന്നാൽ രണ്ടു സഹോദരന്മാർ സമത്വത്തിൽ കാര്യങ്ങൾ ആലോചിക്കുകയെന്നതു് ഒരു കാര്യവും; ഒരു യജമാനനും ശിഷ്യനും തമ്മിൽ അങ്ങനെ ചെയ്കയെന്നതു് മറെറാരു കാര്യവുമാകുന്നു. കാൺഗ്രസുമായോ, ഇന്ത്യാഗവർമ്മെണ്ടുമായോ സഹോദരത്വേന കാര്യാലോചന ചെയ്യാനാണു്, നാം ഉദ്ദേശിക്കുന്നതു്. ഇതിൽ നാം ഇളയ സഹോദരനാണെന്നൊരു വ്യത്യാസമുണ്ടായിരുന്നേക്കാം.

ഒരുകാര്യംകൂടി പറഞ്ഞിട്ടു ഇതു അവസാനിപ്പിക്കാമെന്നു വിചാരിക്കുന്നു. നമ്മുടെ നില ചിലർ കരുതുന്നതുപോലെ അത്ര ദുർബലമല്ല. ഇൻഡ്യയിൽനിന്നു നാം ആവശ്യപ്പെടുന്നതിൽ കൂടുതൽ അവക്ക് നമ്മിൽനിന്നു് ആവശ്യമുണ്ട്. കഴിഞ്ഞ ഇരുപതുവർഷമായി നാം യൂറോപ്പ്, അമേരിക്ക, ജപ്പാൻ എന്നിവിടങ്ങളിൽനിന്നു് യന്ത്രങ്ങൾ, തുണിത്തരങ്ങൾ മുതലായവ വരുത്തുകയും കൊപ്ര, വെളിച്ചെണ്ണ കയർ, റബ്ബർ, തേയില, ഏലം മുതലായവ കയററുമതി ചെയ്കയും ചെയ്തുകൊണ്ടിരുന്നു. ഭാവിയിലാകട്ടെ നാം പല വ്യവസായോൽപ്പന്നങ്ങളും സ്ഫുടംചെയ്ത ധാതുദ്രവ്യങ്ങളും കയററുമതി ചെയ്യുന്നതുമാണു്. വാസ്തവത്തിൽ നാം ഇൻഡ്യയുടെ മറുഭാഗങ്ങളെ അത്ര ആശ്രയിച്ചിരുന്നില്ല. കഴിഞ്ഞ യുദ്ധത്തിൽ ബർമ്മായുടെ പതനത്തിനുശേഷം അരിതുടങ്ങിയ ഭക്ഷ്യങ്ങളുടെ കാര്യത്തിൽ നാം ചില സംയുക്തമായ ഏർപ്പാടുകളിൽ പങ്കുകൊള്ളാനിടയായി. ബർമ്മായും സയാമും സ്വാതന്ത്ര്യമായാലുടൻ അവയുമായി നേരിട്ട് കൂടിയാലോചനകൾ നടത്തി ഭക്ഷ്യങ്ങൾ വരുത്താവുന്നതാണു്. അവ അവയുടെ ഭക്ഷ്യനിലയെ അഭിവൃദ്ധിപ്പെടുത്തുമ്പോഴെല്ലാം നമ്മുടെ കൃഷിയും അഭിവൃദ്ധിപ്പെടുന്നതാണു്. കൃത്രിമവളങ്ങൾ മുതലായവ ഉപയോഗിച്ചു് കൃഷിയെ വികസിപ്പിക്കുന്നെങ്കിൽ ആഹാരത്തെ സംബന്ധിച്ചിടത്തോളം നാം കൂടുതൽ സ്വയംപര്യാപ്തരായിത്തീരും. നമുക്കു സകല വിഭവങ്ങളും ഉണ്ടെന്നു് ഇതിനർത്ഥമില്ല. എങ്കിലും നമ്മുടെ നില പ്രബലമാണു്. കടൽ, ആകാശം എന്നിവയിൽനിന്നു് നമുക്കു് അപകടം നേരിടാമെന്നുള്ളതു് ശരിതന്നെ. പക്ഷെ ഇൻഡ്യയിൽ 40 കോടി ആളും, തിരുവിതാംകൂറിൽ 60 ലക്ഷം ആളും ഉണ്ട്. അതിനാൽ രാജ്യരക്ഷയ്ക്കു് നാം നമ്മുടെ പങ്കു ചെലവു വഹിക്കാൻ തയാറാണ്. സൈന്യത്തിലേക്കു നമ്മുടെ പങ്ക് ഭടന്മാരെ നൽകാനും നാം തയാർതന്നെ.

അതിനാൽ വെളിയിൽനിന്നും ആരും ഇടപെടാൻ അവസരം നൽകാതെ ജനങ്ങളും മഹാരാജാവും ഒത്തു പ്രവർത്തിച്ചാൽ നമുക്ക് ഒരു സ്വാതന്ത്ര്യരാജ്യമായി തുടരാൻ കഴിയും. കാൺഅസംബ്ലിയിൽപോകുന്നതാണു് നമുക്കു് നന്നെങ്കിൽ അങ്ങനെ ചെയ്യും. അതല്ല ഭാവി ഗവർമ്മെന്റുമായി ആലോചിക്കുന്നതാണു് നന്നെങ്കിൽ അങ്ങനെ ചെയ്യാനും നാം ശ്രമിക്കുന്നതാണ്.

# ഐക്യഭാരതം

(മാന്നാർ മാധവൻനായർ)

1

ഹാ, ഭാരതോർവ്വിയുടെഭാഗ്യവിശേഷകാല-
മാസന്നമായ് ഭുവനകീർത്തിവളർത്തിടുന്നു.
സ്വാതന്ത്ര്യലക്ഷ്മിയുടെനർത്തനനാന്ദിയെങ്ങും-
കാതിന്നുകൗതുകകരംകളിയാടിടുന്നു.

2

കെല്പാർന്ന" ഭാരതമഹാജനസംഘ" മാകു-
മപ്പൂർണ്ണചന്ദ്രനഖിലോപരിവന്നുദിക്കെ
ഇപ്പാരതന്ത്ര്യദുരിതാന്ധതനീങ്ങു,മുണ്ടാ—
മപ്പോൾസ്വരാജ്യസുഖസുന്ദരസുപ്രഭാതം.

3

പോകട്ടെ,നാമടിമജീവിതമാർന്നകാര്യം
പോകട്ടെ,മർദ്ദനമടിക്കടിയേറ്റകാര്യം
പോകട്ടെ,പട്ടിണികിടന്നുനശിച്ചതുംപോം
ഹാ, കഷ്ട, മൈക്യമിതുനാൾവരെനമ്മിലു
ണ്ടോ?

4

ഹിന്ദുക്കൾ,ക്രിസ്ത്യർ, അതുമല്ലമഹമ്മദീയ-
രെന്നല്ല,ഭിന്നമതവാദികൾനമ്മളെല്ലാം
ഒന്നായ്,ഒരൈക്യനിരയായ് പുലരേണ്ടകാലം
വന്നിട്ടു,നാംപ്രബലരായുണരേണ്ടകാലം.

5

അന്യോന്യമൈത്രികലരാതടിയിട്ടുതമ്മിൽ-
ഭിന്നിച്ചുനമ്മൾനരകിച്ചുനശിച്ചിടുമ്പോൾ
ഇന്നുംജ്വലിച്ചുപടരുന്നൊരുവർഗ്ഗവൈര-
വഹ്നിയ്ക്കുനമ്മൾ വിറകാകുവതേവിചിത്രം.

6

ചൊൽക്കൊണ്ടൊരാർഷമഹിമയ്ക്കുതകുംവിശു
ദ്ധ
സംസ്കാരഭാരതമനൈക്യവിപത്തിലായി
സൽഗന്ധപുഷ്പപരിശോഭിതമഗ്നിശൈല-
മുൾഭാഗമുഗ്രതരമായുരുകുന്നപോലെ,

7

വർഗ്ഗീയചിന്തയിൽമുളച്ചുവളർന്നപാടേ-
വർജ്ജിച്ചുനമ്മൾമതമൗലികതാപമെല്ലാം
സ്പർദ്ധിച്ചുനാമടിമജീവിതമാർന്നതമ്മിൽ
കുത്തിത്തുലപ്പതിലൊരത്ഭുതമില്ലതെല്ലും.

8

ഹിന്ദുക്കളാവിവിധവർഗ്ഗവിഭാഗവൈര-
രിന്നുംമുറുക്കുകരിയ്ക്കുവതോർത്തിടുമ്പോൾ
അന്യായമെന്തതിലൊരന്യമതസ്ഥർനമ്മെ-
ഭിന്നിച്ചുനിന്നുകലഹംതുടരുന്നുവെങ്കിൽ?

9

ആരാധ്യമാമഖിലഭാരതകീർത്തിയെങ്ങീ-
ഘോരാവമാനകലഹപ്രതിപത്തിയെങ്ങോ?
തീരാത്തൊരീമതവിരോധമെരിഞ്ഞുനിരി-
പ്പാരിന്റെനാകമിതുനാരകമാക്കിനമ്മൾ.

10

"ഡ്മട്ട്സി"ന്റെ ദുസ്തരമിയന്നൊരുവർണ്ണ
വാദം
തെററിയ്ക്കുമാൾ"വിജയലക്ഷ്മി"വരിച്ചു രാജ്യം
വർഗ്ഗീയവൈരസമരാഗ്നിയിൽവെന്തുതെല്ലും
ലജ്ജിച്ചിടാതെകഴിയുന്നതുകഷ്ടമോർത്താൽ

11

ബ്രിട്ടന്റെകോയ്മവിട്ടുവാനവർതക്കകാലം-
തിട്ടപ്പെടുത്തിയിനിയാപ്പഴിതീർന്നുപാരിൽ
ഐക്യത്തിനുള്ളദിനമാരുകഥിയ്ക്കു, മെന്നി—
ദുർഭാഗ്യദുഃഖനിലനമ്മളിൽനിന്നുനീങ്ങും?

12

മാറുന്നകോയ്മയുടെ മൈത്രിപുലർത്തിമുസ്ലിം-
ഭ്രാതാക്കൾഹന്ത,വെടിയുന്നിതു ഭാരതൈക്യം
വീഴാൻതുടങ്ങുമൊരുചന്തരുവിൻ തണൽകാ
ത്തീടുന്നുമൂഢരിവർക്രൂരരെവിട്ടുകഷ്ടം!

13

കത്തുന്നവഹ്നിയുദരാർത്തിയുമാർന്നുനിത്യം-
ചത്തത്രേസോദരർനിരാശ്രയർനഷ്ടമായി
ഐക്യത്തിനായ് അഗതിവർഗ്ഗപുരോഗതി
യ്ക്കായ്
വർഗ്ഗപ്രമാണികൾനശിയ്ക്കുകിലേറെനന്നായ്.

# ഇൻഡ്യയുടെ ഏകാന്തത

ബ്രിട്ടീഷുകാർ ഇൻഡ്യയിൽ പ്രവേശിച്ചതിന്റെ ഒരു പ്രധാനഫലം ഏഷ്യയിലെ അയൽക്കാരിൽനിന്നു മിക്കവാറും പരിപൂർണ്ണമായി നമ്മെ അകറ്റി എന്നുള്ളതാണ്. നാമിപ്പോൾ ഏകാന്തതയിലിരിക്കുന്നു. ആ രാജ്യങ്ങളുമായി അനേകായിരം കൊല്ലങ്ങളിലെ അസംഖ്യസമ്പർക്കങ്ങൾ ഭാരതത്തിനുണ്ടായിരുന്നു. അതെല്ലാം വിട്ടകന്നു നാം ബ്രിട്ടനോടടുക്കുട്ടതലട്ടത്തു. അതൊരു അസാധാരണ സംഭവമായിരുന്നു. അതിന്റെ ഫലമായി പലതുമെന്നതുപോലെ നമ്മുടെ ചിന്താഗതിയും വ്യത്യാസപ്പെട്ടു.

എന്നാൽ ഇപ്പഴത്തെ മാററത്തിൽ നാം ഏഷ്യാരാജ്യങ്ങളുമായുള്ള നമ്മുടെ പഴയസമ്പർക്കം പുലർത്തുവാൻ ശ്രമിക്കുന്നുണ്ട്. പുതിയനിലയുടെ ഗതി എങ്ങോട്ടെന്നു അതു പ്രത്യക്ഷപ്പെടുത്തുന്നു. ഇൻഡ്യയുടെ കിടപ്പനുസരിച്ച് ഇൻഡ്യാമഹാസമുദ്രത്തെ സ്പർശിച്ചുകിടക്കുന്ന എല്ലാരാജ്യങ്ങളുമായും അതിനുവളരെ അടുത്ത ബന്ധമുണ്ട്. ഈ പ്രദേശങ്ങളിലെ ഒരു നിരോധനവ്യവസ്ഥയും ഇൻഡ്യയെ കേന്ദ്രീകരിക്കാതെ സാദ്ധ്യമല്ല.

നമ്മുടെ സ്വാതന്ത്ര്യം

നമ്മുടെ സ്വാതന്ത്ര്യത്തിന്റെ രൂപത്തെപ്പററി പലവാദങ്ങൾ നടക്കുന്നുണ്ട്. അവയെല്ലാം അർത്ഥമുള്ളതോ ഇല്ലാത്തതോ ആയിരിക്കാം. എന്നാൽ ചുററുമുള്ള പല രാജ്യങ്ങൾ ഇൻഡ്യയെ അവയുടെ മാതൃഭൂമിയായിട്ടാണു ഗണിച്ചിരിക്കുന്നത്. മിക്കവാറും ഏഷ്യമുഴുവൻതന്നെ ഇൻഡ്യക്കു വളരെ സ്വാധീനമുണ്ട്. ഇപ്പോഴും ഈ രാജ്യത്തിൽ പലതും സംസ്കാരികമായി മാതൃഭൂമിയായി ഗണിക്കുന്നുണ്ട്. അതിനാൽ മറെറാരുരാജ്യത്തിന്റെ അനുബന്ധം എന്ന സ്ഥാനത്തിൽ ഇൻഡ്യക്കൊരിക്കലും ഇരിക്കാൻ സാധിക്കുന്നതല്ല. ഇപ്പോൾ ഇതൊരു അടിമരാജ്യമാണ്. എന്നാൽ അടിമവലയത്തിൽനിന്നു അതു മാറിയാൽ ഉടൻതന്നെ അതു സ്വാതന്ത്ര്യത്തിന്റെ മാത്രമല്ല പഴയ സമ്പർക്കങ്ങളുടെയും ഒരു പുതിയ രംഗത്തിലേക്കു ചാടിക്കയറുന്നതാണ്. തന്റെ മിത്രങ്ങളുടെ തിരഞ്ഞെടുപ്പിൽ ഇൻഡ്യയെ വിദേശീയർക്കു നിർബന്ധിക്കുവാനൊന്നും നിവൃത്തിയില്ല. ഇൻഡ്യതന്നെ തന്റെ മിത്രങ്ങളെ തിരഞ്ഞെടുക്കേണ്ടതു്. അതുപോലെതന്നെ തന്റെ ഭാവി ലോകവീക്ഷണവും വിദേശനയവും ആഭ്യന്തരനയവും എങ്ങനെയെന്നു നിശ്ചയിക്കേണ്ടതും ഇൻഡ്യതന്നെയാണ്.

14

ഒന്നാമതന്ത്യജനുമാഢ്യനുമൊക്കെനല്ല-
ഹിന്ദുക്കളാകുവിനനൈക്യവിചാരമെന്യേ
പിന്നീട് ഹിന്ദുമുസൽമാനിവർഭാരതീയ—
രെന്നായ് നിനച്ചുമരുവിൻമതഭേദമെന്യേ.

15

ഏകാഗ്രതയോത്തനുസരിയ്ക്കുവിൻ ഏകലക്ഷ്യം
സ്വീകാര്യമായ് കരുതുവിൻ, ഏകമൈക്യമേ.
ഏകോദരപ്രിയസഹോദരരേനമുക്കോ— (ഒ
രേന്നകീരിയ്ക്കുഭതിനിന്നിഹ,വൈകികാലം

മനോഹരമായ അച്ചടിവേലകൾക്ക്

**എൻ. എസ്. എസ്. പ്രസ്സ്**

**ചങ്ങനാശേരി**

മിതമായ ചാർജ്ജ് കണിശമായ ജോലിനിർവ്വഹണം

വൈദ്യകലാനിധി

# K. C. കുഞ്ഞുരാമൻവൈദ്യൻെറ

ഫലപ്രദമായ

# ചില സിദ്ധൌഷധങ്ങൾ

**ഗർഭരക്ഷാഗുളിക**

ഗർഭകാലത്തുണ്ടാകുന്ന സകല രോഗപീഡകളിൽ നിന്നും വിമുക്തമാക്കി സുഖപ്രസവത്തെ പ്രദാനം ചെയ്യുന്ന ഏക സിദ്ധൌഷധം.

ഒരു മാസത്തെയ്ക്കുള്ള 60 ഗുളികകൾ അടങ്ങിയകുപ്പി 1ക്കു് 2രു മാത്രം

**ബാലസംജീവിനിആവണക്കെണ്ണ**

കുഞ്ഞുങ്ങൾക്കുണ്ടാകുന്ന എല്ലാവിധ കരപ്പൻ വ്യാധികളേയും ശോധനയാൽ ശമിപ്പിക്കുവാൻ ശക്തമായ ഒരു സിദ്ധൌഷധം. ആഴ്ചയിൽ ഒരു പ്രാവശ്യം വീതം കൊടുത്തുകൊണ്ടിരുന്നാൽ കരപ്പൻ ഉണ്ടാകുന്നതല്ല.

1ൌ കുപ്പി 1ക്ക 8ണ മാത്രം

**ബാലാമൃതരസായനം**

ഏരകോപംമൂലം കുഞ്ഞുങ്ങൾക്കുണ്ടാകുന്ന വയറുവീപ്പു്, വിളർച്ച, ശരീരംമെലിച്ചിൽ, വയറിളക്കം ഇവയേയും, വായുമുട്ടൽ, വിട്ടുമാറാത്തപനി ആദിയായവയേയും നിശ്ശേഷം മാററിശരീരപുഷ്ടിയും ഓജസ്സും പ്രദാനം ചെയ്യുന്നു.

അരറാത്തൽകുപ്പി 1ക്കു് 2രു 4ണ മാത്രം

**മൃഗാങ്കരസായനം**

സ്ത്രീപുരുഷന്മാരുടെ ഇടയിൽ സർവസാധാരണമായിട്ടുള്ള അസ്ഥിസ്രാവം ഗൊണോറിയ (പഴപ്പുപ്പാക്കു്) സിഫിലിസ് എന്നീ രോഗങ്ങളെ നിശേഷം നശിപ്പിക്കുന്ന സിദ്ധൌഷധം. റാത്തൽ 1ക്കു് 5രു 8ണ മാത്രം

## ശ്രീ ധന്വന്തരിവിലാസംആയുർവൈദ്യശാല,

## മാവേലിക്കര തിരുവിതാംകൂർ

Reg. No. T. 111 L. No 328

# ദി കേരള സർവ്വീസ് ബാങ്ക് (കിപ്തം)

## കവല—ചങ്ങനാശേരി

(Incorporated in Travancore with limited liability)

നായർ സർവ്വീസ് സൊസൈററിയുടെ ആഭിമുഖ്യത്തിൽ
രജിസ്റ്റർ ചെയ്തു് നടത്തിവരുന്നതു്.

**അധികൃതമൂലധനം:— 10 ലക്ഷം രൂപ.**

ബാങ്കു സംബന്ധമായ എല്ലാ ഇടപാടുകളും നടത്തപ്പെടും. സ്വർണ്ണം പണയത്തിന്മേലും ചരക്കുകളുടെ ഈടിന്മേലും കുറഞ്ഞ പലിശയ്ക്കു് പണം കടംകൊടുക്കുന്നതാണ്. ഡിപ്പോസിററുകൾക്കു പലിശനിരക്ക ചുവടെ ചേർക്കുന്നു.

| | |
|---|---|
| സ്ഥിരനിക്ഷേപം 6 മാസത്തെ കാലാവധിക്കു് | 3 ശ. മാ |
| " 12 മാസത്തേക്കു | 4½ " |
| 2 വർഷവും അതിൽകവിഞ്ഞും | 5 " |
| കറൻറു് നിക്ഷേപം | 2 " |
| സേവിംഗ്സ് ബാങ്ക് നിക്ഷേപം | 3½ " |

**ഓഹരികൾ വില്പാനുണ്ടു്.**

കൂടുതൽ വിവരങ്ങൾ ബാങ്കാഫീസിൽ നിന്നു ചോദിച്ചിട്ടു് അറിയാവുന്നതാണ്.

| ചെയർമാൻ | വൈസ്‌ചെയർമാൻ | മാനേജിംഗ് ഏജൻറു് |
|---|---|---|
| കെ. എൻ. നീലകണ്ഠക്കൈമൾ | കെ. പി. [illegible] | കെ. രാമകൃഷ്ണപിള്ള |
| (വക്കീൽ തിരുവല്ലാ) | [illegible] | ചങ്ങനാശേരി) |

Printed and Published by Mannathu Padmanabha Pillai
at the N. S. S. Press, Changanacherry.